# സത്യദൂതൻ

2022 ഒക്ടോബർ | ലക്കം 10


വില ₹ 30

## മുഹമ്മദ് നബി (സ): വർത്തമാന കാലത്തെ ആക്ഷേപങ്ങളും മറുപടിയും

## മുഹമ്മദ് നബി (സ): അതുല്യ ജീവിതം

## ഉക്രയ്ൻ –റഷ്യ സംഘർഷം വഴിത്തിരിവിൽ






**ഇസ്‌ലാമിലെ പ്രഖ്യാതനായ കറുത്ത മുത്ത്
ഹദ്റത്ത് ബിലാലി (റ) ന്റെ കഥ സൂക്ഷ്മമായ
ചരിത്ര പശ്ചാത്തലത്തിൽ ആത്മകഥന രൂപത്തിൽ
വിവരിക്കപ്പെടുന്ന ഉജ്ജ്വല കൃതി.**

സത്യദൂതന്റെ 18 ലക്കങ്ങളിൽ ഖണ്ഡശ: പ്രസിദ്ധീകരിച്ച ലേഖന സമാഹാരം.




The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ

2022 ഒക്ടോബർ
ഹി.ശ.1402- ഇഖാഅ്
1444 റ.ഉ.അവ്വൽ - റ.ഉ.ആഖിർ
പുസ്തകം 94 ലക്കം 10
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം
**ഖാത്തമുന്നബിയ്യീൻ**



**7**
പ്രഭാഷണം
**ഹദ്റത് അബൂബക്കർ സിദ്ധീഖ് (റ)ന്റെ സ്ഥാന മാഹാത്മ്യങ്ങൾ**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)
അമീറുൽ മുഅ്മിനീൻ ഖ്ലീഫത്തുൽ മസീഹ് ഹദ്റത് മിർസ മസ്റൂർ അഹ്മദ് (അയ്യദഹു) 2022 സെപ്തംബർ 23-ാം തീയതി യുകെ ഇസ്‌ലാമാബാദിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

**10**
**മനുഷ്യശരീരത്തിനകത്തെ വിവിധ സന്തുലനങ്ങൾ**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**15**
**മുഹമ്മദ് നബി (സ): വർത്തമാന കാലത്തെ ആക്ഷേപങ്ങളും മറുപടിയും**
എ.എം. മുഹമ്മദ് സലീം

**20**
**തിരകളടങ്ങാത്ത വൻകടൽ**
പ്രൊഫ. ബി. മഹ്മൂദ് അഹ്മദ്

**23**
**മുഹമ്മദ് നബി (സ): അതുല്യ ജീവിതം**
എ. ജി. സൂഫി

**30**
**സ്വർഗ്ഗത്തിന്റെ യാഥാർത്ഥ്യങ്ങൾ**
ഡോ. നാസിം റഹ്മത്തുല്ലാഹ്

**32**
ഭാഗം - 32
**ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി**
(ഖലീഫത്തുൽ മസീഹ് അവ്വൽ (റ))
ഇബ്നു വഫാ ബേപ്പൂർ

**38**
കുറിപ്പുകൾ
**ഉക്രയ്ൻ -റഷ്യ സംഘർഷം വഴിത്തിരിവിൽ**
മുസാഫിർ

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ: 99460 21252**

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ: 80755 86837**
Email-salimqld@gmail.com

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



സത്യമായും നിങ്ങളിൽ നിന്നു തന്നെയുള്ള ഒരു ദൂതൻ നിങ്ങളുടെ അടുക്കൽ വന്നിരിക്കുന്നു. നിങ്ങൾ വിഷമത്തിലാവുന്നത് അദ്ദേഹത്തിന് അസഹ്യമാണ്. നിങ്ങളുടെ ക്ഷേമകാര്യങ്ങളിൽ ഉൾക്കടമായ ആഗ്രഹമുള്ളയാളാണ് അദ്ദേഹം സത്യവിശ്വാസികളോട് കൃപയും കാരുണ്യവുമുള്ള ആളാണ്. (9:128)



## നബിവചനം

നിന്നെ സൃഷ്ടിക്കാനുദ്ദേശിച്ചിട്ടില്ലായിരുന്നുവെങ്കിൽ ഈ പ്രപഞ്ചത്തെ തന്നെ ഞാൻ സൃഷ്ക്കുമായിരുന്നില്ല. (ഖുസ്ദിയായ ഹദീസ്)

## വാഗ്ദത്ത മസീഹിന്റെ വചനം



വിശുദ്ധ ഖുർആൻ മുഖേന ലോകത്ത് നൽകപ്പെട്ടിട്ടുള്ള തത്വസമുചയം കർമ്മ രൂപേണ പ്രകാശിപ്പിക്കുന്നതിനും അതിന്റെ ആദ്ധ്യാത്മിക പ്രഭയെ പ്രതിബിംബിക്കപ്പെടുന്നതിനുമായിട്ട് സർവ്വ ശക്തനായ ദൈവം തിരുനബി(സ) ക്കും അനുചരന്മാർക്കും സന്ദർഭമുണ്ടാക്കിക്കൊടുത്തിട്ടുണ്ട്. ഈ ആവശ്യാർത്ഥം തന്നെയാണ് ദൈവം തിരുനബി (സ) കാലത്ത് തന്നെ ജീവിതകാലത്തെ രണ്ട് വ്യത്യസ്ത ഘട്ടങ്ങളായി വിഭജിക്കപ്പെട്ടിട്ടുള്ളത്. ഒന്ന് കഷ്ടതകളും ക്ലേശങ്ങളുടെയും കാലഘട്ടം. രണ്ടാമത്തെത് വിജയോത്സവങ്ങളുടെയും അധികാരാരോഹണത്തിന്റേയും കാലം. ഇപ്രകാരം രണ്ട് ഘട്ടങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നത് തിരുനബി (സ) യുടെ രണ്ട് തരത്തിലുള്ള മഹനീയ ഗുണങ്ങൾ പ്രകാശിപ്പിക്കുന്നതിനായിട്ടാണ്. അതായത് കഷ്ടാരിഷ്ടതകളുടെ അവസ്ഥയിൽ വെളിപ്പെടേണ്ടുന്ന സൽഗുണങ്ങൾ ആ ഘട്ടത്തിലും വിജയോത്സവങ്ങളുടെയും അധികാരത്തിന്റേയും ശക്തിയുടെയും കാലഘട്ടത്തിൽ വെളിപ്പെടേണ്ട മഹദ് ഗുണങ്ങൾ ആ അവസ്ഥയിലും പ്രത്യക്ഷപ്പെടേണ്ടതിന്നായിട്ടു തന്നെ. (ഇസ്‌ലാമീ ഉസൂൽ കി ഫിലോഫി)

എഡിറ്റോറിയൽ

# റസൂൽ തിരുമേനി (സ): മനുഷ്യ ഹൃദയങ്ങളെ ജയിച്ചടക്കിയ സ്നേഹദൂതൻ


ആത്മീയതയുടെ പാരമ്യം കണ്ട മുഹമ്മദ് നബി (സ) സ്നേഹ വികാരം കൊണ്ട് മനുഷ്യ ഹൃദയങ്ങളെ ജയിച്ചടക്കിയ പ്രവാചക വരേണ്യനാണ്. മനുഷ്യ കേന്ദ്രിതമായ ഈ പ്രപഞ്ചം സൃഷ്ടിക്കാൻ കാരണഭൂതരായ റസൂൽ തിരുമേനി(സ)യിൽ മാനുഷതയുടെ എല്ലാ സദ്ഗുണങ്ങളുടേയും സമ്പൂർണ്ണ മാതൃകയുണ്ട്. ഖുർആൻ പറയുന്നു: ***'നിശ്ചയമായും നീ മഹത്തായ ധാർമിക ഗുണങ്ങളുള്ളവൻ തന്നെയാണ്.' (68:5)***

റസൂൽ തിരുമേനി (സ) അധികാരവും ശക്തിയുമുപയോഗിച്ചായിരുന്നില്ല അനുചരന്മാരെ തന്റെ കരവലയത്തിൽ ചേർത്തുനിർത്തിയത്. സൂര്യസമാനം സുവ്യക്തമായിരുന്നു അവിടത്തെ യുക്തിസമ്പൂർണ്ണവുമായ ഉദീരണങ്ങൾ. കഠിനമായ വാക്കുകളോ അഹങ്കാരത്തിന്റെ ധ്വനിയോ അധികാരത്തിന്റെ നിഴലോ അവയിൽ ഉണ്ടായിരുന്നില്ല. തത്ത്വജ്ഞാന നിർഭരവും ആർദ്രപൂരിതമാവുമായിരുന്നു ആ പുണ്യവചനങ്ങൾ. ഭൂമി വസ്തുക്കളെ ആകർഷിക്കുന്നത് പോലെ അനുചരന്മാരുടെ ഹൃദയങ്ങൾ ആ ദിവ്യവ്യക്തിത്വത്തിൽ ബന്ധിതമായിരുന്നു. ആ അധരങ്ങളിൽ നിന്ന് ഉദീരണം ചെയ്യപ്പെടുന്ന വചസ്സുകൾക്ക് കാതോർത്ത് അവർ ആ പുണ്യവദനം നോക്കി പാർത്ത് ചുറ്റും നിന്നു. അഗ്നി പരീക്ഷകളുടെ കാലഘട്ടത്തിൽ പോലും ആ സവിധം വിട്ടു പോകാൻ സഹാബികൾ ഇഷ്ടപ്പെട്ടിരുന്നില്ല. തങ്ങളുടെ എല്ലാമെല്ലാമായ യജമാനന്ന് വേണ്ടി ജീവൻ ബലിദാനം ചെയ്യാൻ മത്സരബുദ്ധിയോടെ അവരവിടെ നിന്നു. അത്രമാത്രം ഗാഢമായിരുന്നു റസൂൽ തിരുമേനിയോടുള്ള അവരുടെ അനുരക്തി. ഖുർആൻ പറയുന്നു: ***'അല്ലാഹുവിന്റെ മഹത്തായ കാരുണ്യം കൊണ്ട് തന്നെയാണ് നീ അവരോട് സൗമ്യമായി വർത്തിക്കുന്നത്. നീ പരുഷസ്വഭാവിയും കഠിന ഹൃദയനുമായിരുന്നുവെങ്കിൽ അവർ നിന്റെ ചുറ്റും നിന്നും ചിതറിപ്പോകുമായിരുന്നു. അതിന്നാൽ നീ അവർക്ക് മാപ്പു നൽകുകയും അവർക്ക് പാപമോചനത്തിനായി നീ പ്രാർത്ഥിക്കുകയും പ്രധാന കാര്യങ്ങളിൽ അവരുമായി കൂടിയാലോചിക്കുകയും ചെയ്യുക.' (3:160) 'സത്യമായും നിങ്ങളിൽ നിന്നു തന്നെയുള്ള ഒരു ദൂതൻ നിങ്ങളുടെ അടുക്കൽ വന്നിരിക്കുന്നു. നിങ്ങൾ വിഷമത്തിലാവുന്നത് അദ്ദേഹത്തിന്ന് അസഹ്യമാണ്. നിങ്ങളുടെ ക്ഷേമകാര്യങ്ങളിൽ ഉൽക്കടമായ ആഗ്രഹമുള്ള ആളാണ് അദ്ദേഹം. സത്യവിശ്വാസികളോട് കൃപയും കരുണയുമുള്ള ആളുമാണ്.' (9:128)***

അളവറ്റ ആത്മീയ തേജസ്സിന്റെ ആലക്തിക ശക്തികൾ പ്രവഹിച്ച അവിടുത്തെ ദിവ്യകരസ്പർശത്താൽ, മൃഗപ്രായരായി ജീവിച്ച മനുഷ്യാത്മാക്കൾ വലിയ വലിയ ആത്മീയ നില പ്രാപിച്ച അത്ഭുത ദൃശ്യം നാം കാണുകയുണ്ടായി. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) പറയുന്നു:

***'ലക്ഷക്കണക്കിന്ന് മൃതന്മാർ ഏതാനു ദിവസങ്ങൾക്കൊണ്ട് ജീവനുള്ളവരായി മാറുകയും തലമുറതലമുറകളായി വഴിപിഴച്ചു പോയവർ ദിവ്യവർണ്ണങ്ങൾ സ്വീകരിച്ചവരായി രൂപാന്തരപ്പെടുകയും ചെയ്കയെന്ന അത്ഭുത പ്രതിഭാസം അറേബ്യൻ മരുഭൂമിയിൽ സംഭവിച്ചു. കുരുടൻ കാണാൻ തുടങ്ങുകയും ഊമകളുടെ നാവിൽ നിന്നും ദിവ്യജ്ഞാനം പ്രവഹിക്കുകയും ചെയ്തു.' (ബറക്കാത്തു ദുആ)***

ലോകജനതയിലെ ഓരോരുത്തരേയും മാലാഖമാരെപ്പോലെയാക്കി മാറ്റാൻ ആത്മീയ ശേഷിയുള്ള മുഹമ്മദ് നബി (സ)യുടെ അനർഘ സത്യം ലോകം അതിവേഗം തിരിച്ചറിയുമാറാകട്ടെ.



ഹദ്റത്ത് അഹ്മദ് (അ)

# ഖാത്തമുന്നബിയ്യീൻ

അവസാനത്തെ വേദഗ്രന്ഥവും ന്യായപ്രമാണവും (ശരീഅത്ത്) വിശുദ്ധ ഖുർആൻ ആണെന്നും അതിന് ശേഷം പുനരുന്ഥാന നാൾ വരെ പുതിയ ന്യായ പ്രമാണത്തോടും റസൂൽ തിരുമേനി(സ) യെ പൂർണ്ണമായും പിൻപറ്റുകയും അനുസരിക്കുകയും ചെയ്യാതെയും കണ്ട് തനിക്ക് വഹ്‌യ് ലഭിക്കുന്നുണ്ടെന്ന് വാദിക്കുന്ന ഒരു നബിയും വരില്ലെന്നുമുള്ളതാണ് നമ്മുടെ വിശ്വാസം. പുനരുത്ഥാന നാൾ വരെ ഈ വാതിൽ അടഞ്ഞു കിടക്കുന്നു. റസൂൽ തിരുമേനി(സ)യെ പിൻ പറ്റുന്നത് കൊണ്ട് ലഭിക്കുന്ന ദൈവിക ഭാഷണം എന്ന അനുഗ്രഹം കരസ്ഥമാക്കാനുള്ള വാതിലുകളാകട്ടെ പുനരുത്ഥാന നാൾ വരെ തുറന്നു കിടക്കുകയും ചെയ്യുന്നു. റസൂൽ തിരുമേനി (സ)യെ പിൻപറ്റുന്നത് കൊണ്ടുണ്ടാകുന്ന വഹ്‌യ് ഒരിക്കലും നിലക്കാൻ പോകുന്നില്ല. എന്നാൽ ശരീഅത്തോടുകൂടിയ സ്വതന്ത്രമായ നുബൂവ്വത്ത് നിലച്ചു പോയിരിക്കുന്നു.

ഇത് സംബന്ധമായി ഞാൻ അൽപ്പം വിശദീകരിക്കാം. അല്ലാഹു തിരുനബി (സ) യെ കുറിച്ച് ഖാതമുൽ അംമ്പിയാ എന്ന് പ്രസ്താവിച്ച സ്ഥലത്ത് തന്നെ അദ്ദേഹം തന്റെ ആത്മീയ രൂപത്തിൽ സാലിഹീങ്ങളുടെ പിതാവാണെന്നും റസൂൽ തിരുമേനി(സ)യെ പിൻപറ്റുന്നത് കൊണ്ട് വഹ്‌യ് ഇലാഹിയും ദൈവഭാഷണം അവർക്ക് ലഭ്യമാകുന്നുവെന്നും സൂചിപ്പിക്കുന്നു

അല്ലാഹു പറയുന്നു:

**'അതായത് റസൂൽ തിരുമേനി(സ) നിങ്ങളിലുള്ള പുരുഷന്മാരിൽ ആരുടെയും പിതാവല്ല, എന്നാൽ അദ്ദേഹം ഒരു ദൈവദൂതനും ഖാതമുൽഅംമ്പിയായും ആണ്.'**

ഇവിടെ പ്രയുക്തമായ **'ലാകിൻ'** എന്ന പദം സംശയനിവൃത്തി (ഇസ്തിദ്റാക്) ക്കായി വന്നിട്ടുള്ളതാണ്. കഴിഞ്ഞ കാര്യത്തെ കുറിച്ചുള്ള സംശയം അതിന്നടുത്ത് പറയാൻ പോകുന്ന കാര്യം നിവർത്തിക്കുന്നു. അതായത് പ്രസ്തുത ആയത്തിന്റെ ആദ്യ ഭാഗത്ത് റസൂൽ തിരുമേനി(സ) ശാരീരികമായ രീതിയിൽ ഒരു പുരുഷന്റെയും പിതാവല്ല തന്നെ എന്ന് സമർത്ഥിച്ചതിന് ശേഷം ലാകിൻ എന്നപദം ഉപയോഗിച്ചുകൊണ്ട് ഇവിടെയുണ്ടാകുന്ന ഒരു സംശയം നിവർത്തിക്കപ്പെടുന്നു. ഖാതമുന്നബിയ്യീൻ ആയത് കൊണ്ട് അദ്ദേഹത്തിന് ശേഷം അല്ലാഹുവിൽ നിന്ന് നേരിട്ട് ലഭിക്കുന്ന നുബൂവ്വത്ത് നിർത്തലാക്കപ്പെട്ടിരിക്കുന്നു എന്നാണ് ഇതിന്നർത്ഥം. ഇനിമേൽ റസൂൽ തിരുമേനി(സ)യുടെ അനുകരണമുദ്ര ലഭിച്ചവർക്ക് മാത്രമേ നബിത്വ പദവി ലഭിക്കുകയുള്ളൂ. ചുരുക്കത്തിൽ പ്രസ്തുത ആയത്ത് ഒരു ഭാഗത്ത് നബിയുടെ പിതൃത്വത്തെ നിഷേധിക്കുന്നുവെങ്കിൽ മറുഭാഗത്ത് അദ്ദേഹത്തിന്റെ പിതൃത്വത്തെ സ്ഥാപിക്കുന്നു. അങ്ങനെ **'ഇന്ന ശാനിഅക ഹുവൽ അബ്തർ'**(108) നിന്റെ ശത്രുക്കളാണ് സന്താന രഹിതർ എന്ന ആയത്ത് മൂലമുണ്ടാകുന്ന ആക്ഷേപം ദുരീകരിക്കപ്പെടുന്നു.

ചുരുക്കത്തിൽ ശരീഅത്തില്ലാത്ത നുബൂവ്വത്തെങ്കിൽ കൂടി നേരിട്ടു സ്വതന്ത്രമായ നുബൂവ്വത്ത് കരസ്ഥമാക്കുന്നത് നിറുത്തലാക്കപ്പെട്ടിരിക്കുകയാണ്. എന്നാൽ മുഹമ്മദീ നുബൂവ്വത്താകുന്ന ദീപത്തിൽ നിന്നും പ്രകാശമുൾക്കൊണ്ടുള്ള നുബൂവ്വത്ത് വിലക്കപ്പെട്ടിട്ടില്ല. എന്ന് വെച്ചാൽ ഒരു ഭാഗത്ത് അദ്ദേഹം ഉമ്മത്തീ നബി ആയിരിക്കയും മറുഭാഗത്ത് മുഹമ്മദീ നുബൂവ്വത്തിന്റെ പ്രകാശ കിരണങ്ങളിൽനിന്നും വെളിച്ചം ലഭിച്ചതിന്റെ ഫലമായി നുബൂവ്വത്തിന്റെ പൂർണ്ണ രൂപം സ്വായത്തമാക്കിയിരിക്കുകയും ചെയ്യേണ്ടതാണ്. ഈ രീതിയിലുള്ള നുബ്ബൂവ്വത്ത് പദവി ആർക്കും തന്നെ ലഭ്യമാകുന്നതല്ലെങ്കിൽ പിന്നെ രണ്ട് വിധത്തിലും റസൂൽ തിരുമേനി(സ) നഊദു ബില്ലാഹ് സന്താന രഹിതൻ (അബ്തർ) ആയിത്തീരുന്നതായിരിക്കും. അദ്ദേഹത്തിന് ശാരീരികമായി ഇല്ലാത്തതുപോലെ ആത്മീയമായും ഒരു സന്തതിയും ഇല്ലെന്ന് പറയേണ്ടതായി വരും അപ്പോൾ നബി കരീം അബ്തർ ആണ് (സന്താനരഹിതൻ) ആണെന്ന ശത്രുക്കളുടെ വാദം ശരിയാണെന്നും വരും

*(റിവ്യൂ ബർ മുബാഹസ 8,9)*

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത് മിർസ മസ്റൂർ അഹ്മദ് (അയ്യദഹു) 2022 സെപ്തംബർ 23-ാം തീയതി യുകെ ഇസ്ലാമാബാദിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

# ഹദ്റത് അബൂബക്കർ സിദ്ധീഖ് (റ)ന്റെ സ്ഥാന മാഹാത്മ്യങ്ങൾ




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

ഹദ്റത് ആയിശ(റ), വലിയ പരിക്കുകൾ സംഭവിച്ചതിനുശേഷം അല്ലാഹുവിനും റസൂലിനും ലബ്ബൈക്ക് പറഞ്ഞവരിൽ നൻമ പ്രവർത്തിക്കുകയും തഖ്‌വ സ്വായത്തമാക്കുകയും ചെയ്തവർക്ക് വലിയ പ്രതിഫലമുണ്ട് എന്ന ആയത്തിനെ സംബന്ധിച്ച് തന്റെ സഹോദരീ പുത്രൻ ഉർവയോട് പറഞ്ഞു: ഹദ്റത് സുബൈറും ഹദ്റത് അബൂബക്കറും ഇവരിൽപെട്ടവരായിരുന്നു. ഉഹ്ദ് ദിവസം നബി തിരുമേനി(സ)ക്ക് ബുദ്ധിമുട്ടുകൾ ഏൽക്കേണ്ടിവന്നു. മുശ്രിക്കുകൾ പോയിക്കഴിഞ്ഞപ്പോൾ അവർ തിരിച്ച് വരുമോ എന്ന ആശങ്കയിൽ നബി(സ) പറഞ്ഞു: ആരാണ് അവരെ പിന്തുടരുക. അപ്പോൾ അതിനുവേണ്ടി തങ്ങളെ സമർപ്പിച്ച എഴുപത് ആളുകളിൽ ഹദ്റത് അബൂബക്കറും ഹദ്റത് സുബൈറും ഉണ്ടായിരുന്നു.

അബൂസുഫിയാൻ ഉഹദ് യുദ്ധം അവസാനിച്ചപ്പോൾ അടുത്ത വർഷം ബദറിൽ യുദ്ധമുണ്ടാകു മെന്ന് വാഗ്ദാനം ചെയ്തുകൊണ്ട് വേഗം തന്നെ തന്റെ സൈന്യവു മായി മക്കയിലേക്ക് തിരിച്ചു. ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബ് വിവരിക്കുന്നു:

നബി തിരുമേനി(സ) കൂടുതൽ കരുതൽ എന്ന നിലക്ക് ഉടൻ തന്നെ എഴുപത് സ്വഹാബാക്കളുടെ സംഘത്തെ ഖുറൈശികളുടെ പിന്നാലെ പറഞ്ഞുവിട്ടു. അതിൽ ഹദ്റത് അബൂബക്കറും സുബൈറും ഉണ്ടായിരുന്നു. നബി(സ) ഹദ്റത് സഅ്ദ് ബ്നു വഖാസിനെ ഖുറൈശികൾക്ക് പിന്നിൽ വിവരങ്ങൾ അറിയാനായി അയക്കുകയുണ്ടായി. നബി(സ) പറഞ്ഞു: ഖുറൈശികൾ ഒട്ടകത്തിൽ യാത്ര ചെയ്യുകയും കുതിരകളുടെ പുറത്ത് ആരും ഇല്ലാതിരിക്കുകയുമാണെങ്കിൽ അവർ മക്കയിലേക്ക് പോകുകയാണെന്നും മദീനയെ ആക്രമിക്കാൻ ആഗ്രഹിക്കുന്നില്ല എന്നും മനസിലാക്കുക. എന്നാൽ അവർ കുതിരപ്പുറത്ത് സഞ്ചരിക്കുകയാണെകിൽ അവരുടെ ഉദ്ദേശം നല്ലതല്ലെന്നും മനസ്സിലാക്കിക്കൊള്ളുക. നബി(സ) അവരോട് പറഞ്ഞു: അവരുടെ ഉദ്ദേശം മദീനയെ ആക്രമിക്കുക എന്നതാണെങ്കിൽ അതിനെക്കുറിച്ച് എനിക്ക് അറിവു നൽകുക. അവർ

മദീനയെ ആക്രമിക്കുകയാണെങ്കിൽ അല്ലാഹുവാണെ, നമ്മൾ അതിന്റെ രുചി അനുഭവിപ്പിക്കുന്നതാണ്. ഖുറൈശികളുടെ സൈന്യം മക്കയിലേക്ക് തിരിച്ച്പോകുകയാണെന്ന് നബി(സ)ക്ക് അറിയിപ്പു ലഭിച്ചു.

ഹുദൈബിയ സന്ധിയുടെ അവസരത്തിൽ അബൂജന്ദലിനെ നബി(സ) നിബന്ധനകൾക്ക് വിധേയമായി തിരിച്ചയച്ചപ്പോൾ സ്വഹാബാക്കൾ വളരെ ആവേശത്തിലായിരുന്നു. ഇതിനെ പരാമർശിച്ച്കൊണ്ട് ഹദ്റത് മുസ്‌ലിഹ് മൗഊദ് പറയുന്നു: ഒരിക്കൽ നബി തിരുമേനി(സ) സ്വഹാബാക്കളെ സംബോധന ചെയ്തു കൊണ്ട് പറഞ്ഞു: ഞാൻ നിങ്ങൾക്ക് ഒരുപാട് കൽപനകൾ നൽകി. പക്ഷെ നിങ്ങളിൽ ഏറ്റവും ആത്മാർഥത ഉള്ളവരുടെ ഉള്ളിൽ പോലും ചില സമയത്ത് ഞാൻ പ്രതിഷേധത്തിന്റെ ആത്മാവ് കാണുകയുണ്ടായി. പക്ഷെ, അബൂബക്കറിൽ ഞാൻ ഈ ഒരവസ്ഥ കണ്ടിട്ടില്ല. ഹുദൈബിയ സന്ധിയുടെ അവസരത്തിൽ ഹദ്റത് ഉമർ(റ)നെ പോലുള്ള ആളുകൾപോലും പരിഭ്രമിക്കുകയുണ്ടായി. അദ്ദേഹം ഈ പരിഭ്രമാവസ്ഥയിൽ ഹദ്റത് അബൂബക്കർ(റ)ന്റെ സവിധത്തിലെത്തി ചോദിച്ചു: നമ്മൾ ഉംറ ചെയ്യുമെന്ന് അല്ലാഹുവിന്റെ വാഗ്ദാനമുള്ളതല്ലേ.? അദ്ദേഹം പറഞ്ഞു: അതെ, അല്ലാഹുവിന്റെ വാഗ്ദാനമുണ്ടായിരുന്നു. ഹദ്റത് ഉമർ ചോദിച്ചു: അല്ലാഹു നമ്മെ സഹായിക്കുകയും പിന്തുണക്കുകയും ചെയ്യുമെന്ന് വാഗ്ദാനം ചെയ്തിട്ടില്ലേ? ഹദ്റത് അബൂബക്കർ പറഞ്ഞു: അതെ. ഉമർ ചോദിച്ചു: എന്നിട്ട് നമ്മൾ ഉംറ ചെയ്തോ? ഹദ്റത് അബൂബക്കർ പറഞ്ഞു: ഉമർ, അല്ലാഹു നമ്മൾ ഈ വർഷം ഉംറ ചെയ്യുമെന്ന് പറഞ്ഞിട്ടില്ലല്ലോ. അപ്പോൾ അദ്ദേഹം ചോദിച്ചു: നമ്മൾക്കെന്തെങ്കിലും വിജയവും പിന്തുണയും കിട്ടിയിട്ടുണ്ടോ. ഹദ്റത് അബൂബക്കർ പറഞ്ഞു: വിജയത്തിന്റേയും പിന്തുണയുടെയും അർഥം അല്ലാഹുവിനും അവന്റെ റസൂലിനും നമ്മളെക്കാൾ നന്നായി അറിയാം. പക്ഷെ ഹദ്റത് ഉമറിന് ഈ മറുപടി കൊണ്ട് തൃപ്തി വന്നില്ല. അദ്ദേഹം അതേ പരിഭ്രമാവസ്ഥയിൽ നബി(സ)യുടെ സവിധത്തിലെത്തി; ചോദിച്ചു: യാ റസൂലല്ലാഹ് നമ്മൾ ത്വവാഫ് ചെയ്തുകൊണ്ട് മക്കയിൽ പ്രവേശിക്കുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തതല്ലേ? നബി(സ) പറഞ്ഞു: അതെ. അദ്ദേഹം ചോദിച്ചു: നമ്മൾ അല്ലാഹുവിന്റെ സംഘമല്ലേ? അല്ലാഹുവിന്റെ വിജയത്തിന്റേയും പിൻതുണയുടെയും വാഗ്ദാനം നമുക്കുള്ളതല്ലേ? നബി(സ) പറഞ്ഞു: അതെ. ഉമർ ചോദിച്ചു: യാ റസൂലല്ലാഹ് നമുക്ക് ഉംറ ചെയ്യാൻ കഴിഞ്ഞോ? നബി(സ) പറഞ്ഞു: നമ്മൾ ഈ വർഷം തന്നെ ഉംറ ചെയ്യുമെന്ന് അല്ലാഹു എപ്പോഴാണ് പറഞ്ഞത്. ഈ വർഷം തന്നെ ഉംറ ഉണ്ടാകുമെന്നത് എന്റെ ധാരണയായിരുന്നു. അല്ലാഹു സമയം നിജപ്പെടുത്തിയിട്ടുണ്ടായിരുന്നില്ല. അദ്ദേഹം ചോദിച്ചു: വിജയത്തിന്റേയും പിന്തുണയുടെയും വാഗ്ദാനംകൊണ്ട് എന്താണുദ്ദേശിക്കുന്നത്. നബി(സ) പറഞ്ഞു: ദൈവീക സഹായം തീർച്ചയായും വരുന്നതാണ്. അവന്റെ വാഗ്ദാനം തീർച്ചയായും പുലരുകയും ചെയ്യും. അതായത് ഹദ്റത് അബൂബക്കർ(റ) നൽകിയ അതേ മറുപടി തന്നെ യാണ് നബി(സ) നൽകിയത്.

ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: നബി(സ) അന്യമതസ്ഥരുടെ വികാരങ്ങളെ വളരെയേറെ ശ്രദ്ധിച്ചിട്ടുണ്ടായിരുന്നു. ഒരിക്കൽ ഹദ്റത് അബൂബക്കറിന്റെ മുന്നിൽ ഏതോ യഹൂദി വന്ന് മൂസ്സയെ എല്ലാ നബിമാർക്ക്മേലും ശ്രേഷ്ടനാക്കിയിരിക്കുന്ന അല്ലാഹുവിനെ സത്യം ചെയ്ത്കൊണ്ട് ഞാൻ പറയുന്നു എന്ന് പറഞ്ഞപ്പോൾ ഹദ്റത് അബൂബക്കർ അയാളെ അടിക്കുകയുണ്ടായി. ഈ സംഭവത്തെ കുറിച്ച് നബി(സ) അറിഞ്ഞപ്പോൾ നബി(സ) ഹദ്റത് അബൂബക്കറിനെ ശകാരികുകയുണ്ടായി. എന്നിട്ട് ചോദിച്ചു: നിങ്ങൾ എന്തിനാണ് അങ്ങനെ ചെയ്തത്. അയാൾക്ക് അയാളുടെ വിശ്വാസത്തിൽ നിൽക്കാനും അതനുസരിച്ച് പറയാനും അവകാശമുണ്ട്.

തിരുനബി(സ)നോടുള്ള ഹദ്റത് അബൂബക്കർ(റ)ന്റെ അനുരക്തിയെ പരാമർശിച്ചുകൊണ്ട് ഹദ്റത് മുസ്‌ലിഹ് മൗഊദ് വിവരിക്കുന്നു: നബി(സ) മദീനയിലേക്ക് മക്കയിൽ നിന്ന് പുറപ്പെട്ടപ്പോഴും നബി(സ)ന്റെ വഫാത്തിന്റെ വേളയിലും അദ്ദേഹത്തിന്റെ ബന്ധം അനുരാഗ പൂർണമായിരുന്നു. തിരുനബി(സ)ന് സൂറഃ നസ്ർ ഇറങ്ങിയപ്പോൾ അതിൽ റസൂൽ തിരുമേനി(സ)ന്റെ വഫാത്തിനെ കുറിച്ചുള്ള വാർത്തയും ഗുപ്തമായിരുന്നു. നബിതിരുമേനി(സ) ആ സന്ദർഭത്തിൽ സ്വഹാബത്തിനെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞു: അല്ലാഹു തന്റെ ദാസനോട് തന്നോടുള്ള സ്നേഹമോ ഭൗതീക പുരോഗതിയോ ഏതെങ്കിലുമൊന്ന് തെരഞ്ഞെടുക്കാനുള്ള അനുമതി നൽകി. ഞാൻ അല്ലാഹുവിനോടുള്ള സ്നേഹത്തെയാണ് മുന്തിച്ചത്. ഇത് കേട്ട് എല്ലാ സ്വഹാബാക്കളും സന്തോഷിക്കുകയായിരുന്നപ്പോൾ ഹദ്റത് അബൂബക്കർ(റ) പൊട്ടിക്കരയുകയായിരുന്നു. അദ്ദേഹം അനിയന്ത്രിതമായി കരയുന്നുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു: യാ റസൂലല്ലാഹ് ഞങ്ങളുടെ മാതാപിതാക്കളും ഭാര്യമക്കളും എല്ലാം അങ്ങേക്ക് തെണ്ടമായിരിക്കട്ടെ. അങ്ങേക്ക്വേണ്ടി ഞങ്ങളെല്ലാം ത്യജിക്കാൻ തയ്യാറാണ്. അതായത് ഏതെങ്കിലും അടുത്ത ബന്ധു രോഗാതുരനാകുമ്പോൾ ആടിനെ ബലിയറുക്കുന്നത് പോലെ ഹദ്റത് അബൂബക്കർ തന്നെയും തന്റെ അടുത്ത ബന്ധുമിത്രാദികളെയും തിരുനബി(സ)ക്കുവേണ്ടി ത്യജിക്കാൻ തയ്യാറായി. ഹദ്റത് ഉമറിനെ പോലെയുള്ള ഉന്നത സ്വഹാബി പോലും അദ്ദേഹത്തിന്റെ ഈ അവസ്ഥ കണ്ടപ്പോൾ

അത്ഭുതപ്പെട്ടുപോയി. നബി(സ) പറഞ്ഞു: അബൂബക്കർ എനിക്ക് എത്രത്തോളം പ്രിയപ്പെട്ടവനാണെന്നാൽ അല്ലാഹുവിന് പുറമെ മറ്റാരെയെങ്കിലും സുഹൃത്ത് ആക്കാൻ പറ്റുമായിരുന്നുവെങ്കിൽ ഞാൻ അദ്ദേഹത്തെ സുഹൃത്ത് ആക്കുമായിരുന്നു. എന്നിട്ട് പറഞ്ഞു: അദ്ദേഹം ഇപ്പോഴും എന്റെ സുഹൃത്താകുന്നു. തുടർന്ന് പറഞ്ഞു: മസ്ജിദിലേക്ക് തുറന്ന് വെച്ചിട്ടുള്ള വീടുകളുടെ ജനലുകളിൽ അബൂബക്കറിന്റേത് ഒഴികെ മറ്റെല്ലാ ജനലുകളും അടക്കണമെന്ന് ഞാൻ കൽപിക്കുന്നു. അങ്ങനെ നബി(സ) അദ്ദേഹത്തിന്റെ സ്നേഹത്തെ ശ്ലാഘിക്കുകയുണ്ടായി; കാരണം അത് സമ്പൂർണമായ അനുരക്തിയായിരുന്നു. അതാണ് വിജയ സുവർത്തകൾക്ക് പിന്നിൽ തിരുനബിയുടെ മരണത്തെക്കുറിച്ച് അറിയിപ്പുണ്ടെന്ന് ഹദ്റത് അബൂബക്കറിന് മനസ്സിലാക്കിക്കൊടുത്തത്. അദ്ദേഹം തന്റെയും തന്റെ ബന്ധുക്കളുടെയും ജീവൻ തെണ്ടമായി സമർപ്പിച്ചതും (ആ അനു രക്തിയാലാണ്).

ഹദ്റത് മുസ്ലിഹ് മൗഊദ് ഒരിടത്ത് പറയുന്നു: ഹദീസുകളിൽ പറയുന്നു: ഒരിക്കൽ ഹദ്റത് ഉമറും ഹദ്റത് അബൂബക്കറും തമ്മിൽ ഏതോ കാര്യത്തിൽ തർക്കമുണ്ടായി. തർക്കം അനാവശ്യമായി വലുതായി പോകുന്നതാണെന്നു മനസ്സിലാക്കിയ ഹദ്റത് അബൂബക്കർ അവിടെനിന്ന് പോകുന്നത് ഉചിതമാണെന്ന് കരുതി. പോകാനൊരുങ്ങിയപ്പോൾ ഹദ്റത് ഉമർ കുപ്പായം പിടിച്ചിട്ട് പറഞ്ഞു: എന്റെ കാര്യത്തിന് മറുപടി തന്നിട്ട് പോകുക. കുതറിമാറിയപ്പോൾ അദ്ദേഹത്തിന്റെ കുപ്പായം കീറുകയുണ്ടായി. ഹദ്റത് ഉമർ റസൂൽ തിരുമേനി(സ)ന്റെ സവിധത്തിൽ എത്തി തന്റെ പിഴവ് സമ്മതിച്ചപ്പോൾ നബി(സ) പറഞ്ഞു: ലോകം മുഴുവൻ എന്നെ എതിർക്കുകയായിരുന്നപ്പോൾ ഹദ്റത് അബൂബക്കർ മാത്രമാണ് എന്നിൽ വിശ്വസിച്ചത്. എല്ലാ നിലക്കും എന്നെ സഹായിക്കുകയും ചെയ്തു. നബി(സ) വിഷമത്തോട്കൂടി പറയുമ്പോൾ കയറി വന്ന ഹദ്റത് അബൂബക്കർ തന്റെ തെറ്റ് സമ്മതിക്കുകയായിരുന്നു. ഇതാണ് സത്യസന്ധനായ പ്രേമിയുടെ മാതൃക. നബി(സ) വേദനിക്കുന്നത് അദ്ദേഹത്തിന് സഹിച്ചില്ല.

നബി(സ)ന്റെ വഫാത്തിനു ശേഷം ചില അറേബിയൻ ഗോത്രങ്ങൾ സക്കാത്ത് കൊടുക്കുന്നതല്ല എന്ന് പ്രഖ്യാപിച്ചപ്പോൾ ഹദ്റത് അബൂബക്കർ(റ) അവർക്കെതിരിൽ യുദ്ധം ചെയ്യാൻ തയ്യാറായി. എന്നാൽ ഹദ്റത് ഉമർ അവരോട് അനുഭാവപൂർവം പെരുമാറണമെന്ന് അഭി പ്രായപ്പെടുകയുണ്ടായി. പക്ഷെ ഹദ്റത് അബൂബ ക്കർ(റ) ഇങ്ങനെ മറുപടി പറഞ്ഞു: തിരുനബി(സ) നൽകിയ ഒരു കൽപനയെ ദുർബലപ്പെടുത്താൻ അബൂ കഹാഫയുടെ മകന് എന്ത് അധികാരമാണുള്ളത്. അല്ലാഹുവാണെ സത്യം, ഇവർ റസൂൽ തിരുമേനി(സ)ന്റെ കാലത്ത് ഒട്ടകത്തെ കെട്ടുന്ന ഒരു കയറിന് സക്കാത്ത് കൊടുത്തിരുന്നുവെങ്കിൽ ഞാൻ തീർച്ചയായും അവരിൽനിന്ന് ആ കയറും വാങ്ങുന്നതാണ്. അവർ സക്കാത്ത് കൊടുക്കുന്നത്വരെ ഞാൻ വിശ്രമിക്കുന്നതല്ല. ഇത് എത്രമാത്രം നബി(സ)നെ പിൻപറ്റുന്ന അവസ്ഥയാണെന്ന് നോക്കുക. വളരെ ഭയാനകമായ സാഹചര്യമായിരുന്നിട്ട്കൂടി, ഉന്നതരായ സ്വഹാബാക്കൾ യുദ്ധം ചെയ്യുന്നതിനെതിരെ അഭിപ്രായം നൽകുമ്പോഴും നബി(സ)യുടെ കൽപന പൂർത്തിയാക്കുന്നതിനുവേണ്ടി തയ്യാറാകുന്നു. അതുപോലെ തന്നെ ഉസാമയുടെ സൈന്യത്തെ തടുക്കുന്നത് സംബന്ധിച്ച് സ്വഹാബാക്കൾ ഒരുപാട് സമ്മർദം ചെലുത്തിയെങ്കിലും ഹദ്റത് അബൂബക്കർ പറഞ്ഞു: ശത്രുക്കൾ വളരെ ശക്തരാകുകയും അവർ മദീനയെ കീഴടക്കുകയും മുസ്ലിം സ്ത്രീകളുടെ മൃതശരീരങ്ങൾ നായ്ക്കൾ വലിച്ചിഴക്കുന്ന അവസ്ഥ ഉണ്ടാകുകയാണെങ്കിൽ പോലും നബി(സ) അയക്കാൻ തീരുമാനിച്ച സൈന്യത്തെ എനിക്ക് ഒരിക്കലും തന്നെ തടഞ്ഞുവെക്കാൻ സാധ്യമല്ല.

ഇറാഖിൽ ഉണ്ടായ വിജയങ്ങളിൽ ഒരു (വിലപിടിപ്പുള്ള) പുതപ്പ് ഹദ്റത് ഖാലിദ് സൈന്യത്തിൽ ഉണ്ടായിരുന്നവരുടെ അഭിപ്രായ പ്രകാരം ഹദ്റത് അബൂബക്കർ സിദ്ധീഖിന് ഉപഹാരമായി കൊടുത്തയച്ച്കൊണ്ട് എഴുതി, ഇത് താങ്കൾ എടുത്താലും താങ്കൾക്ക്വേണ്ടി കൊടുത്തയക്കുകയാണ്. എന്നാൽ ഹദ്റത് അബൂബക്കർ അത് സ്വീകരിക്കാൻ വിസമ്മതിച്ചു. മാത്രമല്ല തന്റെ കുടുംബക്കാർക്കും അത് കൊടുത്തില്ല. മറിച്ച് ഹദ്റത് ഇമാം ഹുസൈന് അത് നൽകുകയുണ്ടായി. ബാക്കി ഇൻശാഅല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ തിരുമനസ്സ് റബ്വയിലെ തഹ്രീകെ ജദീദിന്റെ വകീലുസ്സറാഅത്ത് (കൃഷികാര്യ ഓഫീസർ) ആയിരുന്ന സമീഉല്ലാഹ് സിയാൽ സാഹിബിനേയും വഖ്ഫെ ജ്ദീദ് മുഅല്ലിമായിരുന്ന മർഹൂം അലി അഹ്മദ് സാഹിബിന്റെ ഭാര്യ സിദ്ദീഖ ബീഗം സാഹിബയേയും അനുസ്മരിക്കുകയും ജനാസാ ഗാഇബ് നമസ്കരിക്കുന്നതാണെന്നു വിളംബരപ്പെടുത്തുകയും ചെയ്തു.



# മനുഷ്യശരീരത്തിനകത്തെ വിവിധ സന്തുലനങ്ങൾ

*അദ്ൽ* (കേവലനീതി) *ഇഹ്സാൻ* (ഒരാൾക്ക് അർഹിക്കുന്നതിനേക്കാൾ നൽകൽ) *ഈതാഇദിൽ ഖുർബാ* (ബന്ധുക്കളോടെന്നപോലെ മറ്റുള്ളവരോട് അത്യധികമായ അനുകമ്പയോടെയുള്ള പെരുമാറ്റം) എന്നീ തത്വങ്ങൾ പ്രകൃതിയിൽ എല്ലായിടത്തും അന്തർലീനമായത് പോലെ മനുഷ്യ ശരീരത്തിലും ശരിതെറ്റുകളുടെ ആന്തരനിർമ്മിത മാനകമായി പ്രവർത്തിക്കുന്നു. അത്ഭുതകരമായ ദൈവത്തിന്റെ സൃഷ്ടിവൈഭവം വിളിച്ചോതുന്ന ഈ ശരീര സംന്തുലന വ്യവസ്ഥയെക്കുറിച്ച് വിവരിക്കുന്നു.

**ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)**

(ഖലീഫത്തുൽ മസീഹ് നാലാമൻ)

ദൈവം മനുഷ്യന്റെ ശരീര ഘടനക്ക് രോഗവും ആരോഗ്യവും അതുപോലെ നിർമ്മാണാത്മക പ്രക്രിയയും സംഹാരാത്മക പ്രക്രിയയും തിരിച്ചറിയാനുള്ള ആന്തരികമായ കഴിവ് നൽകി അനുഗ്രഹിച്ചിരിക്കുന്നു. ഈ വിവേചനാത്മകമായ സംവിധാനം മനുഷ്യന്റെ ബോധജ്ഞാനം അറിയാതെയാണ് പ്രവർത്തിക്കുന്നത്. അത് തുടർന്നുകൊണ്ടിരിക്കുന്നതും സ്വയം പ്രവർത്തിക്കുന്നതുമായ ഒരു പ്രതിഭാസമാണ്. വാസ്തവത്തിൽ ഇത് മനുഷ്യന്ന് മാത്രമല്ല എല്ലാ ജീവിരൂപങ്ങളിലും പ്രവർത്തിക്കുന്ന പ്രതിഭാസമാണ്. താഴ്ന്നതും ഉയർന്നതുമായ എല്ലാ ഓരോ ജീവിവർഗ്ഗങ്ങളിലും ഏതാണ് ശരി ഏതാണ് തെറ്റ് എന്ന് അതിനെ അറിയിക്കുന്ന ഒരു ആന്തരിക സംവിധാനമുണ്ട്. ഓരോ ജീവികളുടേയും കൊച്ചുലോകത്ത് അതിന്റെ തനത് രൂപത്തിൽ ആന്തരികമായി സജ്ജീകരിക്കപ്പെട്ട ഒരു സംവിധാനമായി അത് നിലനിൽക്കുന്നു. അമീബിയക്ക് പോലും ആരോഗ്യത്തിന്റേയും രോഗത്തിന്റേയും വിധിവിലക്കുകളുടെ പരിധികളുണ്ട്. അമീബ എന്ത് ആർജിക്കാൻ പരിശ്രമിക്കണം എന്ത് വർജ്ജിക്കുവാനും ഒഴിവാക്കാനും ശ്രമിക്കണം എന്നതാണ് അമീബക്ക് നിർണ്ണയിക്കപ്പെട്ട പരിധി. എന്നാൽ മനുഷ്യനിൽ ഇത് വളരെ വികസിതവും വളരെ സങ്കീർണ്ണവുമായ ഒരു പ്രതിഭാസമാണ്. ഒറ്റനോട്ടത്തിൽപ്പോലും അത് ഒരു അത്ഭുത പ്രതിഭാസമാണെന്ന് കാണാം.

നിരാകരണത്തിന്റേയും സ്വീകരണത്തിന്റേയും പ്രക്രിയ മനുഷ്യാസ്തിത്വത്തിന്റെ ഏത് വിതാനത്തിലും വളരെ തികവോടെ പാലിക്കപ്പെടുന്നതായി കാണപ്പെടുന്നു. ഇവിടെ ചർച്ച ചെയ്യുന്ന വിഷയം താഴെ പറയുന്ന ലളിതമായ ഉദാഹരണത്തിലൂടെ തെളിയിക്കാനാവും. മനുഷ്യനിലെ വിശപ്പ് അവനിൽ ഊർജ്ജത്തിന്റെ ആവശ്യങ്ങളെ സംബന്ധിച്ച ഒരു അവബോധം സൃഷ്ടിക്കുന്നു. ഏതെങ്കിലും രൂപത്തിലുള്ള കുറച്ച് ഊർജ്ജത്തിന്റെ ആവശ്യം സംജാതമായാൽ കാഴ്ച്ചക്കും ഘ്രാണത്തിന്നും സ്പർശനത്തിന്നും രുചിക്കും ചില അവസരങ്ങളിൽ ശ്രവണത്തിന്നും വേണ്ടിയുള്ള ഇന്ദ്രിയങ്ങൾ ഉടൻ തന്നെ സജീവമാകുന്നു. ഈ ഊർജ്ജാവശ്യത്തെ മുൻനിർത്തി മനുഷ്യന്ന് ഏതാണ് നല്ലത് ഏതാണ് ചീത്ത എന്ന് തീരുമാനിക്കാനാണ് ഈ സംവേദനേന്ദ്രിയങ്ങൾ സജീവമാകുന്നത്. മനുഷ്യൻ ഒരു കവിൾ ഭക്ഷണം ചവക്കുമ്പോൾ രുചിമുകുളങ്ങൾ (Taste Buds), താപമുകുളങ്ങൾ (Heat Buds), സ്പർശന സംബന്ധിയായ സംവേദനാവയവങ്ങൾ, പല്ല്, ഉമിനീർ ഗ്രന്ഥികൾ, താടിയെല്ലുകൾ, താടിയുടെ പേശികൾ, എല്ലാം തന്നെ തികച്ചും സന്തുലിതമായ പങ്കാളിത്തത്തോടെ പ്രവർത്തന നിരതമാവുന്നു. അവസാനം എന്തെങ്കിലും ഭക്ഷണം ആഹരിച്ചു കഴിഞ്ഞാൽ അത് സ്വീകരിക്കുന്ന പ്രക്രിയ സൂക്ഷ്മ തലത്തിൽ ആരംഭിക്കുന്നു. ഭക്ഷണത്തെ വിഘടിപ്പിക്കുകയും ഘടകവസ്തുക്കളാക്കി അതിനെ മാറ്റുകയും ശരീരത്തിന്നാവശ്യമില്ലാത്ത വസ്തുക്കളെ ഒഴിവാക്കി അത് ശുദ്ധീകരിക്കുകയും ചെയ്യുന്നു. മനുഷ്യനെ ബാക്ടീരിയയിൽ നിന്നും വൈറസു

കളിൽ നിന്നുമുള്ള ആക്രമണങ്ങളിൽ നിന്നും രക്ഷപ്പെടുത്തുന്ന എല്ലാ ഉപാധികളും സ്വീകരിക്കുന്നു. ഈ ഘട്ടങ്ങളെല്ലാം പിന്നിട്ട ശേഷം ഭാഗികമായി ദഹിച്ച ഭക്ഷണം രാസഘടകങ്ങളായി മാറുന്നു. ഇങ്ങനെ രാസഘടകങ്ങളാക്കി മാറ്റപ്പെട്ട ഭക്ഷണം അതിന്റെ കൂടുതൽ സങ്കീർണ്ണമായ മറ്റു ജൈവ വസ്തുക്കളായി പുനരുപയോഗത്തിന്ന് വേണ്ടി സജ്ജമാക്കപ്പെടുകയും ചെയ്യുന്നു.

ഇതെല്ലാം, മനുഷ്യശരീരം എങ്ങനെയാണ് അതിന് വേണ്ട ഭക്ഷണം സുരക്ഷിതമായി ഉപയോഗിക്കാൻ സജ്ജീകരിക്കപ്പെട്ടിരിക്കുന്നു എന്നതിന്റെ അത്യധികം ലളിതവത്ക്കരിച്ച ഉദാഹരണങ്ങളാണ്. സന്തുലനത്തിന് എന്തെങ്കിലും തകരാറ് സംഭവിച്ചാൽ അത് ജീവന്റെയും ആരോഗ്യത്തിന്റേയും ഗുണനിലവാരത്തെ വിപരീതമായി ബാധിക്കുന്നു. സന്തുലനം തികവുറ്റ രീതിയിൽ അളന്നു തിട്ടപ്പെടുത്തിയതും കണിശമായ അനുപാതത്തിലുള്ളതുമായിരിക്കണം. അതിനകത്ത് ഉണ്ടാവുന്ന എന്തെങ്കിലും രീതിയിലുള്ള ചെറിയ തകരാറ് പോലും ജീവന് മരണ ഭീഷണിയായി തീരും.

ഇവിടെ മാറ്റങ്ങൾ ജീവന്റെ ആരോഗ്യകരമായ പുരോഗതിക്ക് വിഘാതമായി നിൽക്കുമ്പോൾ സൂറ: അശ്ശംസിലെ 9-ാമത്തെ വചനത്തിൽ ഉപയോഗിച്ച ***ഫുജൂർ**** (ധാർമികത, പാപം) എന്ന പദം വളരെ യുക്തിപരമായി വ്യാഖ്യാനിക്കേണ്ടതുണ്ട്, . അതേ വചനത്തിലെ ***തഖ്‌വ*** എന്ന പദം രോഗത്തിലേക്കും മരണത്തിലേക്കും നയിക്കുന്ന അപകടങ്ങളെ ഒഴിവാക്കുന്ന ഫലപ്രദമായ കഴിവിനെ സൂചിപ്പിക്കുന്നു. മനുഷ്യ ശരീരവുമായി ബന്ധപ്പെടുത്തി പറയുകയാണെങ്കിൽ ***സൂറ: അശ്ശംസിലെ*** ഈ വചനം സൂചിപ്പിക്കുന്നത് മനുഷ്യന്റെ ശരീരശാസ്ത്രം, ശരീര ഘടനാ ശാസ്ത്രം, നാഡീ വ്യവസ്ഥ, രക്ത ചംക്രമണ വ്യവസ്ഥ, ഞരമ്പു വ്യവസ്ഥ, ഗ്രന്ഥി വ്യവസ്ഥ, പ്രതിരോധ വ്യവസ്ഥ എന്നിവക്കെല്ലാം തന്നെ അവക്ക് വേണ്ട നന്മതിന്മകൾ എന്തൊക്കെയാണ് എന്നതിനെപ്പറ്റിയുള്ള ജ്ഞാനം ആ വ്യവസ്ഥകൾക്കകത്ത് തന്നെ നല്ലത്പോലെ സജ്ജീകരിച്ചിട്ടുണ്ട് എന്നാണ്. ഒരു വ്യവസ്ഥയെ കുറിച്ചുള്ള സൂക്ഷ്മ പഠനം തന്നെ വിവരിക്കാൻ നിരവധി അദ്ധ്യായങ്ങൾ എഴുതേണ്ടി വരും. എന്നാലും വിഷയം അവസാനിക്കില്ല. ഇതിനെ സംബന്ധിച്ച് മാന്ത്രികം, അതിശയകരം എന്നൊക്കെ നിഷ്ക്കളങ്കമായി പറയാൻ സാധിക്കും. മനുഷ്യ ജീവിതത്തിന്ന് നൽകപ്പെട്ട സങ്കീർണ്ണതകളും അടരുകൾക്ക് മീതെ അടരുകളായി നിൽക്കുന്ന സമസ്യകളും താരതമ്യം ചെയ്യുമ്പോൾ മനുഷ്യ ജീവിതത്തെ ആലീസിന്റെ അത്ഭുത ലോകത്ത് പ്രതിഷ്ഠിക്കുന്നത് പോലെയാണ്. മനുഷ്യസൃഷ്ടിപ്പിന്റെ അത്ഭുതങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ പ്രഹേളികകളും അത്ഭുതാതിശയങ്ങളുമായി ബന്ധപ്പെട്ട മുഴുവൻ കഥകളും അതിന്ന് മുമ്പിൽ ഒന്നുമല്ല.

പ്രസക്തമായ ഖുർആനിക പ്രസ്താവനയുമായി മാറ്റുരച്ചുനോക്കുമ്പോൾ എത്ര തികവുറ്റ രീതിയിലാണ് മനുഷ്യ ശരീരം പ്രവർത്തിക്കുന്നത് എന്ന് കണ്ട് നാം അത്ഭുതപ്പെട്ടുപോകും. മനുഷ്യന്ന് രോഗം പിടിപെടാനും രോഗബാധക്കുള്ള സാദ്ധ്യതകളും അതേ സമയം ഏറെകുറെ എല്ലാ രോഗങ്ങളിൽ നിന്നും സ്വയം രോഗവിമുക്തനാകാനുള്ള കഴിവും ശ്രദ്ധേയമാണ്. ഒരു ചികിത്സകരുടെയും അർബുദരോഗ വിദഗ്ദരുടെയും സഹായമില്ലാതെ കാൻസർ പോലും ഭേദമാവാനുള്ള സിദ്ധി മനുഷ്യശരീരത്തിന്നുണ്ട്. മെഡിക്കൽ റെക്കാർഡുകളിൽ രേഖപ്പെടുത്തപ്പെട്ട അന്തിമ സ്ഥിതിയിലെത്തിയ ഒരു അർബുദരോഗി അർബുദ ചികിത്സകരുടെ ധാരണകളെയെല്ലാം പരാജയപ്പെടുത്തി പൂർണ്ണമായും രോഗമുക്തമായ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. എങ്ങനെയാണ് അത് സംഭവിച്ചതെന്ന് വിദഗ്ദർക്ക് മനസ്സിലായിട്ടില്ല. അർബുദം ബാധിച്ച മാറാരോഗി രോഗ വിമുക്തനാകുകയും സാധാരണ ജീവിതത്തിലേക്ക് മടങ്ങി വരുകയും ചെയ്തപ്പോൾ സ്പെഷലിസ്റ്റുകളുടെ രോഗവിജ്ഞാനമെല്ലാം അപ്രസക്തമാവുകയാണുണ്ടായത്. മനുഷന്റെ അതീവ സങ്കീർണ്ണമായ രോഗപ്രതിരോധ സംവിധാനത്തെ പറ്റി ബാഹ്യമാത്രമായി മാത്രമേ തങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളൂ എന്ന് ഐക്യകണ്ഠേന ശാസ്ത്രജ്ഞന്മാർ സമ്മതിക്കുന്നു. നമ്മുടെ രോഗപ്രതിരോധ സംവിധാനം അപരിമേയമായ സാധ്യതകളോടെയാണ് നൽകപ്പെട്ടത് എന്ന് നമുക്ക് പറയാൻ സാധിക്കും. .

പ്രതിരോധ സംവിധാനം എത്ര തന്നെ തികവുറ്റതായാലും മനുഷ്യനിലെ ഒരു പ്രതിരോധ സാമഗ്രിക്കും അവനെ അനശ്വരനാക്കുവാൻ സാദ്ധ്യമല്ല. മനുഷ്യനിലെ ഓരോ അവയവ വ്യവസ്ഥയിലും അതിനകത്ത് തന്നെ അന്തർലീനമായ ഒരു പ്രതിപ്രവർത്തന വ്യവസ്ഥയുണ്ട്. അത് അന്തിമമായ നാശത്തിന്ന് വേണ്ടി അളന്ന് തിട്ടപ്പെടുത്തിയ ഒരു പ്രതിപ്രവർത്തന സംവിധാനമാണ്. അതിൽ എല്ലാ കാര്യങ്ങളും അതിസൂക്ഷ്മമായി അളന്ന് തിട്ടപെടുത്തുകയും ആനുപാതികമായി ക്രമപ്പെടുത്തിവെക്കുകയും ചെയ്തിരിക്കുന്നു. പ്രകടമായി പ്രവർത്തിക്കുന്നതും മന്ദമായി പ്രവർത്തിക്കുന്നതുമായ സ്വഭാവങ്ങൾ രേഖപ്പെടുത്തിയ ജീനുകളാൽ മനുഷ്യ ശരീരത്തിലെ

***ഫുജൂർ**:* പാപകരമായ അവസ്ഥ, അധാർമികത, ദുഷിച്ച ജീവിതം, ദുഷ്ടമായത്.

**തഖ്‌വ*:* അല്ലാഹുവിനെ കുറിച്ചുള്ള ഭയം. വാസ്തവത്തിൽ യഥാർത്ഥ വിശ്വാസികൾ അല്ലാഹു അംഗീകരിക്കാത്തതിൽ നിന്നെല്ലാം വിട്ടുനിൽക്കാൻ പരമാവധി ശ്രമിക്കുകയും അവർ സ്വയം തന്നെ ജാഗ്രതയോടെ സൂക്ഷ്മത കൈകൊള്ളുകയും ചെയ്യുന്നതിനെയാണ് **തഖ്‌വ** എന്ന പദം സൂചിപ്പിക്കുന്നത് (ഗ്രന്ഥ: കർത്താ)

ഓരോ കോശത്തിന്റേയും ആയുസ്സ് മുൻകൂട്ടി കണക്കാക്കപ്പെട്ടിരിക്കുന്നു. ഒരു നിശ്ചിത അവയവത്തിന്റെ മരണ നിരക്കിനേക്കാൾ എത്ര വേഗത്തിൽ അതിന്റെ വളർച്ചാനിരക്ക് വേണമെന്ന് അതിൽതന്നെ വ്യക്തമായും പൂർവ്വകൽപ്പിതമാണ്. മാത്രമല്ല അതിന്റെ ആയുസ്സ് കണക്കാക്കി വളർച്ചയുടേയും മരണത്തിന്റേയും നിരക്കിന്റെ ഗതിവേഗം അവികലമായ രീതിയിൽ പൊരുത്തപ്പെടുത്തി നിർത്തിയിരിക്കുന്നു. അത് മരണത്തിന്റേ ഭാഗത്തേക്കാണ് ചായുന്നതെങ്കിൽ നിർമ്മാണാത്മകതയുടെ പ്രക്രിയയേക്കാൾ സംഹാരാത്മകതയുടെ പ്രക്രിയക്ക് പ്രാമുഖ്യം ലഭിക്കും. ഇതൊന്നും തന്നെ ആകസ്മികമായി സംഭവിക്കുന്നതല്ല.

## കായിക വളർച്ച

ഈ വിവരണത്തിന്റെ ഭാഗമായി വളരെ ലളിതമായ പല്ലിന്റെ വളർച്ചയുടെ ഉദാഹരണമെടുത്ത് നമുക്ക് പരിശോധിക്കാം. പാൽപല്ല് (Milk Teeth) എന്ന് നാം വിളിക്കുന്ന അതിന്റെ വളർച്ചയുടെയും (Growth) ജീർണ്ണനത്തിന്റേയും (Decay) നിരക്ക് നിരന്തരം നിയന്ത്രിക്കപ്പെട്ടതും അളന്ന് തിട്ടപ്പെടുത്തുകയും ചെയ്തതാണ്. ചില വർഷങ്ങളിൽ പാൽപല്ലിന്റെ വളർച്ച അതിന്റെ ക്ഷയത്തേക്കാൾ വേഗത്തിലായിരിക്കും. ഒരു സന്തുലനാത്മകമായ ഘട്ടം പ്രാപിച്ചു കഴിഞ്ഞാൽ അതിന്റെ വളർച്ചാ നിരക്ക് നിലക്കുന്നു. അതിന്ശേഷം സന്തുലനം മരണത്തിന്റേയും ജീർണ്ണനത്തിന്റേയും ഭാഗത്തേക്ക് ചായുന്നു. അങ്ങനെ പാൽപല്ലുകളുടെ ദിവസങ്ങൾ എണ്ണപ്പെടുന്നു. പിന്നീട് പ്രായപൂർത്തി വന്ന പല്ലുകളുടെ വളർച്ച ആരംഭിക്കുന്നു. തുടക്കത്തിൽ പല്ലിന്റെ വളർച്ചാനിരക്ക് അതിന്റെ ജീർണ്ണനത്തെക്കാൾ വളരെ വേഗത്തിലാണ്. അത് നിശ്ചിത ഘട്ടം വരെ വളരുന്നു. അത് മുൻകൂട്ടി നിശ്ചയിച്ച വലുപ്പത്തിലും വീതിയിലും കനത്തിലും എത്തിചേർന്നാൽ വളർച്ചക്ക് അനുകൂലമായ സംന്തുലനം അതേപടി നിൽക്കുന്നു. മുൻകൂട്ടി നിർണ്ണയിച്ച വലുപ്പത്തിൽ പല്ല് എത്തിക്കഴിഞ്ഞാൽ പെട്ടെന്ന് പല്ലിന്റെ വളർച്ചാ നിരക്കും ജീർണ്ണനനിരക്കും പൂർണ്ണമായ ഒരു സന്തുലനത്തിലെത്തുകയും സൂക്ഷ്മമായി പാലിക്കപ്പെടുകയും ചെയ്യുന്നു. അപകടമോ രോഗമോ ഇല്ലെങ്കിൽ ആ പല്ലുകൾ പൂർണ്ണ ആരോഗ്യത്തോടെ അതിന്റെ വലുപ്പത്തിനോ നീളത്തിനോ യാതൊരു മാറ്റവുമില്ലാതെ തുടരുന്നു.

സാധാരണ മനുഷ്യൻ ചിന്തിക്കുന്നത് അവ (പല്ലുകൾ) വളർന്നു കഴിഞ്ഞത് കൊണ്ടാണ് അതിന്റെ വളർച്ച നിലച്ചത് എന്നാണ്. അതിൽ പരം യാതൊന്നും തന്നെ അതിലില്ല എന്നും അവർ ധരിക്കുന്നു. ഈ നിഷ്ക്കളങ്കമായ ധാരണ സത്യത്തിൽ നിന്നും വളരെ അകലെയാണ്. അതിന്റെ വളർച്ച നിലച്ചതാണെങ്കിൽ ആഴ്ചകൾക്കുള്ളിലോ മാസങ്ങൾക്കുള്ളിലോ അത് അവിടെ നിന്നും പിഴുതെറിയപ്പെ ടുമായിരുന്നു. ഇനി മറ്റൊരർത്ഥത്തിൽ ചിന്തിക്കാം. അതായത് പല്ലിന്റെ വളർച്ചാ നിരക്ക് അനവരതം തുടരുകയാണെങ്കിൽ അതായത് വളർച്ചയുടെ ആരംഭ ഘട്ടത്തിലുള്ളത് പോലെ വളർച്ച തുടരുകയും പല്ല് നീണ്ടു നീണ്ട് പോകുകയുമാണെങ്കിൽ മനുഷ്യന്റെ തലയോട്ടിയുടെ മുകളിൽ വരെ താഴത്തെ പല്ലും താടിയെല്ലിന്റെ കീഴെ വരെ മുകളിലെ പല്ലും തൂങ്ങിനിൽക്കുമായിരുന്നു!!

നാം കാണുന്നത് പോലെ പല്ലിന്റെ വളർച്ച ഒരിക്കലും തന്നെ മുൻകൂട്ടി തിട്ടപ്പെടുത്താത്തതോ അനിയന്ത്രിതമായതോ ആയ ഒരു പ്രതിഭാസമല്ല. എല്ലാ ഘടകങ്ങളും ചേർന്ന് ഒരു നിശ്ചിത കാലത്തേക്ക് മാത്രം വളർച്ചാനിരക്ക് ക്രമീകരിച്ചതാണ്. തുടർന്നുള്ള അതിന്റെ വളർച്ചാ നിരക്ക് സങ്കീർണ്ണമായി സന്തുലനമാക്കപ്പെട്ടിരിക്കുന്നു. അത് മനുഷ്യസൃഷ്ടിപ്പിന്റെ രൂപരേഖയിൽ വ്യക്തമായി രേഖപ്പെടുത്തിയതാണ്. മനുഷ്യന്റെ സൃഷ്ടിപ്പിന്റെ ഈ രൂപരേഖയും പിന്നീടുണ്ടായ നിർമ്മാണങ്ങളും എങ്ങനെയാണ് സമയോചിതം സ്വയം നിവർത്തപ്പെടുകയും സങ്കീർണ്ണമായ രീതിയിൽ അത് പ്രാവർത്തികമാവുകയും ചെയ്യുന്നത് എന്ന കാര്യം തല ചുറ്റിക്കുന്ന വിസ്മയമാണ്.

മനുഷ്യന്റെ വിസർജ്യ പദാർത്ഥങ്ങൾ വിസർജ്ജ്യ വ്യവസ്ഥയിലൂടെ നീക്കം ചെയ്യുന്ന രീതി സ്വയം തന്നെ കുറ്റമറ്റ ഒരു സംവിധാനമാണ്. ഇവിടെ ***അദ്ൽ*** (കേവല നീതി) ന്റെ തത്വം വ്യക്തിയുടെ ഭാഗത്ത് നിന്ന് യാതൊരു ജാഗ്രതയും ആവശ്യമില്ലാത്തവിധം നിർവ്വഹിക്കപ്പെടുന്നു. ഭക്ഷണത്തിന്റെ പോഷകപ്രദമായ ഭാഗം ദഹനപ്രക്രിയയിലൂടെ ആഗിരണം ചെയ്ത ശേഷമുണ്ടാകുന്ന മാലിന്യം ഈ മികവുറ്റ സംവിധാനത്തിലൂടെ നീക്കം ചെയ്യപ്പെടുകയാണ് ചെയ്യുന്നത്. ഈ സംവിധാനം നൽകപ്പെട്ട വ്യക്തിക്ക് ഇതിനെപ്പറ്റി യാതൊരു ജാഗ്രതയും ആവശ്യമില്ല താനും. മനുഷ്യൻ അവന്റെ പല്ലിനോട് അനീതി പ്രവർത്തിച്ചാൽ അവന്റെ വിഢിത്തത്തിന്റെ ഫലമായി ആരോഗ്യത്തിന്ന് പിടിപെടുന്ന ആതുരാവസ്ഥയിൽ നിന്നും അവന്ന് പിന്നീട് കാര്യം ബോദ്ധ്യമാവും. ലക്കും ലഗാനുമില്ലാത്ത ഭക്ഷണഭോജനം പല്ലിനെ മാത്രമല്ല ദഹനവ്യവസ്ഥയേയും വിസർജ്ജന വ്യവസ്ഥയേയും തകരാറിലാക്കും. ചില രീതിയിലുള്ള പ്രമേഹത്തിന്ന് കാരണമിതാണ്. അതേസമയം അമിതാഹാരം മൂലമുള്ള പ്രശ്നങ്ങൾ അഭിമുഖീകരിക്കാൻ മനുഷ്യനിൽ പല വിധത്തിലുള്ള ശാരീരിക പ്രതിക്രിയകളുടെ സജ്ജീകരണങ്ങളുണ്ട്.

ഇത് കൂടുതലായി വിവരിക്കാൻ നാം പ്രമേഹ രോഗികളുടെ ഉദാഹരണങ്ങളെടുക്കാം. പ്രമേഹം ഒരു സാധാരണ രോഗമാണ്, എന്നാൽ അത് ഒരു രോഗമല്ല. നൂറുക്കണക്കിന്ന് ടൈപ് പ്രമേഹ രോഗങ്ങൾ ഇത്‌വരെ തിരിച്ചറിയപ്പെട്ടിട്ടുണ്ട്. അവരിൽ എല്ലാവർക്കും

അവരുടെ ശരീരം തന്നെ ആന്തരികമായ പ്രതിവിധി നൽകിയിട്ടുണ്ട് എന്ന് കാണാം. ചിലതരം പ്രമേഹരോഗം പാൻക്രിയാസ് ഗ്രന്ഥിയുടെ ക്രമരഹിതമായ പ്രവർത്തനം മൂലം ഉണ്ടാവുന്നതാണ്.

പാൻക്രിയാസ് രണ്ട് തരത്തിലുള്ള സ്രവങ്ങളാണ് ഉൽപ്പാദിപ്പിക്കുന്നത്. അതിൽ ഒന്ന് ഇൻസുലിൻ ആണ്. മനുഷ്യശരീരത്തിലെ എല്ലാ കോശങ്ങളിലേക്കും പഞ്ചസാര ആഗിരണം ചെയ്യാൻ കൂടുതൽ ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്നത് ഇൻസുലിനെയാണ്. ശരീരത്തിലെ കോശങ്ങൾക്ക് അതിജീവിക്കാൻ നിരന്തരം ഊർജ്ജത്തിന്റെ ആവശ്യമുണ്ട്. മനുഷ്യൻ പഞ്ചസാര നേരിട്ട് കഴിച്ചില്ലെങ്കിലും അവൻ പലവിധത്തിലും ആഹരിക്കുന്ന കാർബോഹൈഡ്രേറ്റ് വിഘടിക്കപ്പെട്ട് പഞ്ചസാരയായി രൂപാന്തരപ്പെടുന്നു. ഇൻസുലിൻ അധികമായി ഉദ്പാദിപ്പിക്കപ്പെട്ടാൽ അത് ഹൈപ്പോഗ്ലൈക്കാമിയ (Hypoglycaemia) എന്ന രോഗമായി മാറും. അതായത് പെട്ടെന്ന് പഞ്ചസാരയുടെ അളവ് അപകടകരമാം വിധം കുറഞ്ഞു പോകുന്ന അവസ്ഥയുണ്ടാകും. ഉടൻ തന്നെ ഇൻസുലിൻ അളവ് സാധാരണ നിലയിലേക്ക് പുനസ്ഥാപിച്ചില്ലെങ്കിൽ ഒരു പക്ഷേ മരണമോ മസ്തിഷ്ക്ക കോശങ്ങൾക്ക് ഗുരുതരമായി ക്ഷതമേൽപ്പിക്കുന്ന അഗാധമായ കോമ (അബോധാവസ്ഥ) യോ മറ്റു പ്രധാന അവയവങ്ങളുടെ കോശങ്ങൾക്ക് ക്ഷതമോ സംഭവിക്കാം. .

ഇൻസുലിന്റെ ഉദ്പാദനത്തെ തടഞ്ഞു നിർത്താൻ ശരീരത്തിൽ സങ്കീർണ്ണമായ ചില സൂചനാ സംവിധാനങ്ങളുണ്ട്. ആവശ്യമായ അളവിൽ ഇൻസുലിൽ ഉദ്പാദിപ്പിച്ചു കഴിഞ്ഞു, കൂടുതലായി ആവശ്യമില്ല എന്ന് പ്രഖ്യാപിക്കുന്ന മട്ടുള്ള ഒരു അലാറാം സംവിധാനമാണത്. ഇൻസുലിൻ ഗ്രന്ഥിവ്യവസ്ഥയിൽ അധിക ഉദ്പ്പാദനം നടന്ന അതേ ഏരിയയിൽ തന്നെയാണ് ഇൻസുലിന്ന് എതിരെയുള്ള പ്രതിസ്രവം പുറപ്പെടുവിക്കുന്ന ഈ പ്രതിസംവിധാനവുമുള്ളത്. ഈ സ്രവം പുറപ്പെടുവിച്ച് കഴിഞ്ഞാൽ ഇൻസുലിൽ ഉൽപ്പാദനം ഉടൻ നിലക്കുന്നു. ഉടൻ തന്നെ മനുഷ്യൻ സൗഖ്യവാനായി കാണപ്പെടുന്നു. ഈ സന്തുലന പാലനം നിർവ്വഹിക്കുന്ന ഈ സംവിധാനം ഏത് ഭാഗത്തേക്കാണോ ചരിഞ്ഞു പോകുന്നത് അത്രയും അളവിൽ ആരോഗ്യത്തെ അത് എതിരായി ബാധിക്കും.

അതാത് സ്ഥലത്ത് നിന്ന് തന്നെ തുലനപ്പെടുത്തി തടയുന്ന (Check and Balance) രീതിയിൽ ദൈവം സൃഷ്ടിച്ച ഈ സംവിധാനം മാത്രമല്ല ഇൻസുലിന്റെ കഥയിലുള്ളത്. ഇൻസുലിനെ കൂടാതെ മറ്റു അപൂർവ്വമായ ഘടകങ്ങളും കൂടി ഈ സങ്കീർണ്ണമായ വ്യവസ്ഥ നിലനിൽക്കാൻ ആവശ്യമാണ്. രക്തത്തിന്റെ ഒഴുക്കുപാതയിലുള്ള എല്ലാ കോശങ്ങൾക്കും സ്ഥിരമയി ഊർജ്ജം ആവശ്യമാണ്. ഊർജ്ജോപഭോഗം കഴിഞ്ഞാൽ പാഴാവുന്ന വസ്തുക്കൾ പുറന്തള്ളേണ്ടതുണ്ട്. പാഴ്‌വസ്തുക്കളും മലിന പദാർത്ഥങ്ങളും സംവിധാനത്തിനകത്ത് നിന്നു പുറന്തള്ളാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

മേൽപ്പറഞ്ഞ എല്ലാ പ്രവർത്തനങ്ങളും രക്ത ചംക്രമണകുഴലിലൂടെയാണ് നിർവ്വഹിക്കപ്പെടുന്നത്. ഇത് സ്വയം തന്നെ അറ്റമില്ലാത്ത വിസ്മയങ്ങളാണ് കാഴ്ച്ചവെക്കുന്നത്. എന്നാൽ അവ സ്വയം തന്നെ സംഹാരാത്മകമായി വരാവുന്നതുമാണ്. വിവിധ രക്ത കോശങ്ങളിൽ അലിഞ്ഞു ചേർന്ന ദ്രാവക മാദ്ധ്യമങ്ങളെ സ്വതന്ത്രമായി കോശങ്ങളിൽ ഒഴുകാൻ അനുവദിച്ചാൽ കോശങ്ങളുടെ ന്യൂക്ലിയസ്സിനെ ഉടൻ തന്നെ അത് നശിപ്പിക്കുന്നു. ഈ അപകടത്തെ നേരിടാൻ ഇരട്ട ഭിത്തിയുള്ള ഒരു ആവരണം എല്ലാ കോശങ്ങൾക്കുമുണ്ട്. എല്ലാ ഇലക്ട്രോലൈറ്റിന്റേയും* (Elecrolytes) നേരിട്ടുള്ള നുഴഞ്ഞു കയറ്റം ഇത്‌വഴി തടയപ്പെടുന്നു. അങ്ങനെ, കോശങ്ങളുടെ ഈ ഇരട്ടഭിത്തി അപകടങ്ങളിൽ നിന്നുള്ള ഒരു സമ്പൂർണ്ണ പ്രതിരോധമായി വർത്തിക്കുന്നു.

രണ്ട് ആവരണങ്ങളിലും ചില ചെറുദ്വാരങ്ങളുണ്ട്, അതിലൂടെ ഇൻസുലിൻ ഘടിപ്പിച്ച ഒരു തന്മാത്രക്കൊപ്പം പഞ്ചസാര തന്മാത്ര കോശത്തിന്റെ ഹൃദയഭാഗത്തേക്ക് എത്തുകയും അവിടെ വെച്ച് അവ ഉടൻ തന്നെ ഉപയോഗിക്കപ്പെടുകയും ചെയ്യുന്നു. അവിടെ ഉണ്ടാവുന്ന പാഴ്‌വസ്തുക്കൾ തിരികെ കൊണ്ടുവരുന്നത് കോശാവരണത്തിലെ അതേ ദ്വാരങ്ങളിലൂടെ തന്നെ രക്ത കുഴലിലേക്കാണ്. അവിടെ നിന്നും അത് ത്വക്കിലെ ദ്വാരങ്ങളിലേക്ക് വിയർപ്പിന്റെ രൂപത്തിൽ പുറന്തള്ളപ്പെടുന്നു. അല്ലെങ്കിൽ കിഡ്നിയിലുള്ള വളരെ സങ്കീർണ്ണമായ ശ്ലേഷ്മ സ്തരങ്ങളിലൂടെ (Mucous Membrane) പുറംന്തള്ളുന്നു. പഞ്ചസാരയുടെ കോശങ്ങളിലേക്കുള്ള സഞ്ചാരവും കോശങ്ങളിലെ പാഴ്‌വസ്തുക്കളുടെ പുറംന്തള്ളലും അവിശ്വസനീയമായ വേഗതയിലാണ് സംഭവിക്കുന്നത്.

ഇത് ഒരു ഊർജ്ജ ഗതാഗത സംവിധാനമാണ്. പക്ഷേ ഇതൊരു സ്ംവിധാനം മാത്രമല്ല. അതിനേക്കാൾ കൂടുതലായ എന്തോ ഒന്നാണ്. രക്തത്തിലെ എല്ലാ കോശങ്ങളടക്കം എല്ലാ മനുഷ്യാവയവങ്ങൾക്കും നിലനിൽപ്പിന്ന് ഒരു നിശ്ചിത അളവ് പഞ്ചസാര ആവശ്യമാണ്. തീർച്ചയായും ഇതിൽ മുൻഗണനകളുണ്ട്. മസ്തിഷ്ക്കത്തിന്നുള്ള പ്രധാന്യം മറ്റെല്ലാ അവയവങ്ങളെക്കാളും പരമ പ്രധാനമാണ്. രക്തത്തിലെ പഞ്ചസാരയുടെ ലെവൽ താഴുകയാണെങ്കിൽ തന്നെ മസ്തിഷ്ക്കത്തിലേക്കുള്ള നിശ്ചിത അളവ് സ്ഥിരമായ പഞ്ചസാര വിതരണം

***ഇലക്ട്രോലൈറ്റ് (Elecrolytes)**: രക്തത്തിൽ കാണുന്ന സോഡിയം, പൊട്ടാസിയം, ക്ലോറൈഡ്, കാൽസിയം, മഗ്നീഷ്യം, ഫോസ്ഫേറ്റ്, ബൈകാർബണേറ്റ് മുതലായ മിനറലുകളെയാണ് ഇലക്ട്രോലൈറ്റുകൾ എന്ന് പറയുന്നത്. (വിവ:)

ഉറപ്പാക്കണം. മുഴുവൻ ശരീരത്തിലെ പഞ്ചസാരയും തീരുന്നത് വരെ മസ്തിഷ്ക്കത്തിലേക്കുള്ള ഈ വിതരണം മുടങ്ങാതെ തുടരണം. ശരീരത്തിലെ എല്ലാ കോശങ്ങളും കോശകലകളും പഞ്ചസാരയുടെ ഉപഭോഗം ഒരേ അളവിൽ ആഗിരണം ചെയ്യപ്പെടുന്ന സംവിധാനമാണെങ്കിൽ മസ്തിഷ്ക്കത്തിന്ന് അത് എപ്പോഴും ലഭ്യമാകാതെ അപകട സ്ഥിതി സംജാതമായേക്കാം. അതായത് മറ്റെല്ലാ കോശങ്ങൾക്കും കോശകലകൾക്കും പഞ്ചസാര ഒരേ അളവിൽ ഉപഭോഗത്തിന്നായി ലഭ്യമായെങ്കിൽ അമിത ഉപഭോഗത്താൽ മസ്തിഷക്കത്തിന്ന് അതിന്റെ ചൈതന്യം നിലനിർത്താനാവശ്യമായ പഞ്ചസാര ലഭ്യമാകാതെ അപകടം സംഭവിക്കുമായിരുന്നു. അതിനാൽ വിവിധ മുൻഗണനകൾ തമ്മിൽ പരസ്പരം സന്തുലനം പാലിക്കേണ്ടതുണ്ട്. മസ്തിഷക്കമൊഴികെ ശരീരത്തിന്റെ എല്ലാ ഭാഗത്തും പഞ്ചസാരയുടെ ഉപഭോഗം നിർത്തുവാൻ ഗ്രന്ഥികൾ ഒരു സ്രവം പുറപ്പെടുവിക്കുകകൂടി ചെയ്യുന്നുണ്ട്.

സന്തുലന പ്രക്രിയ ഒരു സ്ഥലത്ത് മാത്രമല്ല. അടരുകൾക്ക് പിറകെ അടരുകളായി അത്യധികം ലോലമായ സന്തുലന സംവിധാനമാണ് സൃഷ്ടിക്കപ്പെടുകയും പരിപാലിക്കപ്പെടുകയും ചെയ്യുന്നത്. ഇതാണ് മനുഷ്യാസ്തിത്വത്തിന്റെ വിവിധ തലങ്ങളിൽ അബോധാത്മകമായി പ്രവർത്തിക്കുന്ന കേവല നീതി (Absolute Justice) അത് കേവലനീതി എന്ന പേരിൽ പരാമർശിക്കപ്പെട്ടിട്ടില്ലായിരിക്കാം. എങ്കിലും നീതിയും സമ്പൂർണ്ണ സന്തുലനവും ഒരേ പ്രതിഭാസത്തിന്റെ രണ്ട് നാമങ്ങളാണ് എന്ന വസ്തുതയിൽ നിന്നു രക്ഷപ്പെടാൻ ആർക്കും സാദ്ധ്യമല്ല. മറ്റ് വാക്കുകളിൽ പറഞ്ഞാൽ, വൈരുദ്ധ്യത്തിന്റെ ഭയലേശമന്യേ നമുക്ക് പറയാൻ സാധിക്കും തികഞ്ഞ ആരോഗ്യം എന്നത് തികവുറ്റ നീതിയുടെ മറ്റൊരു നാമമാണ്.

മനുഷ്യശരീരത്തിലെ പഞ്ചസാരയുമായി ബന്ധപ്പെട്ട സന്തുലനത്തിന്റെ പ്രശ്നം മനസ്സിലാക്കാൻ എത്ര പഞ്ചസാരയാണ് നമുക്ക് ആവശ്യമായി വരുന്നത് എന്നത് ഉദാഹരണ സഹിതം നമുക്ക് ചർച്ചചെയ്യാം. പഞ്ചസാരയുടെ മിനിമം മുതൽ മാക്സിമം വരെയുള്ള അളവ് എത്രവരും എന്നത്; അതായത് 100 മില്ലിലിറ്റർ രക്തത്തിൽ 60 മില്ലിഗ്രാം പഞ്ചസാര ഉപയോഗത്തി ന്നായി എപ്പോഴുമുണ്ടായിരിക്കും. ഈ സമവാക്യത്തിന്റെ മാക്സിമം പഞ്ചസാരയുടെ അളവ് 100 മില്ലി ലിറ്ററിന്ന് 180 മില്ലീഗ്രാമിലധികം ഉയരാനും പാടില്ല. 5. ഈ അനുപാതം അധികമാവുകയാണെങ്കിൽ പ്രസ്തുത അസന്തുലിതാവസ്ഥയെയാണ് നാം രക്തത്തിലെ പ്രമേഹം (Blood Sugar) എന്ന് പറയുന്നത്.

ഇൻസുലിൻ സന്തുലനം പാലിക്കുന്നതിൽ പരാജയം സംഭവിച്ചാൽ, സന്തുലനം ശരിയായി പാലിക്കാൻ അധികം വരുന്ന പഞ്ചസാര കിഡ്നി പുറന്തള്ളുന്നു. അത് കാരണം രക്തത്തിലുള്ള അധിക പഞ്ചസാരയുടെ സാന്നിദ്ധ്യം ശരീരകോശങ്ങളെ ജീർണ്ണിപ്പിക്കുന്നില്ല. സംഗതമല്ലാത്ത രീതിയിൽ അധികം വരുന്ന പഞ്ചസാര മൂത്രത്തിലൂടെ പുറന്തള്ളുമ്പോൾ പ്രമേഹ രോഗികളുടെ കാര്യത്തിൽ മൂത്രത്തിൽ അനാവശ്യമായുള്ള പഞ്ചസാര എന്തുകൊണ്ടാണുണ്ടാവുന്നത്. ചിലപ്പോൾ കിഡ്നിയുടെ പ്രവേശന കവാടത്തിൽ രക്തത്തിലെ പഞ്ചസാര വളരെയധികം ഉയർന്ന നിലയിലായാൽ അത് പുറന്തള്ളപ്പെടുകയില്ല. അതിന്റെ ഫലമായി രക്തത്തിൽ അപകടകരമാംവിധം പഞ്ചസാര കൂടുന്നു. ഇത് ചില അവയവങ്ങളെ രോഗാതുരമാക്കുന്നു. പഞ്ചസാരയുടെ അമിതമായ ഒഴുക്കു മൂലം ഹൃദയ വാൽവുകൾ ക്ഷയിക്കുന്നു (ഒരു ചാലിലൂടെ ആസിഡൊഴുകുമ്പോൾ അത് ജീർണ്ണിച്ച് ക്ഷയിക്കുന്നത് പോലെ). അധികം പഞ്ചസാര രക്തകുഴലുകളിൽ കുറച്ച് നിക്ഷേപിക്കപ്പെടുകയും അവിടെ രക്തത്തിന്റെ ഒഴുക്ക് കുറയുകയും ചെയ്യുന്നു. രക്തചംക്രമണ വേഗം കുറഞ്ഞ് ***കാപിലറി*** ****(രക്ത കുഴൽ)*** പോലെയുള്ള സ്ഥലങ്ങളിൽ അധികം വരുന്ന പഞ്ചസാര നിക്ഷേപിക്കപ്പെടുന്നു. ഇത് പലവിധത്തിലുള്ള അസ്വസ്ഥതകളും തകരാറുകളും ഉണ്ടാക്കുന്നു. കണ്ണിലെ കാപിലറി രക്തക്കുഴലുകളിലാണ് ഇത് സംഭവിക്കുന്നതെങ്കിൽ ആ വ്യക്തിക്ക് തിമിര രോഗം, ഗ്ലൂക്കോമ മുതലായ മറ്റു രോഗങ്ങൾ ബാധിച്ചേക്കാം. അത് നാഡികളിൽ കൂടിയുള്ള സ്പന്ദനം വേഗം കുറക്കും. നാഡീസ്പന്ദനങ്ങളുടെ മന്ദഗതിയിലുള്ള ഈ അവസ്ഥയുടെ ഫലമായി മറ്റ് നേരിട്ടുള്ള അപകടങ്ങളും സൃഷ്ടിക്കപ്പെട്ടേക്കാം.

ചില പ്രമേഹ രോഗികൾ അവരുടെ ഹൃദയത്തിന്ന് ചുറ്റുമുണ്ടാകുന്ന കോച്ചിപ്പിടുത്തത്തിന്റെ വേദന അറിയാതെ പോവുന്നത് ദൈനംദിനമുള്ള നമ്മുടെ അനുഭവമാണല്ലോ. ഹൃദയത്തിന്റെ ഭാഗത്ത് നിന്നുള്ള ഈ സിഗ്നലുകളുടെ അഭാവം കാരണം അവർക്ക് പെട്ടെന്ന് ഹൃദയാഘാതം സംഭവിക്കാം. അതായത് നീതിയുടെ സംന്തുലനം എന്നത് കേവലം അക്കാദമിക് വാചോടാപമല്ല. നിരന്തരമായ നീതിയുടെ അഭാവം, അല്ലെങ്കിൽ സന്തുലനത്തിലുള്ള അസാംഗത്യം, അത് ഒരിക്കലും തന്നെ പ്രകൃതിയിൽ ശിക്ഷിക്കപ്പെടാതെ പോകുന്നില്ല. അഹോ കഷ്ടം! ഈ പാഠമാണ് മനുഷ്യൻ അവഗണിക്കുന്നത്. അനീതിയുടെ അനന്തര ഫലങ്ങളിൽ നിന്ന് രക്ഷപ്പെടുമെന്ന മിഥ്യാവിചാരത്തിൽ അവൻ നിലകൊള്ളുകയും ചെയ്യുന്നു.

***കാപിലറി**: 5 മുതൽ 10 മൈക്രോ മീറ്റർ (ഒരു മീറ്ററിന്റെ പത്ത് ലക്ഷത്തിലൊന്ന് വ്യാസമുള്ള ചെറിയ രക്തക്കുഴലുകളാണ് കാപിലറികൾ.(വിവ:)

# മുഹമ്മദ് നബി (സ): വർത്തമാന കാലത്തെ ആക്ഷേപങ്ങളും മറുപടിയും

2022 സെപ്തംമ്പർ 10 11 തിയ്യതികളിൽ കരുനാഗപ്പള്ളിയിൽ നടന്ന മജ്‌ലിസ് അൻസാറുല്ലാ സംസ്ഥാന സമ്മേളനത്തിൽ ചെയ്ത പ്രസംഗം

എ. എം. മുഹമ്മദ് സലീം

പ്രപഞ്ചനാഥനായ അല്ലാഹു, റസൂൽ തിരുമേനി(സ) യുടെ ദൗത്യവും മതലോകത്ത് അവിടുത്തെ സ്ഥാനവും അടയാളപ്പെടുത്തിപ്പറഞ്ഞ സാക്ഷ്യം ഇപ്രകാരമാണ്.

**അല്ലാഹുവിന്റെ കൽപ്പനയനുസരിച്ച് അവനിലേക്ക് ക്ഷണിക്കുന്ന ആളായും പ്രകാശം നൽകുന്ന വിളക്കായും (നാം നിന്നെ അയച്ചിരിക്കുന്നു (അൽ അഹ്സാബ് 33: 48)** വീണ്ടും ഖുർആൻ പറയുന്നു: **നിശ്ചയം നീ മഹത്തായ ധാർമിക ഗുണത്തിന്നുടയവൻ തന്നെയാണ്. (സൂറ: അൽഖലം 68: 4)**

അത്യുന്നത സ്വഭാവഗുണങ്ങളാൽ മതമണ്ഡലത്തിലെ അണയാത്ത ജ്യോതിസ്സായി ജ്വലിച്ചു നിൽക്കുകയും നൂറ്റാണ്ടുകളെ പ്രദീപ്തമാക്കുകയും ചെയ്ത റസൂൽ തിരുമേനി(സ), ജീവിതകാലത്തും തുടർന്നും അത്യധികം നിന്ദിക്കപ്പെടുകയും അധിക്ഷേപിക്കപ്പെടുകയുമുണ്ടായി. നമ്മുടെ കാലഘട്ടത്തിലും വിശ്വവ്യാപകമായി അത് തുടരുകയും ചെയ്യുന്നു. ഈ ക്ഷുദ്രചിന്തകളുടെ പ്രഭവകേന്ദ്രം ക്രിസ്തീയ പണ്ഡിതന്മാരും നിരീശ്വരവാദികളായ ഭൗതികവാദികളുമാണ്. അല്ലാഹുവിൽ നിന്നുള്ള നുബൂവ്വത്തിന്റെ ആധികാരികതയോടെ റസൂൽ തിരുമേനി (സ) യുടെ സത്യം ലോകത്ത് സ്ഥാപിക്കാൻ അവിടുത്തെ മസീഹായി അയക്കപ്പെട്ട ഹദ്റത്ത് അഹ്മദ് (അ) പറയുന്നു **'ഏറ്റവും അധികം അവഹേളിക്കപ്പെടുകയും അപമാനിക്കപ്പെടുകയും പാതിരിമാർ ലക്ഷക്കണക്കിലുള്ള ക്ഷുദ്രകൃതികൾ എഴുതി പ്രസിദ്ധപ്പെടുത്തി വ്യാജപ്പെടുത്തുകയും ചെയ്തിരുന്ന ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) സത്യവാനും സാത്വികരുടെ നേതാവും ആണെന്ന് വ്യക്തമാക്കുവാൻ അല്ലാഹു ഇക്കാലത്ത് ഇഛിക്കുകയാണ്. അവിടുത്തെ സ്വീകരിക്കുന്നതിൽ ഏറ്റവും അധികം നിഷേധം കാണിക്കപ്പെടുകയുണ്ടായി. എന്നാൽ അവസാനം ബഹുമതിയുടെയും ആദരവിന്റെയും കിരീടം അദ്ദേഹത്തിനാണ് ധരിപ്പിക്കപ്പെട്ടിരിക്കുന്നത്.' (ഹഖീക്കത്തുൽ വഹ്‌യ് 286)**

### ക്രിസ്തു സഭയുടെ നബി വിമർശനം

ആഗോളതലത്തിൽ ക്രിസ്തീയ പണ്ഡിതന്മാരും പുരോഹിതന്മാരുമാണ് അതിനിശിതവും ദുസ്സഹവുമായ നബിനിന്ദയുടെയും വിമർശനത്തിന്റെയും പ്രഭവ കേന്ദ്രം. പക്ഷേ തതുല്യമായി ഈസാ മസീഹി (അ)നെ മുസ്‌ലിംകൾ വിമർശിക്കാറില്ല. ഈ വൈരുദ്ധ്യം മസീഹ് മൗഊദ് ചൂണ്ടിക്കാട്ടുകയുണ്ടായി. മുസ്‌ലിംകൾക്ക് ഈസാ നബി (അ) ദിവ്യശക്തികളുള്ള അമാനുഷിക പരിവേഷമുള്ള ഒരു പ്രവാചകനാണ്. അതുകൊണ്ടാണ് യേശുവിനെ സംബന്ധിച്ചുള്ള അന്ധവിശ്വാസങ്ങളും അബദ്ധ സങ്കൽപ്പങ്ങളെയും ആധാരമാക്കി ഫലപ്രദവും തതുല്യവുമായ ഒരു പ്രത്യാക്രമണം നടത്താൻ അവർക്കാവില്ല. എന്നാൽ റസൂൽ തിരുമേനി(സ)ക്കെതിരെയുള്ള നിന്ദക്കും വിമർശങ്ങൾക്കും ന്യായയുക്തവും വസ്തുനിഷ്ഠവും മാന്യവുമായ രീതിയിൽ മറുപടി പറയുന്നതോടൊപ്പം യേശുവിനെ സംബന്ധിച്ചുള്ള അന്ധവിശ്വാസങ്ങളും വിമർശനത്തിനു വിധേയമാക്കണം എന്നാണ് വാഗ്ദത്ത മസീഹ് നൽകിയ മാതൃക. നൂറുൽ ഖുർആൻ എന്ന ഗ്രന്ഥത്തിൽ അദ്ദേഹം ഇക്കാര്യം പറയുന്നുണ്ട്. കാരണം നാം വിമർശിക്കുന്നത് ദൈവപുത്രൻ എന്ന അവരുടെ സാങ്കൽപ്പിക കഥാപാത്രത്തെയാണ്. യഥാർത്ഥ യേശുവെ അല്ല. റസൂൽ തിരുമേനി

(സ) ക്കെതിരെ ക്രിസ്തുമതത്തിൽ നിന്നുള്ള വിമർശനങ്ങളെ പ്രതിരോധിക്കാൻ മസീഹ് മഊദ് നമുക്ക് തന്ന വജ്രായുധം യേശുവിന്റെ മരണം നാനാവിധത്തിലും സ്ഥാപിക്കുക എന്നതാണ്. വാസ്തവത്തിൽ അതൊരു വിമർശനമല്ല സർവ്വാംഗീകൃതമായ ഒരു പ്രകൃതിനിയമം സ്ഥാപിക്കലാണ്. വിമർശനങ്ങൾക്കും നിന്ദകൾക്കുമെതിരെ മറ്റു മുസ്‌ലിംകളെ പോലെ ജാഥ നടത്തി തൊണ്ടകീറി മുദ്രാവാക്യം വിളിക്കുകയോ കലാപമുണ്ടാക്കലോ കൊലവിളിയോ അല്ല നമ്മുടെ മാർഗ്ഗം മറിച്ച് ധൈഷണിക സംവാദങ്ങളാണ് വേണ്ടത്. യേശു ആകാശത്ത് ജീവിച്ചിരിക്കുന്നുവെന്ന് ക്രിസ്ത്യാനികളെ പോലെ വിശ്വസിച്ച് അവർ നടത്തുന്ന മതനിന്ദക്ക് ആയിരം കൊല്ലം മറുപടി പറഞ്ഞാലും യാതൊരു ഫലവുമില്ല.

ഒരുകാര്യം കൂടി അത് സംബന്ധമായി പറയട്ടെ, ‘മസീഹ് ഹിന്ദുസ്ഥാൻ മെ’ എന്ന ഗ്രന്ഥത്തിൽ വളരെ അക്കാദമീയവും വൈജ്ഞാനികവുമായി നിരവധി ചരിത്ര ഗ്രന്ഥങ്ങൾ റഫർ ചെയ്തുകൊണ്ട് മസീഹ് മഊദ് അതിന്റെ രീതി നമുക്ക് പഠിപ്പിച്ചു തന്നിട്ടുണ്ട്. പക്ഷേ നാം മുസ്‌ലിം ഉലമാക്കന്മാരോട് ഈസാ നബിയുടെ വഫാത്ത് സ്ഥാപിക്കുന്നതിൽ മാത്രം ഒതുങ്ങിപ്പോകുന്നു. പക്ഷേ ഈ വിഷയത്തിന്റെ മതാന്തരീയവും ചരിത്രപരവുമായ മാനങ്ങളിൽ കൂടി നമ്മുടെ സംവാദങ്ങൾ വ്യാപിപ്പിക്കേണ്ടത് കാലത്തിന്റെ ആവശ്യമാണ്. വിശുദ്ധ ഖുർആനിൽ നിന്നും മസീഹ് മൗഊദിന്റെ ഗ്രന്ഥങ്ങളിൽ നിന്നും ഉൾക്കാഴ്ച ഉൾക്കൊണ്ട് ചരിത്രപരമായും ശാസ്ത്രീയമായും യേശുവിന്റെ മരണം സ്ഥാപിക്കേണ്ടതുണ്ട്. ക്രിസ്ത്യാനികളുടെ ഭാഗത്ത്നിന്നുള്ള നബി നിന്ദകരെ നിശബ്ദരാക്കാനും വിമർശനങ്ങളുടെ വഴിതിരിച്ചു വിടാനും ഇത്രത്തോളം പ്രഹരശേഷിയുള്ള മറ്റൊരായുധമില്ല. ഏറ്റവും ക്രിയാത്മകമായ മറുപടിയും അതായിരിക്കുമെന്ന് തോന്നുന്നു. പുതിയ കാലത്തെ സാങ്കേതിക വിദ്യ നമുക്ക് പുതിയ ജാലകങ്ങൾ തുറന്നു തന്നിരിക്കുന്നു. ആവേശകരമായ നിരവധി വിജ്ഞാനശാഖകൾ പഠിച്ചു കോർത്തിണക്കി സമൂഹ മാദ്ധ്യമങ്ങളിൽ ആശയ സംവാദത്തിന്റെ പുതിയ പോർമുഖം തുറക്കേണ്ടതുണ്ട്. ഭൗതിക വിജ്ഞാനങ്ങളിൽ പ്രബുദ്ധരായ ക്രിസ്ത്യാനികളെ ആ നാണയിൽ തന്നെ തിരിച്ചടിക്കണം. ഇതാകട്ടെ മറ്റുമുസ്‌ലിംകൾക്ക് പറയാൻ സാധിക്കാത്തതും നമുക്ക് മാത്രം അറിയാവുന്നതുമായ ആയുധവുമാണ്. അതിന് ഈ വിഷയത്തിലുള്ള നൂതന വികാസങ്ങൾകൂടി നാം അിറഞ്ഞിരിക്കണം.

ഉദാഹരണത്തിന് കാണാതെ പോയ യഹൂദ ഗോത്രങ്ങളെ തേടിയാണല്ലോ ക്രിസ്തു ഇവിടെ വന്ന് കശ്മീരിൽ ദിവംഗതനായത്. പൂർവ്വികരുടെ കുടിയേറ്റങ്ങൾ ട്രൈസ് ചെയ്ത് കണ്ടുപിടിക്കുന്ന മൈറ്റോകോൺട്രിയയിലെ ഡി എൻ എ അടിസ്ഥാനമാക്കിയുള്ള ജൈവസാങ്കേതിക വിദ്യ Geneyological **DNA test** നിലവിൽ വന്നിട്ടുണ്ട്. ചരിത്ര പഠനത്തെ പൊളിച്ചെഴുതുന്ന ഒരു വൻ മാറ്റമാണിത്. കശ്മീരിലെയും അഫ്ഘാനിസ്ഥാനിലെയും ജനവർഗ്ഗങ്ങളുടെ ഗോത്ര പാരമ്പര്യവും യഹൂദ ബന്ധവും അനിഷേധ്യമാം വിധം സ്ഥാപിക്കാനുള്ള സാധ്യത ശാസ്ത്രം ഇപ്പോൾ തുറന്നിട്ടുള്ളത്. മറ്റൊന്ന് യേശു ദൈവ പുത്രനാണെന്ന് വിശ്വസിക്കുന്ന ക്രിസ്ത്യാനികളുമായുള്ള സംവാദത്തിൽ യേശുവിന്റെ പിതൃത്വത്തെ സംബന്ധിച്ചുള്ള ശാസ്ത്രീയ വിശദീകരണം നൽകേണ്ടതുണ്ട്. തൗഹീദിന്റെ പുനസ്ഥാപനത്തിനും ആകാശഭൂമികൾ പൊട്ടിപിളർന്നു പോകുന്ന ഈ ശിർക്കൻ വിശ്വാസത്തെ തകർക്കാൻ നമുക്ക് ശാസ്ത്രത്തെതന്നെ കൂട്ട് പിടിക്കാം. അതിന് ഒരു പാട് ഡാറ്റകൾ ഇന്ന് ലഭ്യമാണ്. യേശുവിന്റെ മാതാവ് മറിയം ബീവിയിൽ പ്രവർത്തിച്ച ഹെർമോഫ്രോഡേറ്റിസത്തെ (ഉഭയലിംഗത്വം) പറ്റി നാം അറിഞ്ഞിരിക്കണം. അതുപോലെ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ആർക്കിയോളജിയിൽ വൻ മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത്. സ്മാരകങ്ങൾ പൊളിക്കാതെ ലേസർ സ്കാൻ ചെയ്ത് അതിന്റെ 3 ഡി ഇമ്മേജിംങ്ങിലൂടെ അകത്തെ വിവരങ്ങളിയാൻ സാധിക്കും. 1523 ൽ പോർട്ടുഗീസുകാർ സെന്റ് തോമസിന്റെ ചെന്നൈയിലെ കബർ പൊളിച്ചു നോക്കി അവശിഷ്ടങ്ങൾ കടത്തിക്കൊണ്ടുപോയത് പോലെ ഇപ്പോൾ സ്മാരകം പൊളിക്കേണ്ട ആവശ്യമില്ല. ഈജിപ്തിലെ പിരമിഡിലെ രഹസ്യം പുറത്ത് കൊണ്ട് വരുവാൻ ഉപയോഗിക്കുന്ന ഈ ലേസർ ടെക്നോളജി ഉപയോഗിച്ച് അധികാരികൾ സമ്മതിക്കുമെങ്കിൽ കല്ലറ പൊളിക്കാതെ പരിശോധിച്ച് സത്യം കണ്ടെത്താവുന്നതാണ്. അത്പോലെ ടൂറിനിലെ തിരുശ്ശീല, ചാവുകടൽ ചുരുളുകൾ മുതലായ നൂതന വിജ്ഞാനങ്ങൾ ചേർത്ത് വികസിച്ചുകൊണ്ടിരിക്കുന്ന ഈ വിജ്ഞാനങ്ങളിൽ നാം ശ്രദ്ധിക്കേണ്ടതുണ്ട്. നബിനിന്ദ നടത്തുന്നവരെ നിശബ്ദരാക്കാൻ നമുക്ക് മാത്രം പറയാൻ സാധിക്കുന്ന വിപുലമായ മാനങ്ങളുള്ള ഈ വിഷയങ്ങൾ അനേകം പുതുവിജ്ഞാനങ്ങളെ കോർത്തിണക്കി നമ്മുടെ ഭാഗത്ത്നിന്നുണ്ടാകേണ്ടതുണ്ട്. പ്രതിരോധം മാത്രമല്ല മധുരമായ പ്രത്യാക്രമണം കൂടിയായിരിക്കണം. സോഷ്യൽ മീഡിയായുടെ വിശാലലോകം നമുക്ക് മുമ്പിലുണ്ട്. രക്തരഹിതമായ ഈ ആശയ സമരമാണ് കാലത്തിന്റെ ആവശ്യം.

## നൂറ്റാണ്ടുകളായി തുടരുന്ന നിന്ദ

വെളിപാട് മതങ്ങളുടെ യാതൊരു അടയാളവുമില്ലാത്ത ബഹുദൈവാരാധന കൊടികുത്തി വാണിരുന്ന സ്വജനതയിലാണ് റസൂൽ

2001 സെപ്തംബർ 11 ന് അമേരിക്കയിലെ ട്രേഡ് സെന്റർ ആക്രമണത്തിന് ശേഷം ആഗോള വ്യാപകമായി ഇസ്‌ലാമോഫോബിയ എന്ന പ്രതിഭാസത്തോടൊപ്പം ഈ അധിക്ഷേപങ്ങൾ ആസൂത്രിതമായി തീവ്രമാകുന്നതാണ് കാണുന്നത്. ഈ വിമർശനങ്ങൾക്കെല്ലാം വഴിവെക്കുന്നതിന് മുസ്‌ലികളുടെ പിഴച്ച മത വ്യാഖ്യാനങ്ങളും മൗലാനാ മൗദൂദി, സയ്യിദ് ഖുതുബ് മുതലായവരുടെ മതരാഷ്ട്ര മൗലിക വാദത്തിനും മുഖ്യപങ്കുണ്ട് എന്ന വസ്തുതയും നാം വിസ്മരിച്ചുകൂടാ. ഒരു ദിവ്യാത്മാവിലൂടെ കാലാനുസൃതം നവീകരിക്കപ്പെട്ടെങ്കിൽ മാത്രമെ യഥാർത്ഥ ഇസ്‌ലാമിന്റെ സത്യം ലോകത്ത് വെളിപ്പെടുത്താൻ സാധിക്കുകയുള്ളൂ എന്ന വസ്തുതയിലേക്കാണ് ഈ വിമർശനങ്ങൾ വിരൽ ചൂണ്ടുന്നത്.

## റസൂൽതിരുമേനി(സ): സൂര്യതേജസ്സോടെ വിവൃതനായ ചരിത്രപുരുഷൻ

പരിശുദ്ധ പ്രവാചകൻ സ്വയം ദൈവമാണെന്നോ ദൈവാംശമാണെന്നോ അമാനുഷനാണെന്നോ അതിമാനുഷനാണെന്നോ അവകാശപ്പെട്ടില്ല. മനുഷ്യന് മാതൃക കാണിക്കാൻ മനുഷ്യനായ പ്രവാചകനെയാണ് ദൈവം നിയോഗിച്ചത്. ജനസദസ്സിലിരിക്കുമ്പോൾ പ്രവാചതിരുമേനി (സ) ആദ്യം തൗഹീദ് പ്രബോധിച്ചത്. അല്ലാഹുവിന്റെ ദാഈ ആയതോടെ അൽ അമീൻ എന്ന കീർത്തിമുദ്രയോടെ അവർക്കിടയിൽ പരിശുദ്ധ ജീവിതം നയിച്ചിരുന്ന പ്രവാചകൻ കദ്ദാബും മജ്നൂനും സാഹിറുമായി നഊദുബില്ലാഹ്. അക്കാലം മുതൽ കാലത്തിന്റെ ഭാവപകർച്ചക്കനുസരിച്ച് റസൂൽ തിരുമേനി (സ)ക്കെതിരെയുള്ള നിന്ദയും വിമർശനവും അവഗണനയും നിരാകരണവും നൂറ്റാണ്ടുകളെ അതിജീവിച്ച് വർത്തമാനകാലത്തും തുടരുകയാണ്. അതിന് മറുപടി പറയേണ്ടത് അവിടുത്തെ ആത്മീയ സന്താനങ്ങളെന്ന് അവകാശപ്പെടുന്ന അഹ്മദികളാണ്.

മദീനയിലും നജ്റാണിലുമുള്ള ക്രിസ്ത്യാനികളും യഹൂദരും ബൈസാൻഷ്യൻ ക്രിസ്ത്യാനികളും പിന്നീട് റോമൻ ചർച്ചും പതിനെട്ടും പത്തൊമ്പതും നൂറ്റാണ്ടുകളിൽ ഓറിയന്റലിസം എന്ന പേരിൽ യൂറോപ്പിലെയും അമേരിക്കയിലെയുമുള്ള ചരിത്രകാരന്മാരും നബിനിന്ദക്കും വിമർശനത്തിനും നേതൃത്വം നൽകി. ഇപ്പോൾ വർത്തമാന കാലത്ത് ആ വിമർശനങ്ങൾ നാല് കുതിരക്കാർ **'ഫോർ ഹോഴ്സ്മാൻ'** (Four Horsenman) എന്നറിയപ്പെടുന്ന ഇക്കാലത്തെ നവനാസ്തികന്മാരാണ് (നിയോ എതിസ്റ്റ്) - Richard Dawkins,Sam Harris, Christopher Hitchens and Daniel Dennett – ഇസ്‌ലാം-നബി വിമർശനത്തിനും നാസ്തിക വാദത്തിനും ഇപ്പോൾ ആഗോള നേതൃത്വം നൽകുന്നത്. ഇവരോടൊപ്പം ക്രിസ്ത്യൻ പുരോഹിതന്മാരും ഇവാഞ്ചലിസ്റ്റുകളും സയണിസ്റ്റുകളും എക്സ് മുസ്‌ലിംസ് എന്ന പേരിലറിയപ്പെടുന്ന ഒരു ആഗോള കൂട്ടായ്മയും. ഇതിൽ നിന്നെല്ലാം രാഷ്ട്രീയ ലാഭമുണ്ടാക്കാൻ നോക്കുന്ന ഇസ്‌ലാംമത വിരോധികളുടെ സഹകരണവും ഇവർക്കുണ്ട്. പഴയ നാസ്തികന്മാരെ പോലെ ഇവർ നിഷ്ക്രിയരല്ല. അക്രമണോത്സുകരായ വിമർശകരാണ്. വിദ്യാഭ്യാസം, ഭരണം രാഷ്ട്രീയം എന്നീ രംഗങ്ങളിൽ സ്വാധീനിച്ച് മതത്തെയും മതപുരുഷന്മാരെയും തുറന്നുകാട്ടി എതിർത്ത് പരാജയപ്പെടുത്തണം എന്ന് വാദിക്കുന്നവരാണ് ഇക്കൂട്ടർ.

ഈ നിന്ദയുടെയും അലയൊലികൾ കേരളത്തിൽ നമ്മുടെ സമൂഹത്തിലും സമൂഹമാധ്യമങ്ങളിലും ആഞ്ഞടിക്കുന്നുണ്ട്. സെബാസ്റ്റ്യൻ പുന്നക്കൽ, അനിൽ കൊടിത്തോട്ടം, രവിചന്ദ്രൻ. ലോക്കൽ എക്സ് മുസ്‌ലിംകളായ ജബ്ബാർ, ലിയാക്കത്തലി, ജസ്‌ല മാടശ്ശേരി മുതലായവരും മറ്റു രാഷ്ട്രീയ തൽപ്പരകക്ഷികളും അവരുടെ എണ്ണമറ്റ അനുയായികളും ചേർന്നാണ് നബി തിരുമേനി (സ) യെ വിമർശിക്കുന്നത്. ശരീരത്തിന് ആനന്ദവും ആസ്വാദനവും നൽകുന്നതെല്ലാം നൈതികവും ശരിയുമാണെന്ന് കരുതുന്ന നിരീശ്വരവാദികളും മൂല്യബോധമില്ലാത്തവരുമായ ഈ പൊങ്ങുതടികളാണ് സാമൂഹിക മാദ്ധ്യമങ്ങളിൽ അരങ്ങ് തകർക്കുന്നത്. നബിവിമർശനം നടത്തുമ്പോൾ മുസ്‌ലിംകൾക്കുണ്ടാകുന്ന അത്യധികം ക്ഷോഭവും ജിഹാദീ ഹാലിളക്കം നബിനിന്ദകർ മറ്റു രാഷ്ട്രീയ ലക്ഷ്യങ്ങൾക്കും ഉപയോഗിക്കുന്നുണ്ട് എന്ന് ക്ഷോഭിക്കാൻ മാത്രം അറിയുന്ന മുസ്‌ലിം സമൂഹം അറിയുന്നില്ല.

2001 സെപ്തംബർ 11 ന് അമേരിക്കയിലെ ട്രേഡ് സെന്റർ ആക്രമണത്തിന് ശേഷം ആഗോള വ്യാപകമായി ഇസ്‌ലാമോഫോബിയ എന്ന പ്രതിഭാസത്തോടൊപ്പം ഈ അധിക്ഷേപങ്ങൾ ആസൂത്രിതമായി തീവ്രമാകുന്നതാണ് കാണുന്നത്. ഈ വിമർശനങ്ങൾക്കെല്ലാം വഴിവെക്കുന്നതിന് മുസ്‌ലികളുടെ പിഴച്ച മത വ്യാഖ്യാനങ്ങളും മൗലാനാ മൗദൂദി, സയ്യിദ് ഖുതുബ് മുതലായവരുടെ മതരാഷ്ട്ര മൗലിക വാദത്തിനും മുഖ്യപങ്കുണ്ട് എന്ന വസ്തുതയും നാം വിസ്മരിച്ചുകൂടാ. ഒരു ദിവ്യാത്മാവിലൂടെ കാലാനുസൃതം നവീകരിക്കപ്പെട്ടെങ്കിൽ മാത്രമെ യഥാർത്ഥ ഇസ്‌ലാമിന്റെ സത്യം ലോകത്ത് വെളിപ്പെടുത്താൻ സാധിക്കുകയുള്ളൂ എന്ന വസ്തുതയിലേക്കാണ് ഈ വിമർശനങ്ങൾ വിരൽ ചൂണ്ടുന്നത്.

കനെ മറ്റുള്ളവർക്ക് തിരിച്ചറിയാൻ പോലുമാകുമായിരുന്നില്ല. ഒരിക്കൽ പ്രവാചകനാണെന്നറിഞ്ഞ് തന്റെ മുന്നിൽ അതിഭവ്യതയോടെ ഭയന്നുനിന്ന ഒരു ഗ്രാമീണനായ ദരിദ്രനോട് അവിടുന്ന് പുഞ്ചിരി തൂവിക്കൊണ്ടരുളി. **'ഭയപ്പെടേണ്ട, ഞാനൊരു രാജാവല്ല. ഉണക്ക മാംസം ഭക്ഷിച്ചിരുന്ന പാവപ്പെട്ട ഒരു ഖുറൈഷി വനിതയുടെ മകനാണ് ഞാൻ. അതുകൊണ്ട് അരികിലേക്ക് വരിക.' (തിർമിദി)**

**അ**വിടുത്തെ ജീവിതത്തിന്റെ അടക്കവും അനക്കവും കർമ്മരൂപങ്ങളും ലക്ഷക്കണക്കിന് ഹദീസുകളിലൂടെ നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. അതിൽ ത്യജിക്കേണ്ടതും ഗ്രഹിക്കേണ്ടതുമുണ്ട് എന്നത് ശരിതന്നെ. ഇത്രയും വിപുലമായ വിവരണങ്ങളോടെ ജീവിതം രേഖപ്പെടുത്തിയ മറ്റൊരു മതപുഷനില്ല. അവിടുന്ന് മിത്തിൽ പൊതിഞ്ഞ് ബിംബവത്ക്കരിക്കപ്പെട്ട ഒരു മതപുരുഷനല്ല. പച്ചയായ മനുഷ്യനാണ്. മറ്റാർക്കുമില്ലാത്ത നബി ചരിത്രത്തിലെ ഈ വ്യക്തതയാണ് തിരഞ്ഞെടുത്ത വായനയിലൂടെ നബി നിന്ദകരും വിമർശകരും ദുരുപയോഗം ചെയ്യുന്നത്. അല്ലാഹു ഖുർആനിൽ റസൂൽ തിരുമേനി (സ) യോടായി പറയുന്നു.

**'പറയുക ഞാൻ നിങ്ങളെ പോലെയുള്ള ഒരു മനുഷ്യൻ മാത്രമാണ്. നിങ്ങളുടെ ആരാധ്യൻ ഏകനായ ദൈവം മാത്രമാണെന്ന് എനിക്ക് ദിവ്യബോധനം നൽകപ്പെടുന്നു.' (41:7).**

മനുഷ്യ ജീവിതത്തെ അഗാധമായി സ്വാധീനിക്കാൻ ശേഷിയുള്ള റസൂൽ തിരുമേനിയുടെ സൂക്ഷ്മമായി രേഖപ്പെടുത്തിയ യഥാർത്ഥ ജീവിതം നബിനിന്ദകരെയും വിമർശകരെയും പരിഭ്രാന്തരാക്കുന്നു. അതുകൊണ്ട് സെലക്റ്റീവ് റീഡിംങ്ങിലൂടെ ദുർവ്യാഖ്യാനിച്ചും സന്ദർഭത്തിൽ നിന്നും അടർത്തി മാറ്റിയും ആധികാരികമല്ലാത്തത് ഉദ്ധരിച്ചും വളച്ചൊടിച്ചും വികലവും വികൃതവുമാക്കി അവർ അവതരിപ്പിക്കുകയാണ്. ചരിത്രത്തിൽ സൂര്യസമാനം വെട്ടിതിളങ്ങിനിൽക്കുന്ന ഈ വ്യക്തതയാണ് ഇരുട്ടിനെ പ്രണയിക്കുന്നവർ ആധാരമാക്കുന്നത്. അങ്ങനെയാണ് റസൂൽ തിരുമേനി(സ)ഏറ്റവും കൂടുതൽ വിമർശിക്കപ്പെട്ടത്. അറപ്പുളവാക്കുന്ന രീതിയിൽ അന്തസാരശൂന്യമായി നടത്തിയ എണ്ണിയാലൊടുങ്ങാത്ത വിമർശനങ്ങളാണ് നമ്മുടെ മുമ്പിലുള്ളത്. അവിടുന്ന് നടത്തിയ വിവാഹങ്ങളുടെയും യുദ്ധങ്ങളുടെയും പേരിലാണ് റസൂൽ തിരുമേനി (സ) ഏറ്റവും കൂടുതൽ വിമർശിക്കപ്പെട്ടത്. അതിൽ വിവാഹ ജീവിതത്തെ സംബന്ധിച്ച് മാത്രം ഇവിടെ അൽപം പരാമർശിക്കാം

## വിവാഹവും വിമർശകരും

ഒന്നാമതായി വിമർശനമുന്നയിക്കുന്നവരുടെ മതങ്ങളിൽ നിന്നും ഭിന്നമായി വിവാഹ ജീവിതമാണ് ആത്മീയ ജീവിതത്തിന്റെ പൂർണ്ണരൂപമായി ഇസ്ലാം കാണുന്നത്. ബ്രഹ്മചര്യം ആത്മീയതക്ക് ചേർന്നതല്ല എന്നാണ് ഇസ്ലാമിന്റെ നിലപാട്. ഖുർആൻ ക്രിസ്ത്യാനികളുടെ സദ്ഗുണങ്ങളെ വാഴ്ത്തിക്കൊണ്ട് പറയുന്നു **'അദ്ദേഹത്തിന് നാം ഇഞ്ചീൽ നൽകി അദ്ദേഹത്തെ പിൻപറ്റിയവരുടെ ഹൃദയങ്ങളിൽ നാം കൃപയും കാരുണ്യവും സംജാതമാക്കി. പക്ഷേ സന്യാസി സമ്പ്രദായം അവർ നൂതനമായി പടച്ചുണ്ടാക്കിയതാണ്. അല്ലാഹുവിന്റെ തൃപ്തിയെ ആഗ്രഹിക്കണമെന്നല്ലാതെ നാം അത് അവർക്ക് നിർബന്ധമാക്കിയിട്ടില്ല. അത് അവർ വേണ്ടവിധം പാലിച്ചുമില്ല.'(സൂറ: അൽഹദീദ് 57:28)**

മനുഷ്യന്റെ ജൈവികമായ ഒരു ആവശ്യത്തെ നിരാകരിച്ചുകൊണ്ട് സഭയും മറ്റുമതങ്ങളും മതത്തിന്റെ പേരിൽ നടപ്പാക്കുന്ന ബ്രഹ്മചര്യം യഥാർത്ഥ അദ്ധ്യാത്മികതക്ക് ചേർന്നതല്ല എന്നാണ് വിശുദ്ധ ഖുർആൻ പറയുന്നത്. ബ്രഹ്മചര്യം പാലിക്കാൻ കഴിയാത്തതിന്റെ പേരിൽ ലോകം മുഴുവൻ ക്രിസ്തുസഭ മാപ്പും നഷ്ടപരിഹാരവും കൊടുത്ത് മുടിഞ്ഞുകൊണ്ടിരിക്കുന്നത് ദിനേന പത്രവാർത്തയാണല്ലോ.

മനുഷ്യന്റെ സർവ്വവിധ ധാർമിക ഗുണങ്ങളും കഴിവുകളും പുഷ്ക്കലമാവുന്നതും പൂർണ്ണത പ്രാപിക്കുന്നതും വിവാഹ ജീവിതത്തിലൂടെയാണ്. അനുഭവ സാന്ദ്രമായ അനേകം ജീവിത സന്ദർഭങ്ങളും ഉത്തരവാദിത്തപൂർണ്ണമായ ബന്ധുത്വസേവനങ്ങളും വിവാഹ ജീവിതവും കുടുംബജീവിതവുമാണ് മനുഷ്യന് സമ്മാനിക്കുന്നത്. മാത്രല്ല ജീവരാശിയുടെ നിലനിൽപ്പിന് ഒരു ജൈവികാവശ്യവുമാണ് വിവാഹം. മുഹമ്മദ് നബി (സ)ക്ക് മുമ്പുള്ള എല്ലാ പ്രവാചകന്മാരും വിവാഹിതരും സന്താനങ്ങളും ഉള്ളവരുമാണെന്ന് വിശുദ്ധ ഖുർആൻ പറയുന്നു. അത്കൊണ്ടാണ് ആത്മീയ ജ്ഞാനത്തിന്റെ പാരമ്യം കണ്ട റസൂൽ തിരുമേനി (സ) പറഞ്ഞത്: **'വിവാഹം നമ്മുടെ ചര്യയാണ്. നമ്മുടെ ചര്യ പിന്തുടരാത്തവനുമായി നമുക്ക് ബന്ധമില്ല.'(ഇബ്നു മാജ).**

വിവാഹം എന്ന സ്ഥാപനം മതക്കാരുടെ പ്രാകൃതസങ്കൽപ്പമാണെന്നും അതിന്റെ ആവശ്യം തന്നെ ഇല്ല എന്ന് പറയുകയും ആനന്ദവും ആസ്വാദനവും നൽകുന്നതെല്ലാം യാതൊരു നിയന്ത്രണവുമില്ലാതെ ഭോഗിക്കാം എന്ന് കരുതുകയും അഗമ്യഗമനങ്ങളെയും (Incest) ലിവിംങ്ങ് ടുഗദറിനും വേണ്ടി നിലകൊള്ളുകയും ചെയ്യുന്ന നിരീശ്വരവാദികളും യുക്തിവാദികളുമാണ് ഈ നബി നിന്ദ നടത്തുന്ന മറ്റൊരു കൂട്ടർ.

## റസൂൽ തിരുമേനി(സ)യുടെ വിവാഹങ്ങൾ

മറ്റൊരു വിമർശനം തിരുപ്രവാചക(സ)ന്റെ ബഹുഭ്യാര്യാത്വത്തെ സംബന്ധിച്ചാണ്. ഒന്നാമതായി നമ്മുടെ വിവാഹത്തിന്റെ പരിമിതമായ ഉദ്ദേശ്യവും ലക്ഷ്യവുമായിരു

ന്നില്ല റസൂൽ തിരുമേനി(സ) യുടെ വിവാഹങ്ങൾക്കുണ്ടായിരുന്നത്. ഇസ്‌ലാം എന്ന മഹത്തായ ഒരു മതസ്ഥാപനത്തിന് ആവശ്യമായ ജീവിതപാഠങ്ങൾ നൽകുന്ന സാമൂഹിക പ്രസക്തമായ സംഭവങ്ങളായിരുന്നു റസൂൽ തിരുമേനി(സ) യുടെ വിവാഹങ്ങൾ. ഏക പത്നീ വ്രതം കൊണ്ട് മാത്രം പ്രകാശിതമാവാൻ സാദ്ധ്യമല്ലാത്ത ബഹുമുഖമായ ജീവിത സന്ദർഭങ്ങൾക്ക് അവിടുന്ന് മാർഗ്ഗദർശനം നൽകേണ്ടതുണ്ട്.

വരാനിരിക്കുന്ന നൂറ്റാണ്ടുകളിലെ വിവിധങ്ങളായ സാമൂഹിക ആചാരങ്ങളെയും പാരമ്പര്യങ്ങളെയും ജീവിതാവസ്ഥകളെയും സമഗ്രമായി അഭിസംബോധന ചെയ്ത സാർവ്വജനീന മാർഗ്ഗദർശകനാണ് പരിശുദ്ധ പ്രവാചകൻ. അക്കാരണംകൊണ്ട് തന്നെ വിവാഹത്തെ സംബന്ധിച്ച് റസൂൽ തിരുമേനി(സ)ക്ക് ചില കാര്യങ്ങളിൽ ഇളവുകൾ പ്രഖ്യാപിച്ചുകൊണ്ട് അല്ലാഹു സൂറ: അഹ്സാബിൽ പറയുന്നു.

**'ഇത് വിശ്വാസികൾക്കില്ലാത്ത നിനക്ക് മാത്രമായ ഒരു വിധിയാകുന്നു'(അൽ അഹ്സാബ് 33: 51)**

തിരുമേനി (സ) ഭാര്യമാർ ഹദ്റത്ത് ആയിശ ഒഴികെ ബാക്കിയെല്ലാം വിധവകളും ഉപേക്ഷിക്കപ്പെട്ടവരും പ്രായമേറിയവരും ദരിദ്രരും സൗന്ദര്യം കുറഞ്ഞവരുമായിരുന്നു. പലവിധ സ്വഭാവ വൈവിധ്യങ്ങളും ജീവിതപശ്ചാത്തലങ്ങളുള്ളവരുമായിരുന്നു അവർ. അവരോടെല്ലാമുള്ള പ്രവാചകന്റെ ജീവിത പ്രതികരണങ്ങളിലൂടെ നമുക്ക് ലഭിച്ചത് മനുഷ്യന്റെ വൈവിധ്യപൂർണ്ണവും വിപുലവുമായ കർമ്മജീവിതത്തിനുതകുന്ന ജ്ഞാനശേഖരവും മാർഗ്ഗരേഖയുമാണ്. പൊതു സാമൂഹിക ജീവിതത്തിലെ എല്ലാ വാക്കും പ്രവർത്തിയും രേഖപ്പെടുത്താനും അവിടുത്തെ വിശുദ്ധ സാന്നിദ്ധ്യം അനുഭവിക്കാനും അനുചരന്മാർ സദാസമയവും പ്രവാചകന് ചുറ്റിലും ഉണ്ടാകുമായിരുന്നു. പക്ഷേ അവിടുത്തെ കുടുംബ ജീവിതം പ്രകാശിതമാക്കാൻ ഭാര്യാപദത്തിലുള്ള ഒരാൾക്കേ സാധ്യമാവൂ. മനുഷ്യ ജീവിതത്തിന് ഏറ്റവും കൂടുതൽ മാർഗ്ഗദർശനം ലഭിക്കേണ്ട ഒന്നാണ് കുടുംബ ജീവിതം. അത് പ്രകടിതമാവാൻ വിവിധ ജീവിത പശ്ചാത്തലമുള്ള ഭാര്യമാർ ഉണ്ടാവുക എന്നത് മാതൃകാപുരുഷൻ എന്ന നിലയിൽ പ്രവാചകന് അനിവാര്യമാണ്.

തന്റെ ദൗത്യം അതീവ കഠിനമായ അഗ്നിപരീക്ഷണങ്ങളുടെ ഒരു കനൽ പഥമായിരുന്നു. ഉടുതുണിക്ക് മറുതുണിയില്ലാത്ത പട്ടിണിയുടെ നെടുംനാളുകൾ, അവിടുത്തെ ഭാര്യാപദം അലങ്കരിക്കാൻ സാധാരണ സ്ത്രീകൾക്ക് സാധിക്കുമായിരുന്നില്ല. അതുകൊണ്ട് ആദ്യമായി പ്രവാചക പത്നിമാരോട് റസൂൽ തിരുമേനി (സ) അല്ലാഹുവിന്റെ നിർദ്ദേശ പ്രകാരം നടത്തിയ അസാധാരണമായ ഒരു അഭ്യർത്ഥന എന്തുകൊണ്ട് ഈ വിമർശകന്മാർ കാണുന്നില്ല.

**'ഓ നബീ നിന്റെ ഭാര്യമാരോട് പറയുക നിങ്ങൾ ഐഹിക ജീവിതത്തെയും അലങ്കാരത്തേയുമാണ് ഉദ്ദേശിക്കുന്നതെങ്കിൽ വരൂ, ഞാൻ നിങ്ങൾക്ക് ജീവിത വിഭവങ്ങൾ നൽകുകയും മാന്യമായ നിലയിൽ നിങ്ങളെ വിട്ടയക്കുകയും ചെയ്യാം' (അൽ അഹ്സാബ് 33: 29)**


സത്യവിശ്വാസികളുടെ ഉമ്മമാർ എന്നറിയപ്പെട്ട ആ വിശുദ്ധാംഗനകൾ അങ്ങേയറ്റത്തെ പരീക്ഷണവേളയിലും ദരിദ്രാവസ്ഥയിലുമാണ് അവിടുത്തെ ഭാര്യാപദത്തിലെത്തിയത്. ആ മഹിളാ രത്നങ്ങളാരും തന്നെ ആ പുണ്യസവിധം വിട്ട് എങ്ങും പോയില്ല. സമൂഹം അഗ്നികുണ്ഡം തീർത്തെങ്കിലും അവിടത്തെ സ്വർഗ്ഗീയ സാന്നിധ്യത്തിലും സാന്ത്വനത്തിലും അവർ ആത്മനിർവൃതിയും സായൂജ്യവുമടയുകയായിരുന്നു.

നമ്മുടെ വിവാഹത്തിന്റെ പരിമിതമായ ലക്ഷ്യമായിരുന്നില്ല പ്രവാചകന്റെ വിവാഹങ്ങൾക്കുണ്ടായിരുന്നത്. അറേബ്യ അന്ന് ഗോത്രങ്ങളുടെ ഒരു ഫെഡറേഷനായിരുന്നു. ഇസ്‌ലാംമതത്തോട് ബദ്ധവൈരം പുലർത്തിയിരുന്ന പല ഗോത്രങ്ങളുമായും അക്കാലത്തെ സമ്പ്രദായമനുസരിച്ച് വിവാഹബന്ധത്തിലൂടെ അവിടുന്ന് സമാധാനം സ്ഥാപിക്കുകയുണ്ടായി. ഹദ്റത്ത് ജുവൈരിയയുമായുള്ള വിവാഹം മുഖേനയാണ് ഇസ്‌ലാമിന്റെ ബദ്ധവൈരികളായിരുന്ന മുസ്ദലിഖ് ഗോത്രവുമായുള്ള ശത്രുത അവസാനിപ്പിച്ചത്. അത്പോലെ നബി പത്നി ഹദ്റത്ത് മൈമൂനയുടെ ഹിലാൽ ഗോത്രം അതികഠിനമായ എതിരാളികളായിരുന്നു. ഹദ്റത്ത് മൈമൂനയുടെ വിവാഹശേഷം അവർ ഇസ്‌ലാമിന്റെ മിത്രങ്ങളായി മാറി. അബൂസുഫിയാന്റെ മകൾ ഉമ്മുഹബീബയെ വിവാഹം കഴിച്ചതിന് ശേഷം അദ്ദേഹം പ്രവാചകനുമായി യുദ്ധം ചെയ്തിട്ടില്ല. ഉന്നതകുലജാതയായ ഒരു യഹൂദ വനിതയായ സഫിയായുമായുള്ള വിവാഹത്തിന് ശേഷം യഹൂദ ഗോത്രവുമായുള്ള ശാത്രവത്തിന് അൽപ്പം ശമനമുണ്ടായി. ഇങ്ങനെ ഗോത്രബന്ധിതമായ പുരാതന അറബ് സമൂഹത്തിൽ സമാധാനം സ്ഥാപിക്കാനും ഇസ്‌ലാം പ്രചരിപ്പിക്കാനുമുള്ള ഒരു ഉപാധി കൂടിയാരുന്നു അവിടുത്തെ വിവാഹങ്ങൾ. ചരിത്രത്തിലും മതത്തിലും സമൂഹത്തിലും ബഹുപത്നിമാരെ പരിണയിക്കുകയും സ്ത്രീകളെ വെപ്പാട്ടിമാരായി വെക്കുകയും ചെയ്ത മാതൃകാപുരുഷന്മാർ, മതപുരുഷന്മാർ, രാജാക്കന്മാർ, സാംസ്ക്കാരിക രാഷ്ട്രീയ നേതാക്കന്മാർ എന്നിവരെ കൊണ്ടുമുള്ള പ്രളയമാണ്. ഈ അവസ്ഥയിൽ രേഖകളുദ്ധരിച്ച് പ്രവാചകനെതിരെ വിമർശനമുയർത്തുന്നവരുടെ ശ്രമം അവരുടെ ഹൃദയദുഷിപ്പിന്റെയും പ്രവാചക വിരോധത്തിന്റെയും ആഴമാണ് കാണിക്കുന്നത്. (തുടരും)

# തിരകളടങ്ങാത്ത വൻകടൽ

## 'ഹദ്‌റത്ത് ബിലാൽ(റ)പറഞ്ഞ കഥ'

**പ്രൊഫ. ബി. മഹ്മൂദ് അഹ്മദ്**




കേരളത്തിന്റെ മതസാഹിത്യ രംഗത്തു അറിവിന്റെ അക്ഷരശുദ്ധി പകർന്ന ഒരു ഗ്രന്ഥമാണു ഇബ്നു വഫാ ബേപ്പൂരിന്റെ 'ഹദ്‌റത്ത് ബിലാൽ പറഞ്ഞ കഥ'. അക്ഷരം എന്നതിനു ഒരിക്കലും നശിക്കാത്തത് എന്ന അർത്ഥമുണ്ട് അതുപോലെ അക്ഷരം വെളിച്ചമാണെന്ന ഒരു ധാരണയുമുണ്ട്. അങ്ങനെ വരുമ്പോൾ ഒരിക്കലും ഒടുങ്ങാത്ത വെളിച്ചത്തിന്റെ ഉപഹാരമാണു ഹദ്‌റത്ത് ബിലാൽ (റ) പറഞ്ഞ കഥ.

പ്രസാധകക്കുറിപ്പിൽ ചൂണ്ടി കാണിച്ചതുപോലെ ചുട്ടുപഴുത്ത മണലിൽക്കിടത്തി പാറക്കല്ല് നെഞ്ചത്ത് വരിഞ്ഞു കെട്ടിയ നിലയിൽ കരാളഭീതിതമായ പീഡനങ്ങളാൽ പിടയുമ്പോഴും 'അല്ലാഹു അഹദ്' അഥവാ 'ദൈവം ഏകൻ' എന്ന തന്റെ ആദർശപ്രമാണം അധരത്തിൽ ഉരുവിട്ട ബിലാലി (റ) ന്റെ ഉജ്ജ്വല ജീവിത കഥയാണ് ഇബ്നു വഫ തന്റെ കൃതിയിലൂടെ അന്വർത്ഥമാക്കുന്നത്. ലോകം കണ്ട ഏറ്റവും വലിയ ത്യാഗ സന്ദർഭത്തിന്റെ അമര കഥയാണ് ഈ പുസ്തകത്താളിൽ ചുവന്ന നക്ഷത്രങ്ങളായി തിളങ്ങി നിൽക്കുന്നത്.

പുസ്തകം ആകെക്കൂടി മറിച്ചു നോക്കിയപ്പോൾ തിരകളൊടുങ്ങാത്ത വൻകടലാണ് ഞാൻ കണ്ടത്. അതുകൊണ്ടു തന്നെ ഇതിലെ സംഭവങ്ങൾ ഓരോന്നോരോന്നായി ഞാൻ ഇവിടെ പ്രതിപാദ്യ വിഷയമാക്കുന്നില്ല. ഒരു പുസ്തകം പഠന വിധേയമാക്കുമ്പോൾ പ്രധാനമായ

**ഹദ്‌റത്ത് ബിലാൽ (റ) പറഞ്ഞകഥ**

**ഇബ്നു വഫ ബേപ്പൂർ**

പ്രസാ: മജ്‌ലിസ് അൻസാറുല്ലാഹ്, മാത്തോട്ടം

**വില: 375**

ത് അതിന്റെ ശിൽപചാതുരിയാണ്. ഇബ്നു വഫക്ക് ആ കാര്യത്തിൽ പ്ലസ് മാർക്ക് ലഭിക്കുക തന്നെ ചെയ്യും. കാരണം നമ്മുടെ സാഹിത്യത്തിലെ സർവ്വകലാ വല്ലഭന്മാരെപ്പോലും അത്ഭുതപ്പെടുത്തുന്ന രീതിയിൽ ആഖ്യാന രീതിക്ക് അദ്ദേഹം പുതുമ ചാർത്തുന്നു. ഇതിൽ കഥ പറയുന്നത് ഇബ്നു വഫയല്ല, ബിലാൽ(റ) തന്നെയാണ്. അതുകൊണ്ട് ജീവചരിത്രമായിത്തീരേണ്ട ഈ ഗ്രന്ഥം ആത്മകഥയായിത്തീരുന്നു. അതിന്റെ ഒരു മെച്ചം പ്രതിപാദനത്തിൽ പ്രകടമാവുന്ന ആത്മാർത്ഥതയാണ്. ബിലാലി (റ) ൽ നിന്നു തന്നെ വാക്കുകൾ വരുമ്പോൾ അത് നാവിൽ നിന്നല്ല വാർന്നു വീഴുന്നത്, മറിച്ച് ഹൃദയത്തിൽ നിന്നാവുന്നു. ഒരു ഉദാഹരണമിതാ 'അവരെന്നെ എത്രനേരം വരെ ചാട്ടവാർ കൊണ്ട് പ്രഹരിച്ചു, എന്നെനിക്കറിയില്ല. ഞാൻ അബോധാവസ്ഥയിൽ ആ പകലും രാത്രിയും ചുട്ടുപൊള്ളുന്ന മണലിൽ കിടന്നു എന്നാണ് തോന്നുന്നത്. പിറ്റേ ദിവസം സൂര്യകിരണങ്ങൾ ശക്തിയായി എന്റെ മുഖത്തടിച്ചപ്പോൾ കൺപോളകൾക്ക് നേരിയ ഇളക്കമുണ്ടായി. പതിയെ ബോധത്തിലേക്ക് തിരിച്ചു വരുന്നതുപോലെ.'

എസ്.കെ. പൊറ്റക്കാടിന്റെ 'ഹിമാലയ സാമ്രാജ്യത്തിൽ' എന്ന സഞ്ചാരകൃതി വായിച്ചുതീർത്തപ്പോൾ രാജ്യം കാക്കുന്ന ജവാന്മാരെക്കുറിച്ചുണ്ടാവുന്ന കണ്ണുനീരിൽ ചാലിച്ച അഭിമാനം ഞാനോർത്തു. അതിനു സമാനമായി ഇസ്‌ലാമിനെ കാത്ത ഹദ്റത്ത് ബിലാൽ(റ)നെക്കുറിച്ച് അഭിമാനം എന്നിൽ വിജ്രംഭിച്ചു. ഇതാണ് ഭാഷയുടെ ആലക്തികദീപ്തി. ഇബ്നു വഫയുടെ ഭാഷയും ഈ രീതിയിൽ വജ്രസമാനമാവുന്നു. ഇസ്‌ലാം എന്നതിന് ശാന്തി, സമാധാനം എന്നീ അർത്ഥങ്ങളുമുണ്ട്.

ഈ ഗ്രന്ഥം സത്യവിശ്വാസത്തിന്റെ, ചരിത്രഗതികളുടെ, സംസ്കാര മഹത്വത്തിന്റെ, പ്രപഞ്ചവിശാലതയുടെ മാനങ്ങളുള്ള ഒന്നാണ്. പുസ്തകത്തിന്റെ അവതാരികയിൽ സത്യദൂതൻ പ്രത്രാധിപർ എ. എം. മുഹമ്മദ് സലീം സാഹിബ് എടുത്തു ചേർത്ത ഒരു ഖുർആൻ വാക്യമുണ്ട്

'മനുഷ്യരെ, തീർച്ചയായും നാം നിങ്ങളെ ആണിൽ നിന്നും പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളെ വിവിധ വർഗങ്ങളും ഗോത്രങ്ങളുമാക്കിയിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയാൻ വേണ്ടി. തീർച്ചയായും അല്ലാഹുവിന്റെ പക്കൽ നിങ്ങളിൽ വെച്ചേറ്റവും ബഹുമാന്യൻ നിങ്ങളിൽ വെച്ചേറ്റവും ഭയഭക്തിയുള്ളവനാകുന്നു.'(ഖുർആൻ 49 : 14) മനുഷ്യസമത്വത്തിന്റെ നിതാന്തദർശനമായ ഈ വാക്കുകൾക്ക് വീണ്ടും വീണ്ടും അടിവരയിടുകയാണ് 'ബിലാൽ (റ) പറഞ്ഞ കഥ'. മനുഷ്യനെ വിഭജിക്കുന്ന അധമ അടിമത്ത മനോഭാവത്തിന് ഫുൾസ്റ്റോപ്പിട്ടു ഇസ്‌ലാം. വിശ്വസാഹോദര്യത്തെക്കുറിച്ച് ഇസ്‌ലാമിക നിലപാടിന്റെ വിപ്ലവജ്വാലയാണ് ബിലാൽ (റ) പറഞ്ഞ കഥ എന്ന് ഇബ്നു വഫ പറഞ്ഞുവെക്കുന്നു. അവതാരികകാരൻ എഴുതിയതു പോലെ ഹദ്റത്ത് ബിലാൽ (റ) എന്ന എത്യോപ്യൻ അടിമയുടെ അത്ഭുതകരമായ അവസ്ഥാന്തരങ്ങളാണ് ഇസ്‌ലാമിന്റെ അടിമ വിമോചനത്തിന്റെ ഉത്തമ നിദർശനം. ഇരുളിന്റെ പേക്കോലങ്ങൾ എന്ന് പേരിട്ട് വിളിക്കപ്പെട്ട നീഗ്രോ അടിമ സമാധാനത്തിന്റേയും സാഹോദര്യത്തിന്റേയും സ്നേഹത്തിന്റേയും ലോകമുദ്രയായ ഇസ്‌ലാമിക പതാക പ്രപഞ്ച ചക്രവാളത്തിന്റെ അനന്തനീലിമയിലേക്ക് പാറിപ്പറപ്പിക്കുന്നതിന്റെ ഇതിഹാസമാണ് 'ബിലാൽ (റ) പറഞ്ഞ കഥ'.

ഈ ഗ്രന്ഥം ചരിത്രത്തിന്റെ പാഠപുസ്തകമാണ് എന്നതാണ് മറ്റൊരു സവിശേഷത. ആ ചരിത്രമാവട്ടെ ജന്മജന്മാന്തരങ്ങളുടെ അദ്ധ്യായങ്ങൾ തിരിച്ചുള്ളവയാണ്. ഇതിൽ മനുഷ്യോൽപ്പത്തി മുതൽ ഇങ്ങോട്ടുള്ള വർഗ്ഗ വർണ്ണ വിവേചനവും അതിന്നെതിരായി ദിവ്യകാരുണ്യത്തിലൂടെ ഇസ്‌ലാം ഉയർത്തിയ പ്രതിരോധത്തിന്റേയും ഏടുകളുണ്ട്. രണ്ടാം ലോക മഹായുദ്ധത്തിനു ശേഷം ഐക്യരാഷ്ട്ര സഭ രേഖപ്പെടുത്തിയ മനുഷ്യാവകാശ പ്രമാണത്തോളം അതെത്തി നിൽക്കുന്നു. ഇന്നും തുടർന്നുകൊണ്ടിരിക്കുന്ന ദളിതപീഡനങ്ങളേയും സ്ത്രീ സ്വാതന്ത്ര്യ നിഷേധങ്ങളേയും ഇതിൽ സൂചിപ്പിക്കുകയും ചെയ്യുന്നു. ഭാവിയുടെ പ്രതീക്ഷയായ അഹ്മദിയ്യാ ജമാഅത്തിന്റെ സമാധാന ശ്രമങ്ങൾ വരെ ഇതിൽ ഇടം നേടുന്നു.

ഇസ്‌ലാമിക ചരിത്രത്തിന്റെ നാൾവഴികൾ സമഗ്രമായി സ്ഥാനം പിടിച്ചതാണ് ഈ പുസ്തകം. ബിലാൽ (റ) വിന് അഭയം നൽകിയ അബൂബക്കർ (റ) ന്റെ ഭവനവും മക്കയിൽ നിന്ന് മദീനയിലേക്കുള്ള തിരുനബി (സ)യുടെ പാലായനവും തായിഫിലെ മർദ്ദനവും ബദർ യുദ്ധവും ഉഹ്ദ് യുദ്ധവും ഹുനൈൻ യുദ്ധവും മക്കാ വിജയവും മർദ്ദകർക്കുള്ള മാപ്പു നൽകലും തിരുനബി (സ) യുടെ വിശ്വവിഖ്യാതമായ വിടവാങ്ങൽ ഉൾപ്പെടെ എല്ലാം എല്ലാം ഈ പുസ്തകത്തിന്റെ വിവിധ ഭാഗങ്ങളിൽ മഞ്ഞുതുള്ളിയിൽ പ്രപഞ്ചം പ്രതിബിംബിക്കുന്നത് പോലെ കടന്നു വരുന്നു.

നബി തിരുമേനിയുടെ വിയോഗത്തെ തുടർന്നു ബിലാൽ (റ)ന്റെ അന്തരംഗ വിക്ഷോഭങ്ങളും സംഘർഷങ്ങളും വാക്കുകൾക്കതീതമായ മാനസിക ഭാവങ്ങളുടേതുമാണ്. 'കരുണരസം കരകവിയും കഥ പറയാം, കരളുരുകി കരളുരുകി കരയരുതിന്നാരും' എന്നു പാടിയത് ചങ്ങമ്പുഴയാണ്. ഇതിന് സമാനമായി ഇബ്നു വഫയുടെ വാക്കുകൾ ശ്രദ്ധിക്കൂ. ഹദ്റത്ത് ബിലാൽ (റ) നബി(സ)യുടെ നിര്യാണ ശേഷം എങ്ങനെയാണെന്നു കാണൂ. 'ദിവസങ്ങളും ആഴ്ചകളും മാസങ്ങളും കടന്നുപോയി. ഞാൻ നട

ക്കുന്നു, ഇരിക്കുന്നു, കിടക്കുന്നു, നമസ്ക്കരിക്കുന്നു. എല്ലാം ചെയ്യുന്നുണ്ട്. പക്ഷേ, ഞാൻ ഇവിടെയല്ല ജീവിക്കുന്നത്. മറ്റെവിടെയോ ആണ്. എന്റെ പ്രിയ റസൂലിന്റെ ഓർമ്മയിൽ ഞാൻ നാളുകൾ തള്ളി നീക്കി. മദീനയിലെ ഇടവഴികളും തെരുവുകളും കെട്ടിടങ്ങളും എല്ലാം തന്നെ വിജനവും നഷ്ടാവശിഷ്ടങ്ങളും പാഴിടങ്ങളുമായി എനിക്കു തോന്നി. ആ തെരുവുകളും വഴികളും എല്ലാം എന്റെ യജമാനരായ റസൂൽ തിരുമേനിയുടെ ഓർമ്മകൾ എന്നിൽ ഉണർത്തിക്കൊണ്ടിരുന്നു. അതൊക്കെതന്നെ എന്റെ മനോവേദനയെ വർദ്ധിപ്പിക്കുകയാണ് ചെയ്തത്'.

അബൂബക്കർ (റ) ആണ് ഹദ്റത്ത് ബിലാൽ (റ)ന്റെ മനസ്സിന്റെ ചോരപ്പാടിൽ അലിഞ്ഞു നിന്ന മറ്റൊരു ചേരുവ. ബിലാൽ (റ) പറയുന്നു, 'ഇതേ അമീറുൽ മുഅ്മിനീൻ അഥവാ അബൂബക്കർ (റ) തന്നെയാണ് വർഷങ്ങൾക്കു മുമ്പ് എന്നെ ജീവിതത്തിലേക്ക് പിടിച്ചു കയറ്റിയത്. കരകാണാക്കടലിലെ തുരുത്താണെനിക്കദ്ദേഹം. എന്റെ ജീവിത മരുഭൂമിയിലെ നീരുറവാണ് ആ മഹാത്മാവ്. ഉമയ്യത്തിബ്നു ഖലഫിന്റെ തടങ്കൽ പാളയത്തിൽ ഞെരിഞ്ഞമർന്ന എന്നെ പൊന്നും വില നൽകി മോചിപ്പിച്ചത്, എന്നെ ശുശ്രൂഷിച്ചത് എന്റെ ആവശ്യങ്ങളറിഞ്ഞ് എന്നെ സഹായിച്ചത് അദ്ദേഹമായിരുന്നു. ആ ഭാരിച്ച കടപ്പാട് എനിക്കൊരിക്കലും വീട്ടാൻ സാധിച്ചിട്ടില്ല' അതെ, 'വാക്കുകൾ ആത്മാവിൽ നിന്നു വരുമ്പോൾ സംഗീതമാവുന്നത്' 'ബിലാൽ പറഞ്ഞകഥ'യിൽ നിന്ന് നമുക്ക് കുറിച്ചെടുക്കാം.

ഈ പുസ്തകം എഴുതാൻ തനിക്ക് പ്രേരണയായ പിതാവ് മൗലവി മുഹമ്മദ് അബുൽ വഫാ സാഹിബിനെ കുറിച്ച് പുത്രസഹജമായ ആദരവോടെ കുറിച്ചിട്ട വാക്കുകൾ ഈ പുസ്തകത്തിൽ വെള്ളിരേഖകളായി മിന്നുന്നുണ്ട്. മൗലവി മുഹമ്മദ് അബുൽ വഫാ സാഹിബ് എന്റെ ഉപ്പയുടെ ജ്യേഷ്ഠ സഹോദരനാണ്. മഹാ പാണ്ഡിത്യത്തിന്റെ ഗരിമയാണദ്ദേഹം. ജീവിത ലാളിത്യത്തിന്റെ ഇളം തളിരും. ഇസ്‌ലാം ഇന്റർനാഷനലിന്റെ വിശുദ്ധ ഖുർആൻ മലയാള പരിഭാഷയുടെ എഡിറ്റർ അദ്ദേഹമായിരുന്നു. പത്രാധിപ സമിതിയിൽ അദ്ദേഹം എന്നെ ഉൾപ്പെടുത്തി. എന്തുകൊണ്ടാവാം അങ്ങിനെ എന്ന് എപ്പോഴും ഞാനാലോചിച്ചിട്ടുണ്ട്. കക്ഷി രാഷ്ട്രീയത്തിന്റെ പെരുവഴിയിൽ ജീർണ്ണിച്ചു പോവുമായിരുന്ന എനിക്ക് ഒരു പിടിവള്ളി നൽകുകയായിരുന്നു അദ്ദേഹം. അതിനെക്കുറിച്ച് വിലയിരുത്തൽ കാലം നിർവ്വഹിക്കട്ടെ.

മൗലവി അബുൽ വഫാ സാഹിബ് ഇന്ത്യാ വിഭജന കാലത്ത് ഖാദിയാൻ സംരക്ഷിക്കാൻ അഹ്മദിയ്യാ സാരഥി ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് (റ) നിയോഗിച്ച 313 ദർവേശ്മാരിൽ ഒരാളായിരുന്നു. മനുഷ്യരായ മനുഷ്യർക്കൊക്കെ അഭയം നൽകാൻ ചുമതലപ്പെട്ട സുരക്ഷാവ്യൂഹം. മരണത്തിനും ജീവിതത്തിനുമിടയിലുള്ള നൂൽപ്പാലത്തിലൂടെയാണ് അവർ കലാപ നാളുകൾ പിന്നിട്ടത്. അക്രമികളുടെ വാൾമുനകളിലും ജീവനോടെയുള്ള കുഴിച്ചു മൂടലുകളിലും ജീവൻ നഷ്ടപ്പെടുവാൻ സാധ്യതയുണ്ടായിരുന്ന അവർ ദൈവകൃപയാലാണ് ജീവൻ പിടിച്ചു നിർത്തിയത്. അല്ലെങ്കിലും ജീവിതം ക്ഷണഭംഗുരമാണ് എന്നവർക്കറിയാമായിരുന്നു.

ദർവേശ്മാരെന്ന ആ മഹാത്യാഗിവര്യമാരിൽ ഉൾപ്പെട്ട മൗലവി മുഹമ്മദ് അബുൽ വഫാ സാഹിബിന്റെ പുത്രൻ ഇബ്നു വഫ 'ബിലാൽ (റ) പറഞ്ഞകഥ' രചിച്ചത് ത്യാഗത്തിന്റെ മഷിക്കുപ്പിയിൽ മുനമുക്കിയാണ്. ഈ പുസ്തകം മാന്യ വായനക്കാരുടെ മനസ്സിൽ ദൈവ സ്നേഹത്തിന്റെ ശാന്തി തീരമാവട്ടെ എന്ന പ്രാർത്ഥനയാണ് എന്റേത്.

---

**ഓ ഭാഗ്യം കെട്ട ഭൂപ്രദേശമേ**

(സാഹിബ് സാദാ അബ്ദുൾ ലത്വീഫിന്റെ(റ) വധത്തോടുള്ള വാഗ്ദത്ത മസീഹിന്റെ പ്രതികരണം)

ഈ കൊല വലുതായ കരുണയില്ലായ്മയോടെയാണ് നടത്തപ്പെട്ടത്. ആകാശത്തിന്ന് കീഴിൽ ഇക്കാലത്ത് ഇത്തരം ഒരു കൊലക്ക് തുല്യമായ മറ്റൊരു സംഭവം കണ്ടെത്താനാവില്ല. ഹാ കഷ്ടം അവിവേകിയായ ഈ അമീർ എന്താണ് കാട്ടികൂട്ടിയത്. ഒരു പരമ നിരപരാധിയായ ഒരാളെ അസാധാരണമായ നിർഭയത്വത്തോടെ കൊന്നുകൊണ്ട് അയാൾ സ്വയം നാശത്തിന്ന് ഇരയായിരിക്കുകയാണ്! ഓ കാബൂൾ ഭൂവേ, നീ സാക്ഷി നിൽക്കുക! നിന്റെ വിരിമാറിൽ വെച്ചാണ് ഈ കൊടും പാതകം നടത്തപ്പെട്ടത്. ഓ ഭാഗ്യം കെട്ട ഭൂപ്രദേശമേ ദൈവ ദൃഷ്ടിയിൽ നീ തരംതാണു പോയിരിക്കുന്നു. ഈ മഹാ പാതകത്തിന്റെ ക്രിയാ വേദി നിന്റെ നിലമാണല്ലോ (റൂഹാനി ഖസായിൻ 20 ഭാ. 74)

# മുഹമ്മദ് നബി (സ): അതുല്യ ജീവിതം

സകല ജീവിത സന്ദർഭങ്ങളിലും ധാർമ്മികതയുടെ പൂർണ്ണ മാതൃകയായിരുന്നു റസൂൽ തിരുമേനി(സ). കാരുണ്യ സാഗരമായിരുന്ന അവിടുത്തെ അതുല്യമായ അദ്ധ്യാത്മിക കാന്തിയായിരുന്നു ജനഹൃദയങ്ങളെ കീഴടക്കിയത്.

എ. ജി. സൂഫി

ഇസ്ലാം മതസ്ഥാപകനായ റസൂൽ (സ) തിരുമേനി ദിവംഗതനാകുമ്പോൾ അവിടുത്തെ പ്രായം 63 വയസ്സായിരുന്നു. നാൽപ്പതാമത്തെ വയസ്സിൽ പ്രവാചകനായി തെരഞ്ഞെടുക്കപ്പെട്ട അവിടുത്തെ ജീവിതം സംമ്പൂർണ്ണമായും ദൈവിക ദൗത്യ പ്രേഷണത്തിന്നാണ് സമർപ്പിക്കപ്പെട്ടത്. ദരിദ്രാവസ്ഥയിൽ ഒരാനാഥ ബാല നായി ജനിച്ച റസൂൽ തിരുമേനി (സ) സർവ്വാധികാരങ്ങളാലും വിഭൂഷിതനായ രാജാവായിട്ടായിരുന്നു ദിവംഗതനായത്. പക്ഷേ അവിടുന്ന് യാതൊരു സമ്പത്തും അനന്തര സ്വത്തായി അവശേഷിപ്പിരുന്നില്ല. ജീവിതത്തിലൊരിക്കലും അവിടുന്ന് വയർ നിറയെ ആഹാരം കഴിച്ചിരുന്നില്ല. ഒരു സന്ദർഭത്തിൽ പോലും വില കൂടിയ വസ്ത്രങ്ങൾ ധരിച്ചിരുന്നില്ല. അവിടുത്തെ വസതി ദൈവത്തിന്റെ ആരാധനാലയമായിരുന്നു. ചളി കട്ട കൊണ്ട് നിർമ്മിച്ച ആ ചെറ്റക്കുടിലിലെ ചെളികൊണ്ടു മെഴുകിയ തറയായിരുന്നു അവിടുത്തെ രാജധാനിയും സിംഹാസനവും. അവിടുത്തെ ശയ്യ വൈക്കോൽ കൊണ്ടുണ്ടാക്കിയതാരുന്നു. തലയണയാകട്ടെ തന്റെ തന്നെ കൈവള്ളയും. പ്രവാചക ഗൃഹത്തിലെ അടുക്കളയിൽ നിന്നും മാസങ്ങളോളം പുക ഉയർന്നില്ല. കാരണം അവിടെ യാതൊന്നും പാചകം ചെയ്യാനുണ്ടാകുമായിരുന്നില്ല. ആ പരിശുദ്ധ കുടുംബം അൽപ്പം കാരക്കയും ആട്ടിൻ പാലും കൊണ്ട് ജീവിച്ചു പോന്നു. അതും ഇല്ലാത്തപ്പോൾ മുഴുപ്പട്ടിണിയും. അവിടുത്തെ പത്നിമാർക്ക് വീട്ടു വേലക്കാരില്ലായിരുന്നു. ഏറ്റവും വിലകുറഞ്ഞതായിരുന്നു അവർ ധരിച്ച വസ്ത്രങ്ങൾ. സേവകരോ, പട്ടും പണ്ടങ്ങളോ അവർക്കില്ലായിരുന്നു. അവരുടെ വസ്ത്രങ്ങൾ അവരുടെ പരിമിത വിഭവത്തിനനുസൃതമാം വിധം വളരെ ലളിതമായിരുന്നു. പ്രവാചകൻ ഒരിക്കലും സ്വർണ്ണമോ വെള്ളിയോ സൂക്ഷിച്ചിരുന്നില്ല. തനിക്ക് ലഭിച്ചതെല്ലാം പാവങ്ങൾക്ക് അദ്ദേഹം ദാനം നൽകി. അവിടുന്ന് ദിവംഗതനാകുമ്പോൾ കുറച്ച് ബാർലി ധാന്യം ഒഴികെ അദ്ദേഹത്തിന്റെ വീട്ടിൽ മറ്റൊന്നും ഉണ്ടായിരുന്നില്ല.

### ശരീരപ്രകൃതിയും സ്വഭാവവും

പ്രവാചകൻ മദ്ധ്യനിലയിൽ ഉയരമുള്ളയാളായിരുന്നു. അവിടുത്തേത് ഉറച്ച ശരീരവും സുന്ദരമായ വദനവും ഉയർന്ന വീതിയേറിയ നെറ്റിത്തടവുമായിരുന്നു. ഒഴുകി താഴേക്ക് നീണ്ടുനിൽക്കുന്ന മുടിയും നീണ്ട മൂക്കും അതീവ കാന്തിയുള്ള കറുത്ത കണ്ണുകളും നീണ്ട കൺപുരികങ്ങളുമായിരുന്നു അദ്ദേഹത്തിന്റേത്. നടത്തത്തിൽ വേഗതയും സംസാരത്തിൽ സാവകാശവുമായിരുന്നു പ്രവാചകനുണ്ടായിരുന്നത്. ഒരാളെ കണ്ടാൽ അയാളെ ആദ്യം അഭിസംബോധന ചെയ്യുന്നത് അവിടുന്നായിരിക്കും. സ്നേഹിതന്മാരേയും അപരിചിതരേയും ചെറു പുഞ്ചിരിയോടെയാണ് അദ്ദേഹം സ്വീകരിക്കുക. അന്യരെ ക്ഷമാപൂർവ്വം കേൾക്കും ആരെങ്കിലും സഹായത്തിന്നായി സമീപിച്ചാൽ ഒരിക്കലും മുഖം തിരിക്കാറില്ലായിരുന്നു. ആരെങ്കിലും ഹസ്തദാനം ചെയ്താൽ ആദ്യം കൈ പിൻവലിക്കുന്നയാൾ അവിടുന്നായിരിക്കില്ല. അവിടുത്തെ സ്വഭാവം വളരെ ലളിതവും പെരുമാറ്റം അതീവ ഹൃദ്യവുമായിരുന്നു. സദാസമയവും മാപ്പ് നൽകാൻ സന്നദ്ധമായിരുന്നു അദ്ദേഹം. ശിക്ഷിക്കുന്നത് മാപ്പു കൊടുക്കുന്നതിനേക്കാൾ നല്ലതാണെന്ന് കണ്ടെങ്കിൽ മാത്രമേ അദ്ദേഹം ശിക്ഷിക്കാനൊരുങ്ങാറുള്ളൂ. പൊറുത്തുകൊടുക്കാൻ വേണ്ടിയായിരുന്നു അദ്ദേഹം സദാസമയവും നില കൊണ്ടിരുന്നത്. അവിടുത്തെ

ചിന്തയും വാക്കും പ്രവർത്തിയും ദൈവത്തിന്നു വേണ്ടിയുള്ളതായിരുന്നു. ഇതല്ലാതെ ജീവിതത്തിൽ അദ്ദേഹത്തിന്ന് മറ്റു യാതൊരു ലക്ഷ്യവും ഇല്ലായിരുന്നു. ദൈവത്തിന്റെ തൃപ്തി മാത്രം അദ്ദേഹം കാംഷിച്ചുള്ളൂ. ഹുദൈബിയായിൽ സമാധാനക്കരാറിൽ പ്രവാചകൻ ഒപ്പ് വെച്ചത് ദൈവപ്രീതിക്ക് വേണ്ടിയായിരുന്നു. കരാറിലെ വ്യവസ്ഥകൾ അദ്ദേഹത്തിന്റെ ചില അനുചരന്മാർക്ക് അസഹനീയവും കഠിനവുമായിരുന്നുട്ടുകൂടി ദൈവത്തിന്നു വേണ്ടി അദ്ദേഹം അതിൽ ഉറച്ചുനിന്നു. മക്കയിലേക്ക് പതിനായിരത്തോളം അനുചരന്മാരോടൊപ്പം വിജയശ്രീലാളിതനായി അദ്ദേഹം വന്നു. മക്ക അവിടുത്തോട് വളരെ ക്രൂരമായിട്ടായിരുന്നു പെരുമാറിയത്. അവസാനം മക്കാപട്ടണം റസൂൽ തിരുമേനി(സ) യുടെ മുന്നിൽ കീഴടങ്ങി. മക്കക്കാർ അദ്ദേഹത്തോട് കരുണക്ക് വേണ്ടി യാചിച്ചു. കാരുണ്യ സാഗരമായിരുന്ന അവിടുന്ന് മക്കക്ക് മാപ്പ് നൽകാൻ എന്നോ സന്നദ്ധനായിരുന്നു. ദൈവത്തിന്റെ അഭീഷ്ടവും അതായിരുന്നു. മക്കക്കാർ തന്റെ അനുചരന്മാരിൽ ചിലരെ അതിഭീകരമായി ഭേദ്യം ചെയ്തത് അവിടുത്തേക്ക് നല്ലത്പോലെ അറിയാമായിരുന്നു. ആഫ്രിക്കക്കാരനയ ബിലാൽ അവരിലൊരാളായിരുന്നു. ബിലാലി(റ) നോട് ക്രൂരമായിട്ടായിരുന്നു മക്കക്കാർ പെരുമാറിയത്. ജ്ഞാനിയായ പ്രവാചകൻ ആ ബിലാലി(റ)നെയായിരുന്നു ഇസ്ലാമിന്റെ സമാധാനത്തിന്റെ പതാക വഹിക്കാൻ തെരഞ്ഞെടുത്തത്.

## മാപ്പിന്റെ മഹാസാഗരം

അബൂജഹലിന്റെ പുത്രനായ ഇക്രിമ ഇസ്ലാമിന്റെ കഠിന ശത്രുവായിരുന്നു. അദ്ദേഹം മക്കയിൽ നിന്നും അബിസീനിയായിലേക്ക് രക്ഷപ്പെടാനുള്ള തന്ത്രപാടിലായിരുന്നു. ഇക്രിമയുടെ ഭാര്യയാകട്ടെ മനസ്സുകൊണ്ട് മുസ്ലിമായിരുന്നു. അവർ പ്രവാചകനോട് ചോദിച്ചു: 'അല്ലയോ റസൂൽ തിരുമേനി(സ) ഇക്രിമക്ക് അങ്ങ് മാപ്പ് കൊടുക്കില്ലേ? അതെ എന്ന് അവിടുന്ന് പ്രതിവചിച്ചു. തുടർന്ന് അവർ ചോദിച്ചു അമുസ്ലിമായിക്കൊണ്ട് മക്കയിൽ ജീവിക്കാൻ അദ്ദേഹം ആഗ്രഹിക്കുന്നു. താങ്കൾ അതനുവദിക്കില്ലേ? അതെ, അദ്ദേഹത്തിന്ന് അതിന്ന് അനുവാദമുണ്ടായിരിക്കും. അനന്തരം അവർ തന്റെ ഭർത്താവിന്നടുത്തേക്ക് ഓടിപ്പോയി. പ്രവാചകൻ തന്നെ പറ്റി പറഞ്ഞതെല്ലാം തന്റെ ഭാര്യയിൽ നിന്നും ഗ്രഹിച്ച ഇക്രിമ അതെല്ലാം പ്രവാചകനിൽ നിന്നു തന്നെ കേൾക്കണമെന്ന് ആഗ്രഹിച്ചു. അങ്ങിനെ അദ്ദേഹം പ്രവാചക സവിധം പൂകി. ഇക്രിമ പ്രവാചനോട് പറഞ്ഞു എനിക്ക് പോലും താങ്കൾ മാപ്പരുളിയതായി എന്റെ ഭാര്യയിൽ നിന്നും ഞാൻ ഗ്രഹിച്ചു. അതെ ഇക്രിമ അവിടുന്ന് മൊഴിഞ്ഞു. തന്റെ മേൽമുണ്ട് ഇക്രിമക്ക് മുകളിൽ പിടിച്ചുകൊണ്ട് പ്രവാചകൻ പറഞ്ഞു: 'ഏതൊരുവൻ മുസ്ലിമായിക്കൊണ്ട് നമ്മുടെ അടുക്കൽ വരുന്നുവോ അയാൾ എന്നോടൊപ്പമായിരിക്കും എന്റെ വീട് അയാളുടെതായിരിക്കും.' പ്രവാചക പുത്രി സൈനബിന്റെ മരണത്തിന്ന് കാരണമായ ഹബ്ബാർ ഇറാനിലേക്ക് പലായനം ചെയ്യുകയായിരുന്നു. പക്ഷേ അയാൾ തിരിച്ചു വന്ന് റസൂൽ തിരുമേനി(സ)യോട് മാപ്പു ചോദിക്കുകയുണ്ടായി. അദ്ദേഹത്തിന്നും അവിടുന്ന് മാപ്പ് നൽകി. പ്രവാചകന്റെ പ്രിയങ്കരനായ അമ്മാവനെ വധിച്ചതിന്ന് ശേഷം അംഗവിഛേദം നടത്തിയ അബൂസുഫിയാന്റെ ഭാര്യ ഹിന്ദിന്നും വഹ്ശി എന്ന അടിമക്കും അവിടുന്ന് മാപ്പ് നൽകി. ശൈബ, ഹവാസിനിൽ വെച്ച് പ്രവാചകനുമായി യുദ്ധം ചെയ്ത വ്യക്തിയായിരുന്നു. മുഴുത്ത വിദ്വേഷവുമായി അദ്ദേഹം പടക്കളത്തിൽ പടവാളുമായി മുന്നേറുകയായിരുന്നു. അയാൾക്ക് ഒരു ചിന്ത മാത്രമേ ഉണ്ടായിരുന്നുള്ളൂ. പ്രവാചകനെ വധിക്കണം! ആ ശൈബയാണ് ഇപ്പോൾ പ്രവാചകനെ സമീപിക്കുന്നത് അയാൾ ഒരു ശബ്ദം കേട്ടു: 'ഓ ശൈബാ വരൂ, അരികെ വരൂ...' പ്രവാചകന്റെ തിരുമൊഴികൾ കേട്ടപ്പോൾ അദ്ദേഹം അതനുസരിച്ചു. പ്രവാചകൻ അവിടുത്തെ തൃക്കരങ്ങൾ ശൈബയുടെ നെഞ്ചിൽ വെച്ചു. ശൈബ അപ്പോഴേക്കും ഒരു പുതിയ മനുഷ്യനായി മാറിയിരുന്നു. ശൈബക്ക് അപ്പോൾ ഒരേയൊരു ചിന്തയെ ഉണ്ടായിരുന്നുള്ളൂ തന്റെ ജീവൻ പ്രവാചകന്ന് സമർപ്പിക്കണമെന്ന്.

## ജനങ്ങളോട് മാപ്പ് ചോദിച്ച റസൂൽ

റസൂൽ തിരുമേനി(സ)യുടെ വിയോഗത്തിന്ന് ഏതാനും ദിവസങ്ങൾക്ക് മുമ്പ് അവിടുന്ന് തന്റെ അനുചരരോടായി പറഞ്ഞു : 'ഞാൻ ആരോടെങ്കിലും എന്തെങ്കിലും തെറ്റ് ചെയ്തെങ്കിൽ അവർക്ക് എന്നോട് പ്രതികാരം ചോദിക്കാം.' പ്രവാചകന്റെ ഈ വചനം കേട്ടപ്പോൾ എല്ലാവരും കണ്ണീർപൊഴിച്ചു. ആ സന്ദർഭത്തിൽ ഒരു മനുഷ്യൻ മുന്നോട്ട് വന്നു അയാൾ പറഞ്ഞു: 'ഒരിക്കൽ പ്രവാചകൻ എന്നെ മുട്ടിയിട്ടുണ്ട്. പ്രവാചകൻ കടന്നുപോയപോൾ അവിടുത്തെ കൈമുട്ട് എന്റെ ശരീരത്തിന്റെ ഒരു വശത്ത് മുട്ടിയിട്ടുണ്ട്'. എല്ലാവരും നിശ്ശബ്ദരായി. പ്രവാചകൻ തന്റെ പുറത്തെ ശരീരഭാഗത്തെ വസ്ത്രം നീക്കി 'ഞാൻ താങ്കളെ എപ്രകാരം വേദനിപ്പിച്ചുവോ അപ്രകാരം താങ്കൾക്ക് എന്നെ വേദനിപ്പിക്കാം.' ആ അനുചരൻ പ്രവാചകന്റെ നേരെ കുനിഞ്ഞു. വിവസ്ത്രമാക്കിയ പ്രവാചകന്റെ ആ ശരീര ഭാഗത്ത് ആ അനുചരൻ മുത്തമിടുകയായിരുന്നു. എല്ലാവരും അത്ഭുതപരതന്ത്രരായി. റസൂൽ തിരുമേനി(സ) തന്റെ അനുചരന്മാർക്കിടയിൽ ദീർഘകാലമുണ്ടാകില്ല എന്ന് അവർക്കറിയാമായിരുന്നു. അതിനാൽ തിരുമേനി(സ)യെ അഗാധമായി സ്നേഹിച്ചിരുന്ന ആ അനുചരൻ പ്രവാചകന്റെ പൂമേനിയിൽ മുത്തമിടാനുള്ള തന്റെ അന്ത്യാഭിലാഷം ഇങ്ങനെ സാദ്ധ്യമാക്കുക

യായിരുന്നു.

## ചോദിക്കുന്നതെല്ലാം ദാനം ചെയ്ത ഉദാരമതി

വസ്ത്രധാരണത്തിലും ശരീരത്തിലും, വീട്ടിലും പള്ളിയിലും തെരുവിലും അവിടുന്ന് ശുചിത്വം ഇഷ്ടപ്പെട്ടു. അദ്ദേഹം ഭക്ഷണത്തിന്ന് മുമ്പും ശേഷവും കൈകഴുകി വൃത്തിയാക്കുമായിരുന്നു. പ്രാർത്ഥനക്ക് മുമ്പും ശംരീരാംഗങ്ങൾ ശുചിയാക്കുമായിരുന്നു. പ്രവാചകൻ എല്ലാവർക്കും സുഖകരമായ ഒരു സാന്നിദ്ധ്യമായിരുന്നു. ശത്രുവും മിത്രവും ഒരുപോലെ അദ്ദേഹത്തിന്റെ കാരുണ്യം അനുഭവിച്ചു. അനുചരന്മാർ, ബന്ധുക്കൾ, അയൽപക്കക്കാർ, അപരിചിതർ എല്ലാവരേയും പരിഗണിച്ച് കൊണ്ട് അവിടുന്ന് ഹൃദ്യമായി പെരുമാറി. തന്റെ അതിഥികളുടെ കാര്യങ്ങൾ അവിടുന്ന് നേരിട്ട് തന്നെ നോക്കി. പാവങ്ങളുടെ ആവശ്യങ്ങൾ വീഴ്ച്ച കൂടാതെ നിറവേറ്റിക്കൊടുത്തു. ഒരിക്കൽ പ്രാകൃതരായ ഒരു അറബി ഗോത്രത്തിന്റെ തലവൻ റസൂൽ തിരുമേനി(സ)യെ സന്ദർശിച്ചു. അവിടെ വലിയ ഒരു കൂട്ടം ആടുകൾ മേയുന്നുണ്ടായിരുന്നു. ആ ഗോത്രത്തലവൻ ആട്ടിൻ കൂട്ടത്തെ അല്ലാഹുവിന്റെ ദൂതന്റെ ഒരു സമ്മാനമെന്ന നിലക്ക് തനിക്ക് തരുമോ എന്ന് ആരായുകയുണ്ടായി. അദ്ദേഹത്തിന്ന് അത് നൽകപ്പെട്ടു. അദ്ദേഹം തന്റെ ഗോത്രത്തിൽ ആട്ടിൻ പറ്റവുമായെത്തി അവരോട് പറഞ്ഞു: മുഹമ്മദിന്ന് തന്റെ ദൈവത്തിൽ ദൃഢബോദ്ധ്യമുണ്ട് അദ്ദേഹം ദാരിദ്ര്യത്തെക്കുറിച്ച് തീരെ ഭയപ്പെടുന്നില്ല. പ്രവാചകൻ തന്റെ വാക്കുകൾ പ്രാവർത്തികമാക്കുകയും കരാറുകൾ നിറവേറ്റുകയും ചെയ്തു. ഖൈബർ യുദ്ധത്തിന്ന് ശേഷം ജൂത പ്രമാണിയുടെ ആട്ടിനെ മേയ്ച്ചു കൊണ്ടിരുന്ന ഒരു ഇടയ ബാലൻ ഇസ്‌ലാം മതം സ്വീകരിക്കുകയുണ്ടായി. എനിക്ക് എന്റെ ജനതയിലേക്ക് തിരിച്ചു പോകാൻ സാദ്ധ്യമല്ല. എന്റെ യജമാനന്റെ ആട്ടിൻ പറ്റങ്ങളുമായി ഞാൻ എന്തു ചെയ്യാനാണ്? പ്രവാചകൻ പറഞ്ഞു: നീ ആട്ടിൻ പറ്റത്തെ ഖൈബറിന്റെ നേരെ തിരിച്ചുവിടുക. അവ അവരുടെ യജമാനന്റെയടുത്ത് എത്തി ചേരുന്നതാണ്.

## ശത്രുവിന്റെ നാവിൽ പോലും റസൂലിന്റെ മഹത്വം

അവിടുത്തെ ശത്രുക്കൾപ്പോലും ഉന്നതമായ അദ്ദേഹത്തിന്റെ ധർമ്മനിഷ്ഠയെക്കുറിച്ച് സംസാരിക്കാറുണ്ടായിരുന്നു. ബൈസാന്റിയൻ ചക്രവർത്തിയായിരുന്ന ഹിർക്കലിന്ന് റസൂൽ തിരുമേനി(സ)യുടെ കത്ത് ലഭിച്ചപ്പോൾ നഗരത്തിൽ വല്ല അറബ് യാത്ര സംഘവും ഉണ്ടോ എന്ന് അദ്ദേഹം ആരാഞ്ഞു. മക്കൻ നേതാവായിരുന്ന അബൂ സുഫിയാൻ അപ്പോൾ നഗരത്തിൽ ഉണ്ടായിരുന്നു. അദ്ദേഹത്തെ ചക്രവർത്തി കൊട്ടാരത്തിൽ വിളിപ്പിച്ചു. ചക്രവർത്തി ചില ചോദ്യങ്ങൾ അദ്ദേഹത്തോട് ചോദിക്കുകയുണ്ടായി. ആ സംഭാഷണ ശകലം ഇപ്രകാരമായിരുന്നു.

**ഹിർക്കൽ ചക്രവർത്തി**: ഒരു പ്രവാചകനാണെന്ന് വാദിക്കുന്ന ഈ വ്യക്തിയെക്കുറിച്ച് താങ്കൾ അറിയുമോ? അയാൾ ഏത് കുടുംബത്തിൽ പെട്ടയാളാണ്.?

**അബൂ സുഫിയാൻ**: അദ്ദേഹം വളരെ കുലീനമായ ഒരു കുടുംബത്തിൽ പിറന്നയാളാണ്.

**ഹി: ചക്രവർത്തി** : ഏതെങ്കിലും ഒരബി ഇതിന്ന് മുമ്പ് ഇത്തരം വാദം പുറപ്പെടുവിച്ചിട്ടുണ്ടോ?

**അ: സുഫിയാൻ**: ഇല്ല.

**ഹി: ചക്രവർത്തി**: അദ്ദേഹത്തിന്റെ പൂർവ്വ പിതാക്കളിൽ ആരെങ്കിലും രാജാക്കന്മാർ ഉണ്ടായിരുന്നോ?

**അ: സുഫിയാൻ**: ഇല്ല

**ഹി: ചക്രവർത്തി**: അദ്ദേഹത്തിന്റെ അനുയായികൾ സമ്പന്നരും ശക്തന്മാരുമാണോ?

**അ: സുഫിയാൻ**: അവരിൽ ഭൂരിപക്ഷവും ദരിദ്രരും എളിയവരുമാണ്.

**ഹി: ചക്രവർത്തി**: അവരുടെ എണ്ണം കൂടുകയാണോ കുറയുകയാണോ?

**അ: സുഫിയാൻ**: കൂടുകയാണ്.

**ഹി: ചക്രവർത്തി**: അദ്ദേഹം എപ്പോഴെങ്കിലും കരാർ ലംഘിച്ചിട്ടുണ്ടോ?

**അ: സുഫിയാൻ**: ഇല്ല ഇതേവരെ ഇല്ല.

**ഹി: ചക്രവർത്തി**: അദ്ദേഹം എന്താണ് പഠിപ്പിക്കുന്നത്?

**അ: സുഫിയാൻ**: നാം ഏകനായ ദൈവത്തെ മാത്രമേ ആരാധിക്കാൻ പാടുള്ളു. അവന്ന് പങ്കാളികളെ ചേർക്കാൻ പാടില്ല. നാം സത്യമേ പറയാൻ പാടുള്ളൂ. തിന്മയും ദുരാചാരങ്ങളും ഉപേക്ഷിക്കുകയും മറ്റുള്ളവർക്ക് നന്മചെയ്യുകയും വേണം. വാഗ്ദാനങ്ങളും കരാറുകളും പാലിക്കണം.

വസ്ത്രധാരണത്തിലും ശരീരത്തിലും, വീട്ടിലും പള്ളിയിലും തെരുവിലും അവിടുന്ന് ശുചിത്വം ഇഷ്ടപ്പെട്ടു. അദ്ദേഹം ഭക്ഷണത്തിന്ന് മുമ്പും ശേഷവും കൈകഴുകി വൃത്തിയാക്കുമായിരുന്നു. പ്രാർത്ഥനക്ക് മുമ്പും ശംരീരാംഗങ്ങൾ ശുചിയാക്കുമായിരുന്നു. പ്രവാചകൻ എല്ലാവർക്കും സുഖകരമായ ഒരു സാന്നിദ്ധ്യമായിരുന്നു. ശത്രുവും മിത്രവും ഒരുപോലെ അദ്ദേഹത്തിന്റെ കാരുണ്യം അനുഭവിച്ചു. അനുചരന്മാർ, ബന്ധുക്കൾ, അയൽപക്കക്കാർ, അപരിചിതർ എല്ലാവരേയും പരിഗണിച്ച് കൊണ്ട് അവിടുന്ന് ഹൃദ്യമായി പെരുമാറി. തന്റെ അതിഥികളുടെ കാര്യങ്ങൾ അവിടുന്ന് നേരിട്ട് തന്നെ നോക്കി. പാവങ്ങളുടെ ആവശ്യങ്ങൾ വീഴ്ച്ച കൂടാതെ നിറവേറ്റിക്കൊടുത്തു.

അവസാനം ഹിർക്കൽ ചക്രവർത്തി പറഞ്ഞു:

ഞാൻ താങ്കളോട് ആദ്യം അദ്ദേഹത്തിന്റെ കുടുംബത്തെ കുറിച്ച് ചോദിച്ചു. താങ്കൾ പറഞ്ഞു, അദ്ദേഹം ഉന്നത കുലജാതനായ ഒരു കുടുംബത്തിൽ നിന്നും വരുന്നയാളാണെന്ന്. പ്രവാചകന്മാർ എപ്പേഴും ഉന്നതകുലത്തിൽനിന്നും നിന്നും വരുന്നവരാണ്. പിന്നീട് ഞാൻ ചോദിച്ചത്, അദ്ദേഹത്തിന്ന് മുമ്പ് ആരെങ്കിലും ഇത്തരം വാദം പുറപ്പെടുവിച്ചിട്ടുണ്ടോ? എന്നാണ്?. താങ്കൾ പറഞ്ഞു. ഇല്ല

ഞാൻ ഈ ചോദ്യം ചോദിക്കാൻ കാരണം ആരെങ്കിലും അത്തരത്തിൽ വാദിച്ചിട്ടുണ്ടെങ്കിൽ ആ പാത അദ്ദേഹം പിന്തുടരുന്നതാകാം. അദ്ദേഹം എപ്പോഴെങ്കിലും കളവ് പറയുകയുണ്ടായിട്ടുണ്ടോ? എന്ന് ഞാൻ ആരായുകയുണ്ടായി. താങ്കൾ പറഞ്ഞു: 'ഒരിക്കലുമില്ല' എന്ന്. മനുഷ്യനോട് കളവ് പറയാത്തവൻ ദൈവത്തിന്റെ പേരിൽ കളവ് പറയില്ല എന്ന് എനിക്കുറപ്പാണ്. താങ്കളോട് ചോദിച്ചു അദ്ദേഹത്തിന്റെ പൂർവ്വപിതാക്കന്മാരിലാരിലെങ്കിലും രാജാക്കന്മാർ ഉണ്ടായിരുന്നോ എന്ന്. താങ്കൾ പറഞ്ഞു. ഇല്ല

ഇതിൽ നിന്നും ഞാൻ മനസ്സിലാക്കിയത് പൂർവ്വികമായ എന്തെങ്കിലും സാമ്രാജ്യം വീണ്ടെടുക്കാനുള്ള ശ്രമമല്ല അദ്ദേഹം നടത്തുന്നതെന്നാണ്. ഞാൻ പിന്നീട് ചോദിച്ചത് അദ്ദേഹത്തിന്റെ അനുയായികൾ സമ്പന്നരും ശക്തരുമാണോ എന്നായിരുന്നു. താങ്കൾ പറഞ്ഞു അവരിൽ മിക്കപേരും പാവങ്ങളും എളിയ വരുമാണെന്ന്. പ്രവാചകന്മാരുടെ അനുയായികൾ മിക്കപ്പോഴും അങ്ങിനെ തന്നെയാണ്. ഞാൻ പിന്നീട് ചോദിച്ചത് അദ്ദേഹത്തിന്റെ അനുയായികൾ കൂടുകയാണോ കുറയുകയാണോ ചെയ്യുന്നത്? താങ്കൾ പറഞ്ഞു: 'അവർ വർദ്ധിക്കുകയാണെന്ന്'. പ്രവാചകന്മാരുടെ അനുയായികൾ എപ്പോഴും വർദ്ധിക്കുകയാണ് ചെയ്യുക. ഞാൻ ചോദിച്ചു അദ്ദേഹം എപ്പോഴെങ്കിലും കളവ് പറഞ്ഞിരുന്നുവോ? എന്ന്. താങ്കൾ പറഞ്ഞു: 'ഇല്ല' എന്ന്. ഇതാണ് സഛരിതരുടെ മാർഗ്ഗം. അദ്ദേഹം ഒരു സത്യ പ്രവാചകനാണെന്നാണ് ഇതെല്ലാം കാണിക്കുന്നത്. നമ്മുടെ ഈ കാലഘട്ടത്തിൽ തന്നെയാണദ്ദേഹം അവതരിക്കുന്നതെന്ന് ഞാനും പാതി പ്രതീക്ഷിച്ചിരുന്നു . പക്ഷേ അദ്ദേഹം ഒറബിയായിരിക്കുമെന്ന് ഞാൻ നിനച്ചിരുന്നില്ല. താങ്കൾ പറഞ്ഞത് ശരിയാണെങ്കിൽ അദ്ദേഹത്തിന്റെ സാമ്രാജ്യം ഈ രാജ്യത്തും വികസിക്കും.

## ദൈവത്തെ മാത്രം ഭയപ്പെട്ട ധീരാത്മാവ്

പ്രവാചകൻ ദൈവത്തെ മാത്രമാണ് ഭയപ്പെട്ടിരുന്നത്. അവനിൽ മാത്രമാണ് അവിടുന്ന് വിശ്വാസമർപ്പിച്ചത്. അവിടുത്തെ ദൗത്യത്തിൽ അദ്ദേഹത്തിന്ന് പൂർണ്ണ വിശ്വാസമായിരുന്നു. അതിന്റെ സംമ്പൂർണ്ണ വിജയത്തിൽ ആവേശം കൊണ്ടു. അവിടുത്തെ ജീവിതത്തിന്റെ ഓരോ നിമിഷവും ഓരോ മണിക്കൂറും ഓരോ ദിവസവും ദൈവത്തെയാണ് അവിടുന്ന് മനസ്സിൽ ധ്യാനിച്ചത്. നിന്നും നടന്നും കിടന്നും അദ്ദേഹം അവനെ ആരാധിച്ചു. ഉറങ്ങാൻ കിടക്കുന്നതിന്ന് മുമ്പും, നടക്കുമ്പോഴും ഭക്ഷണം കഴിക്കുന്നതിന്ന് മുമ്പും പിമ്പും വീട്ടിലും പള്ളിയിലും പ്രവേശിക്കുമ്പോഴും വീട്ടിൽ നിന്നിറങ്ങുമ്പോഴും, സ്നേഹിതന്മാരെ കണ്ടു മുട്ടുമ്പോഴും, വേർപിരിയുമ്പോഴും, സദ്വാർത്തകൾ കേൾക്കുമ്പോഴും പുതു വസ്ത്രങ്ങൾ ധരിക്കുമ്പോഴും പ്രകൃതിയുടെ വിളിക്ക് ഉത്തരം നൽകാൻ പോകുമ്പോഴും അത് കഴിഞ്ഞതിന്ന് ശേഷവും ചുരുക്കത്തിൽ ജീവിതത്തിന്റെ സമസ്ത സന്ദർഭങ്ങളിലും പ്രത്യേകമായും സ്ഥിരമായും സുദീർഘമായി അദ്ദേഹം പ്രാർത്ഥിച്ചു. അവിടുന്ന് ദൈവത്തോട് പ്രാർത്ഥിച്ചു. ചിലപ്പോൾ രാത്രി മുഴുവൻ അദ്ദേഹം പ്രാർത്ഥനയിൽമുഴുകി. വാസ്തവത്തിൽ അദ്ദേഹത്തിന്റെ ജീവിതം മുഴുവൻ ദൈവത്തോടുള്ള പ്രാർത്ഥനയായിരുന്നു. പ്രവാചകൻ അല്ലാഹുവിനെയല്ലാതെ മറ്റൊരാളേയും ഭയപ്പെട്ടില്ല. ഹവാസിൽ യുദ്ധക്കളത്തിൽ മുസ്‌ലിം സൈന്യം ചിതറിയോടി. പ്രവാചകൻ തന്റെ ഏതാനും അനുചരന്മാരോപ്പം യുദ്ധക്കളത്തിൽ നിലയുറപ്പിച്ചു. ശത്രുക്കൾ ഇരുവശത്ത് നിന്നും അമ്പുകൾ എയ്തുകൊണ്ടിരുന്നു. അബൂബക്കറിനോട് തന്റെ കോവർക്കഴുതയെ മാത്രം വിടുവാൻ പ്രവാചകൻ നിർദ്ദേശിച്ചു. കുതിമുള്ളടിച്ചു കൊണ്ട് ആ മൃഗത്തെ പ്രവാചകൻ മുന്നോട്ട് നയിച്ചു. എന്നിട്ടു പറഞ്ഞു: 'ഞാൻ പ്രവാചകനാണ്. ഞാൻ കള്ളനല്ല. ഞാൻ അബ്ദുൽ മുത്തലിബിന്റെ മകനാണ്.'

ഒരിക്കൽ മദീനയിൽ മുസ്‌ലിംകൾ വമ്പിച്ച ഒരാക്രമണത്തിന്റെ ഭീതിയിലായിരുന്നു. രാത്രി മുഴുവൻ അവർ ഉറക്കൊഴിച്ചു കാത്തിരുന്നു. ഒരിക്കൽ മുന്നറിയിപ്പു നൽകുന്ന അപായ വെളിച്ചം പ്രത്യക്ഷപ്പെട്ടു. ഒരു സംഘം ആളുകൾ ആ വെളിച്ചത്തിന്റെ കാരണം അന്വേഷിക്കാൻ അവിടെ എത്തി. പെട്ടെന്ന് തന്നെ ഒരാൾ കുതിരപ്പുറത്ത് വരുന്നതായിക്കണ്ടു. അത് പ്രവാചകനായിരുന്നു. അവിടുന്ന് പറഞ്ഞു: 'പേടിക്കാനൊന്നുമില്ല'. അപായത്തിന്റെ സൂചന ലഭിച്ചപ്പോൾ ആ ദിശയിലേക്ക് ഉടൻ തന്നെ ഒറ്റക്ക് കുതിരപ്പുറത്ത് ആദ്യം എത്തിയത് റസൂൽ തിരുമേനി(സ)യായിരുന്നു.

## പാവങ്ങളെ സ്നേഹിച്ച് ധന്യാത്മാവ്

പാവങ്ങളോട് വളരെ ഹൃദയാലുവായിരുന്നു റസൂലുള്ള. സമ്പന്നരേയും അദ്ദേഹം പരിഗണിക്കാതിരുന്നില്ല. പക്ഷേ അവരുടെ സമ്പത്തിൽ പാവങ്ങൾക്ക് അവരുടെതായ പങ്കുണ്ടെന്ന് എപ്പോഴും അവരെ ഓർമ്മപ്പെടുത്തിക്കൊണ്ടിരുന്നു. പണക്കാർ പണക്കാരായിരിക്കുന്നത് പാവങ്ങൾ കാരണമാണെന്നും

അവിടുന്ന് സമ്പന്നരെ ഓർമ്മപ്പെടുത്താറുണ്ടായിരുന്നു. അദ്ദേഹത്തിന്ന് ലഭിച്ച സ്വർണ്ണമോ വെള്ളിയോ യാതൊന്നും തന്നെ അവിടുന്ന് വീട്ടിലേക്ക് കൊണ്ടു പോകുമായിരുന്നില്ല. ആരെങ്കിലും എന്തെങ്കിലും അവിടുത്തേക്ക് നൽകുകയാണെങ്കിൽ അദ്ദേഹം ഉടൻ തന്നെ അത് പാവങ്ങൾക്ക് വിതരണം ചെയ്യുമായിരുന്നു. ഒരിക്കൽ ഒരു ഗോത്ര ജനത മദീനയിലെത്തി. അവർ വളരെ ദരിദ്രരായിരുന്നു. പട്ടിണിയുടെ കാഠിന്യത്താൽ അവരുടെ മുഖം കരുവാളിച്ചിരുന്നു. ദൈന്യതയും ദാരിദ്ര്യവും അവരുടെ മുഖങ്ങളിൽ പ്രകടമായിരുന്നു. അവിടുന്ന് ആ ജനതയെ കണ്ടപ്പോൾ അത്യധികം ദുഃഖിതനായി. അവിടുന്ന് മുസ്ലിംകളെയെല്ലാം പള്ളിയിൽ വിളിച്ചു കൂട്ടി. കൈയിലുള്ളതെല്ലാം കൊണ്ടു വരുവാൻ കൽപ്പിച്ചു. വസ്ത്രങ്ങൾ, ധാന്യങ്ങൾ, ഈത്തപ്പഴം മുതലായ എന്തു തന്നെയായാലും കൈയ്യിലുള്ളതെല്ലാം കൊണ്ടു വരുവാൻ പറഞ്ഞു. തുണിത്തരങ്ങൾ, കരുതിവച്ച ധാന്യങ്ങൾ അങ്ങിനെ പല വസ്തുക്കളും കൊണ്ടുവന്നു. അതിലൊരു അനുചരൻ വലിയ ഒരു ഭാണ്ഡത്തിൽ നിറയെ സ്വർണ്ണനാണയങ്ങൾ കൊണ്ടുവന്നു. അവിടുത്തെ മുമ്പിൽ അതെല്ലാം കൂട്ടിയിട്ടു. അവിടുത്തെ മുഖം ചന്ദ്രനെപോലെ സന്തോഷം കൊണ്ട് വെട്ടി തിളങ്ങി. ആ കൂമ്പാരങ്ങളെല്ലാം പാവങ്ങൾക്ക് അദ്ദേഹം ഒരു തരി പോലും ശേഷിക്കാത്ത വിധം വിതരണം ചെയ്തു.

പരസ്പരം സ്നേഹിക്കാൻ അവിടുന്ന് മുസ്ലിംകളോട് എപ്പോഴും ഉപദേശിച്ചുകൊണ്ടിരുന്നു. അദ്ദേഹം പറഞ്ഞു: 'ഏതൊരുവനും താൻ ഇഷ്ടപ്പെടുന്നത് തന്റെ സഹോദരന്ന് വേണ്ടിയും ഇഷ്ടപ്പെടണം.' ഇതായിരുന്നു ഇക്കാര്യത്തിലുള്ള അവിടുത്തെ ഒരു നിർദ്ദേശം.

സൂക്ഷിക്കുക ഒരു മുസ്ലിം മറ്റൊരു മുസ്ലിമുമായി യുദ്ധം ചെയ്യുക എന്നത് കുഫ്റാണ്. (അനിസ്ലാമികം). അവനെ ചീത്ത വിളിക്കൽ പാപമാണ്. മൂന്ന് ദിവസത്തിലധികം ഒരു മുസ്ലിം മറ്റൊരു മുസ്ലിമിനോട് മിണ്ടാതിരിക്കുന്നത് അനുവദനീയമല്ല. ഒരു മുസ്ലിം മറ്റൊരു മുസ്ലിമിനെ കണ്ടാൽ സലാം ചൊല്ലി ഹസ്തദാനം ചെയ്യണമെന്നും ഒരു മുസ്ലിം മറ്റൊരു മുസ്ലിമിന് ഉപഹാരങ്ങൾ നൽകണമെന്നും ഭക്ഷണത്തിന്ന് ക്ഷണിക്കണമെന്നും രോഗിയായാൽ സന്ദർശിക്കണമെന്നും മരിച്ചാൽ മൃതദേഹം സംസ്കരണത്തിൽ സഹകരിക്കണമെന്നും റസൂൽ തിരുമേനി(അ) ഉപദേശിക്കുകയുണ്ടായി. മാത്രമല്ല മനുഷ്യവംശത്തിന്റെ ശ്രേയസ്സിന്ന് വേണ്ടി തന്റെ ശത്രുവിനോട് പോലും നീതിയോട് കൂടി പെരുമാറണം തന്റെ ഏറ്റവുമടുത്ത ബന്ധുവിനെതിരായാൽ പോലും സത്യം പറയണം, സമൂഹത്തിൽ ശാന്തി പരത്തണം, പാവങ്ങളുടെ പട്ടിണി അകറ്റണം. പരസ്യമായി നിയമം ലംഘിക്കുന്നവനൊഴികെ അവിടുന്ന് ഒരിക്കലും ആരോടും കഠിനമായി പെരുമാറിയിരുന്നില്ല. പാവങ്ങളോടും ദരിദ്രരോടും അവിടുത്തെ ഹൃദയം എപ്പോഴും കരുണാർദ്രമായിരുന്നു. ഒരു ക്ഷാമകാലത്ത് ഇബാദുബ്നു ശാർജിൽ എന്നയാൾ ഒരാളുടെ തോട്ടത്തിൽ നിന്നും ഒരു പഴം പറിച്ചു. തോട്ടമുടമ അയാളെ പിടികൂടി മർദ്ദിച്ചു. അവനെ വിവസ്ത്രനാക്കി. അവർ ഇരുവരും പ്രവാചകനു മുമ്പിൽ ഹാജരാക്കപ്പെട്ടു. അദ്ദേഹം തോട്ടക്കാരനോട് പറഞ്ഞു: ഈ മനുഷ്യൻ അറിവില്ലാത്തവനാണ്. താങ്കൾ അദ്ദേഹത്തിന്ന് സദ്പെരുമാറ്റം പഠിപ്പിക്കണം. അദ്ദേഹം വളരെ വിശന്നിട്ടുണ്ട്. താങ്കൾ അദ്ദേഹത്തിന്റെ വിശപ്പടക്കണം. അതിന്ന് ശേഷം തോട്ടമുടമ അയാളുടെ വസ്ത്രം തിരിച്ചു നൽകുകയും നഷ്ടപരിഹാരമായി അയാൾക്ക് ഒരളവ് ധാന്യം നൽകുകയും ചെയ്തു. എന്നാൽ പണക്കാരായ കുറ്റവാളികളോട് അവിടുന്ന് ഒരിക്കലും വിട്ട് വീഴ്ച്ച് കാട്ടിയിരുന്നില്ല. ഒരിക്കൽ ധനികരും ശക്തരുമായ ഒരു ഗോത്രത്തിലെ ഒരു സ്ത്രീ മോഷണം നടത്തി നിയമ പ്രകാരം അവരെ ശിക്ഷിക്കാൻ അവിടുന്ന് തീരുമാനിച്ചു. ഉന്നതകുല ജാതയും സമ്പന്നയുമായ അവരെ വിട്ടയക്കണമെന്ന പലരും പ്രവാചകനോട് അഭ്യർത്ഥിച്ചു. അവിടുന്ന കോപാകുലനായി പ്രതികരിച്ചത് ഇപ്രകാരമായിരുന്നു: ഇസ്റയേലികൾ നശിപ്പിക്കപ്പെടാൻ കാരണം അവർക്കിടയിലെ പാവങ്ങൾ കുറ്റം ചെയ്താൽ അവർ ശിക്ഷിക്കപ്പെടുകയും ധനികർ കുറ്റം ചെയ്താൽ അവരെ വെറുതെ വിടുകയും ചെയ്യുന്നത് മൂലമായിരുന്നു.

## എളിമത്വം സ്വീകരിക്കുകയും അദ്ധ്വാനിക്കുകയും ചെയ്ത നേതാവ്

നിത്യവൃത്തിക്കായി അദ്ധ്വാനിച്ച് ജീവിക്കുന്നവനെ റസൂൽ തിരുമേനി(സ) വലിയ തോതിൽ പരിഗണിച്ചിരുന്നു. ഒരാൾ തന്റെ അഭിമാനം സംരക്ഷിക്കാൻ വിറക് പുറത്ത് ചുമന്ന് കൊണ്ട് അങ്ങാടിയിൽ കൊണ്ട് പോയി വിറ്റ് ഉപജീവനം നടത്തുന്നതാണ് യാചനയേക്കാൾ ഉത്തമം. പ്രവാചകൻ ഒരിക്കലും താൻ മറ്റുള്ളവനേക്കാൾ ഉന്നതനാണെന്ന് സ്വയം കരുതിയിരുന്നില്ല. യുദ്ധസമയത്തു സമാധാന കാലത്തും അവിടുന്ന് ഒരു സാധാരണക്കാരനെ പോലെയോ അവരിലൊരാളെ പോലെയോ പ്രവർത്തിച്ചു. അദ്ദേഹത്തിന്ന് ഇരിക്കാൻ പ്രത്യേക ഇരിപ്പിടം ഒരുക്കിയിരുന്നില്ല. അവരിലൊരാളെ പോലെയായിരുന്നു അവിടുന്ന് അവർക്കിടയിൽ ഇരുന്നിരുന്നത്. തന്റെ അനുയായികൾക്കിടയിൽ റസൂൽ തിരുമേനി(സ) ഇരിക്കുമ്പോൾ ഒരിക്കലും ഒരു അപരിചിതന്ന് അദ്ദേഹത്തെ തിരിച്ചറിയാൻ സാധിക്കുമായിരുന്നില്ല. അവർക്കിടയിലെ നേതാവിനെ തിരിച്ചറിയാൻ കഴിയാത്തവിധം അവർക്കിടയിൽ സാധാരണക്കാരനായി അവിടുന്ന് പെരുമാറി. ഒരിക്കൽ ഒരു യാത്രയിൽ അവിടുത്തെ അനുചരന്മാർ

ക്കിടയിൽ ഓരോ പ്രവർത്തികൾ വീതിക്കപ്പെട്ടു. പ്രവാചകന്ന് ലഭിച്ച ജോലി പാചകത്തിന്ന് വേണ്ടി വിറക് ശേഖരിക്കുക എന്നതായിരുന്നു. അനുചരന്മാർ അദ്ദേഹത്തെകൊണ്ട് ആ പ്രവർത്തി ചെയ്യാൻ അനുവദിച്ചില്ല. അവർ പറഞ്ഞു ആ പ്രവർത്തിയെല്ലാം ഞങ്ങൾ ചെയ്യാം അങ്ങ് വിശ്രമിക്കൂ. അവിടുന്ന് പ്രതിവചിച്ചു: ഞാൻ ഒരിക്കലും ഒരു പ്രത്യേക പരിഗണന ഇഷ്ടപ്പെടുന്നില്ല. തന്നോടൊപ്പമുള്ളവരെക്കാൾ വലിയവനാണെന്ന് കരുതുന്നയാളെ ദൈവം ഇഷ്ടപ്പെടില്ല. ബദർ യുദ്ധ വേളയിൽ മുസ്‌ലിംകളുടെ യുദ്ധസാമഗ്രികൾ തുലോം പരിമിതമായിരുന്നു. മൂന്നുപേർ ഊഴം വെച്ചായിരുന്നു ഒട്ടകപ്പുറത്ത് സഞ്ചരിച്ചിരുന്നത്. തങ്ങളുടെ എല്ലാമായ റസൂൽ തിരുമേനി(സ) ഒട്ടകപ്പുറത്ത് സവാരി ചെയ്യണമെന്നും ഞങ്ങൾ നടക്കാമെന്നും അനുചരന്മാർ നിർബന്ധിച്ചു. പ്രവാചകൻ പറഞ്ഞു: 'നിങ്ങൾക്ക് എന്നെക്കാൾ വേഗത്തിൽ നടക്കാൻ സാദ്ധ്യമല്ല. അല്ലാഹുവിന്റെ പക്കൽനിന്നും നിങ്ങളേക്കാൾ പ്രതിഫലം കിട്ടാൻ കൊതിക്കുന്നയാളാണ് ഞാൻ'

അവിടുന്ന് വീട്ടു ജോലികളിൽ ഭാര്യമാരെ സഹായിക്കുമായിരുന്നു. ആയിശ (റ)പറയുന്നു: 'ഗൃഹ ജോലികളിൽ അവിടുന്ന് പങ്കെടുക്കുമായിരുന്നു. കീറിയ വസ്ത്രങ്ങൾ അദ്ദേഹം തന്നെ സ്വന്തം കൈകൊണ്ട് തുന്നുകയും നിലം അടിച്ചു വാരി വൃത്തിയാക്കുകയും ചെയ്യുമായിരുന്നു. ആട്ടിനെ പാൽ കറക്കുകയും അങ്ങാടിയിൽ നിന്നും സാധനങ്ങൾ വാങ്ങി വരികയും ചെരുപ്പ് തുന്നുകയും, തൊട്ടി നന്നാക്കുകയും ഒട്ടകത്തെ പരിപാലിക്കുകയും അതിന്ന് തീറ്റകുഴക്കുകയും ചെയ്യുമായിരുന്നു' മദീനയിലെ ഏതൊരു അടിമ സ്ത്രീക്കും അദ്ദേഹത്തെ സഹായത്തിന്നായി വിളിക്കാമായിരുന്നു. ഏറ്റവും താഴെക്കിടയിലുള്ളവർ വിളിച്ചാലും ഏപ്പോഴും അയാളെ സഹായിക്കാൻ അദ്ദേഹം സദാ സന്നദ്ധനായിരുന്നു.

## പ്രതികാരത്തിന്റെ കണികയില്ലാത്ത റസൂൽ

റസൂൽ തിരുമേനി(സ)നിക്ക് ചെറുപ്പം മുതൽക്കേ അറിയുമായിരുന്ന ഹിന്ദ് ഇബ്നു ഹാല പറയുന്നു: 'അവിടുന്ന് വളരെ മൃദുല ചിത്തനായിരുന്നു. ഒരിക്കലും കഠിനമയി പെരുമാറിയിരുന്നില്ല. അവിടുന്ന് ആരേയും അപമാനിച്ചില്ല. ചെറിയ ഉപകാരത്തിന്ന് പോലും വളരെയേറെ നന്ദി പ്രകടിപ്പിക്കുമായിരുന്നു. അദ്ദേഹത്തിന്റെ മുമ്പിലുള്ളതെന്തോ അതിൽ നിന്നും അദ്ദേഹം ഭക്ഷിക്കുമായിരുന്നു. ഒന്നിനേക്കുറിച്ചും കുറ്റം പറയില്ല. സത്യത്തിനെതിരെ നിന്നെങ്കിൽ മാത്രമേ ആരോടും അവിടുന്ന് ദേഷ്യപ്പെട്ടിരുന്നുള്ളു. തൻെ വ്യക്തിപരമായ കാര്യത്തിന്ന് ഒരിക്കലും ആരോടും ദ്വേഷ്യപ്പെട്ടിരുന്നില്ല. അവിടുന്ന് ഒരിക്കലും ആരോടും പ്രതികാരം ചെയ്തിരുന്നില്ല.

ആയിശ (റ) പറയുന്നു: 'പ്രവാചകൻ ആരെക്കുറിച്ചും ദോഷം പറയുമായിരുന്നില്ല. അവിടുന്ന് തിന്മക്കെതിരെ ഒരിക്കലും തിന്മ ചെയ്തിരുന്നില്ല. അവിടുന്ന് എപ്പോഴും മാപ്പും വിട്ടുവീഴ്ച്ചയും നൽകി. ഏതെങ്കിലും തിരെഞ്ഞെടുക്കേണ്ട സന്ദർഭം വന്നാൽ അത് തിന്മയല്ലെങ്കിൽ അവിടുന്ന് ഏറ്റവും എളുപ്പമുള്ളത് തെരഞ്ഞെടുക്കുമായിരുന്നു. അത് പാപമാണെങ്കിൽ മറ്റാരെക്കാളും അതുമായി ദൂരത്തിൽ വർത്തിക്കുന്നത് അവിടുന്നായിരിക്കും. വ്യക്തിപരമായ കാര്യത്തിന്ന് അദ്ദേഹം ആരോടും പ്രതികാര വാഞ്ച കാണിച്ചിരുന്നില്ല. ആരെങ്കിലും നിയമം ലംഘിച്ചാൽ ദൈവത്തിന്റെ നിയമത്തിനനുസരിച്ച് അദ്ദേഹം വിധികൽപ്പിക്കുമായിരുന്നു. ഒരു മുസ്‌ലിമിനേയും അദ്ദേഹം ശപിചിട്ടില്ല. അവിടുന്ന് ഒരിക്കലും തന്നെ ഒരു അടിമ പുരുഷനേയോ സ്ത്രീയേയോ അദ്ദേഹത്തിന്റെ സേവകനേയോ സേവികയേയോ എന്തിനധികം ഒരു മൃഗത്തെ പോലും അടിച്ചിട്ടില്ല.

അനുചിതമായ അഭ്യർത്ഥനയൊഴികെ ആരുടെ അഭ്യർത്ഥനയും അദ്ദേഹം നിരാകരിചിട്ടില്ല. വീട്ടിൽ എപ്പോഴും പുഞ്ചിരിക്കുന്ന മുഖവുമായിട്ടായിരിക്കും അദ്ദേഹം പ്രവേശിച്ചിരുന്നത്. അനുചരരുടെ കൂടെ ഇരിക്കുമ്പോൾ അവർക്ക് നേരെ ഒരിക്കലും കാൽ നീട്ടി വെക്കുമായിരുന്നില്ല. വളരെ സാവകാശത്തിലായിരുന്നു അവിടുന്ന് സംസാരിച്ചിരുന്നത്. ആർക്കെങ്കിലും അത് ഓർമ്മയിൽ സൂക്ഷിച്ചു വെക്കണമെങ്കിൽ അവർക്ക് അപ്രകാരം ചെയ്യാമായിരുന്നു.'

അലി (റ) റസൂൽ തിരുമേനിയെക്കുറിച്ച് പറയുന്നു:

'അവിടുന്ന് സദാ സുസ്മേര വദനനും മൃദുലചിത്തനുമായിരുന്നു. കരുണാർദനായിരുന്ന അവിടുന്ന് സങ്കുചിതമനസ്ക്കനോ കഠിന ഹൃദയനോ ആയിരുന്നില്ല. ഒരിക്കലും അട്ടഹസിച്ചിരുന്നില്ല. കഠിന പദംപോലും ഉച്ചരിച്ചിരുന്നില്ല. ആരുടെ പ്രവർത്തികളിലും കുറ്റമൊന്നും കണ്ടിരുന്നില്ല. ആരെക്കൊണ്ടും കഠിനമായി ജോലി ചെയ്യിച്ചിരുന്നില്ല. അദ്ദേഹത്തിന്ന് ഇഷ്ടപ്പെടാത്ത കാര്യമാണെങ്കിൽ സൗമ്യപൂർവ്വം തന്റെ വിപ്രതിപത്തി പ്രകടിപ്പിക്കുമായിരുന്നു. അവിടുത്തെ നല്ലത് പോലെ അറിയുന്നവർക്ക് അദ്ദേഹത്തിന്റെ നിശ്ശബ്ദത എന്താണെന്നറിയുമായിരുന്നു. അവിടുന്ന് മൂന്ന് കാര്യങ്ങൾ സ്വയം ഇഷ്ടപ്പെട്ടിരുന്നില്ല. അനാവശ്യമായ വാദസമർത്ഥനം, വൃഥാ വർത്തമാനം, അദ്ദേഹത്തെ സംബന്ധിക്കാത്ത കാര്യങ്ങളിലുള്ള താൽപര്യം, മറ്റുള്ളവരുടെ കാര്യത്തിൽ അവിടുന്ന് മൂന്ന് കാര്യങ്ങൾ ഇഷ്ടപ്പെട്ടിരുന്നില്ല. അന്യരെക്കുറിച്ച് ഒരിക്കലും കുറ്റം പറഞ്ഞിരുന്നില്ല. അന്യരുടെ സ്വകാര്യതയിലേക്ക് ചുഴിഞ്ഞു നോക്കിയിരുന്നില്ല. ഉപകാരപ്രദമായ കാര്യങ്ങൾ അവിടുന്ന് സംസാരിക്കുമായിരുന്നു. അനുചരന്മാരോട് അദ്ദേഹം സംസാരിക്കുമ്പോൾ അവർ നിശ്ശബ്ദത പാലിച്ചിരുന്നു. ഒരു പക്ഷി വന്ന് നിന്നാലെന്ന

പോലെ അവരുടെ ശിരസ്സുകളെല്ലാം കുനിഞ്ഞിരുന്നു. അദ്ദേഹം നിശ്ശബ്ദനായാൽ മാത്രമേ അവർ സംസാരിച്ചിരുന്നുള്ളൂ. ആരെങ്കിലും അദ്ദേഹത്തോട് സംസാരിക്കുമ്പോൾ അയാൾ സംസാരിച്ചു തീരുന്നത് വരെ അത് ശ്രദ്ധാപൂർവ്വം കേൾക്കുമായിരുന്നു. ആളുകളെന്തെങ്കിലും കേട്ട് ചിരിക്കുകയാണെങ്കിൽ അദ്ദേഹം അവരുടെ കൂടെ പുഞ്ചിരിക്കുമായിരുന്നു. പുറത്ത് നിന്ന് ആരെങ്കിലും കഠിനമായി സംസാരിക്കുകയാണെങ്കിൽ അവിടുന്ന് ക്ഷമയോടെ അത് കേൾക്കുമായിരുന്നു. തന്നെ സ്തുതിച്ചു പറയുന്നത് ഒരിക്കലും അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. പക്ഷേ ആരെങ്കിലും എന്തെങ്കിലും ഉപകാരം ചെയ്തതിന്റെ പേരിൽ അദ്ദേഹത്തിന്ന് നന്ദി പറഞ്ഞെങ്കിൽ അത് ഹാർദ്ദമായി സ്വീകരിക്കുമായിരുന്നു. ആരെങ്കിലും സംസാരിക്കുമ്പോൾ അദ്ദേഹം ഒരിക്കലും ഇടക്ക് കയറി ഇടപെടാറില്ലായിരുന്നു. സംസാരിക്കുന്നയാൾ നിശ്ബദനായെങ്കിൽ മാത്രമേ അദ്ദേഹം സംസാരം തുടങ്ങുകയുള്ളൂ. അദ്ദേഹം അസാമാന്യമാം വിധം വിശാല ഹൃദയനായിരുന്നു. ഏറ്റവും സത്യസന്ധനുമായിരുന്നു. അങ്ങേയറ്റം കരുണയുള്ളവനും ഏറ്റവും നല്ല സ്നേഹിതനുമായിരുന്നു.

## ജീവിതപരീക്ഷണങ്ങളെ സഹിച്ച പ്രവാചകൻ

പ്രവാചകന്ന് ധാരാളം കുട്ടികളുണ്ടായിരുന്നു, ഫാത്തിമയൊഴികെയുള്ളവരെല്ലാം ചെറുപ്രായത്തിൽ തന്നെ മരിച്ചു പോയി. അവിടുത്തെ മൂത്തമകൾ സൈനബ് ഹിജറ എട്ടാം വർഷത്തിൽ മരിച്ചു. അവർ അബുൽ ആസ് ബിൻ റാബിയെ വിവാഹം കഴിച്ചു. മരിക്കുമ്പോൾ അവർക്ക് ഒരു ആൺ കുട്ടിയും ഒരു പെൺ കുട്ടിയുമുണ്ടായിരുന്നു. പ്രവാചകൻ അതിരറ്റ് ആ പേരക്കുട്ടികളെ സ്നേഹിച്ചു. ഇമാമ എന്നായിരുന്നു പേര്. ഫാത്തിമ (റ)യുടെ മരണത്തിന്ന് ശേഷം അലി(റ) യാണ് അവരെ വിവാഹം കഴിച്ചത്. റുക്കിയ്യ ഉമ്മുകുൽസു എന്നീ രണ്ട് പെൺകുട്ടികളെ ഉഥ്മാൻ (റ) യാണ് വിവാഹം കഴിച്ചത്. ഒരാൾ മരണപെട്ടതിന്ന് ശേഷം മറ്റൊരാളെ വിവാഹം കഴിച്ചത്. ഫാത്തിമ അലിയെ ഹിജ്റ രണ്ടാം വർഷത്തിലാണ് വിവാഹം കഴിച്ചത്. റസൂൽ തിരുമേനി(സ) യുടെ വഫാത്തിന്ന് ശേഷം ആറ് മാസം കഴിഞ്ഞാണ് ഫാത്തിമ ദിവംഗതയാവുന്നത്. ഹസ്സൻ, ഹുസൈൻ എന്നീ രണ്ട് പുത്രന്മാരും സൈനബ്, ഉമ്മുകുൽസു എന്നീ രണ്ട് പുത്രിമാരുമായിരുന്നു അവർക്കുണ്ടായിരുന്നത്.

പ്രവാചകൻ തന്റെ കുടുംബാംഗങ്ങളെ വളരെ ആദരവായ്പോടെയാണ് പെരുമാറിയിരുന്നത്. അവിടുന്ന് ഒരിക്കലും തന്റെ ആദ്യ പത്നി ഖദീജയെ മറന്നിരുന്നില്ല. അവരായിരുന്നു ആദ്യമായി പ്രവാചകനെ സ്വീകരിച്ച ആദ്യവ്യക്തി. അവിടുന്ന് സ്നേഹമുള്ള പിതാവും സ്നേഹമുള്ള ഭർത്താവുമായിരുന്നു. എല്ലാറ്റിന്നുമുപരിയായി അദ്ദേഹം അല്ലാഹുവിന്റെ സേവകനുമായിരുന്നു. എല്ലാ സ്നേഹവും അവനുവേണ്ടിയായിരുന്നു. അവന്റെ പ്രീതി കാംഷിച്ചു കൊണ്ടുമായിരുന്നു. അവിടുത്തെ കുടുംബാംഗങ്ങളെല്ലാം അവിടുത്തോടൊപ്പം ആ പാത ആത്മാർത്ഥമായി പിന്തുടർന്നു. ഈ ലോകത്തിന്റെ സുഖാഢംബരങ്ങളെല്ലാം അവർ ത്യജിച്ചു. പ്രവാചകന്റെ ജീവിതത്തിലെ എല്ലാ പ്രയാസങ്ങളും അവർ പങ്കുകൊണ്ടു. അവിടുന്ന് ഈ ലോകത്തോട് വിടപറയുമ്പോൾ അറേബ്യ മുഴുവൻ പ്രവാചകന്ന് കീഴിലായിരുന്നു. അവിടുത്തെ കുടുംബത്തിന്ന് വേണ്ടി സ്വർണ്ണമോ, സ്വത്തോ പണമോ ഒന്നും തന്നെ ബാക്കി വെച്ചിരുന്നില്ല.

ലോകത്തിന്ന് അദ്ദേഹം നൽകിയത് മനുഷ്യ ജീവിതത്തെ ക്രമീകരിക്കുന്ന ദൈവത്തിൽ നിന്നുമുള്ള അതിമഹത്തായ രണ്ട് സമ്മാനങ്ങളാണ്. വിശുദ്ധ ഖുർആനും അദ്ദേഹത്തിന്റെ തന്നെ വചനങ്ങളും. അവിടുന്ന് മനുഷ്യന് സത്യം, വിശ്വസ്തത, ആത്മനിരാസം, കരുണ, നീതി, സ്നേഹ സമ്പന്നമായ അയൽപക്കം, ശാന്തി, ദൈവ വിശ്വാസം, കഠിനാദ്ധ്വാനം മുതലായ മൂല്യങ്ങൾ അവിടുന്ന് ലോകത്തിന്ന് പഠിപ്പിച്ചു. മനുഷ്യനെ അത്യുന്നതമായ സ്ഥാനത്തേക്ക് അദ്ദേഹം ഉയർത്തി. അവിടുന്ന് പറഞ്ഞു: 'ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാണ്'

അറബികൾ വന്യ സ്വഭാവികളും യുദ്ധപ്രിയരുമായിരുന്നു. അവർ അമിതമായി മദ്യപാനം ചെയ്തു. കൊള്ളയടിച്ചു, ആളുകളെ അന്യായമായി മർദ്ദിച്ചു. എല്ലാവിധ നിന്ദ്യമായ വഴികളിലൂടെയും സഞ്ചരിച്ചു. ആ അറബികളെ അദ്ദേഹം ദൈവഭക്തരുടെയും സാത്വികരുടെയും രക്തസാക്ഷികളുടെയും ജനതയാക്കി മാറ്റി. വിധവകളെ സഹായിക്കുന്നവരും അനാഥകളെ സംരക്ഷിക്കുന്നവരും വ്രതമെടുക്കുന്നവരുമാക്കി. മക്കാ ഖുറൈഷികൾക്കിടയിൽ അവിടുന്ന് ആദ്യത്തെ ദൈവവിളിയുയർത്തിപ്പോൾ അവർ അദ്ദേഹത്തിനെതിരെ ചീറിയടുത്തു. അദ്ദേഹത്തെ കൊല്ലാൻ ഗൂഢാലോചന നടത്തി. വിദൂരമായ മദീനയിലേക്ക് ആട്ടിയോടിച്ചു. പക്ഷേ അല്ലാഹു അദ്ദേഹത്തിന്ന് മേൽ അത്യുന്നതമായ അനുഗ്രഹങ്ങൾ ചൊരിയുകയായിരുന്നു. ദിവംഗതനാകുന്നതിന്ന് മുമ്പ് അവൻ റസൂൽ തിരുമേനി(സ)യെ തന്നെ മർദ്ദിച്ചവരും ബഹിഷ്ക്കരിച്ചവരുമെല്ലാമടങ്ങുന്ന അറേബ്യയുടെ രാജാവാക്കി. മനുഷ്യവംശത്തിന്റെ തന്നെ വിമോചകനും മാതൃകാ പുരുഷനുമാക്കി. അല്ലാഹു അദ്ദേഹത്തെ അത്യുന്നത സ്ഥാനത്തേക്കുയർത്തി കോടാനുകോടി സലാമും സ്വലാത്തും അല്ലാഹു റസൂൽ തുരുമേനി (സ)യിൽ വർഷിക്കുമാറാകട്ടെ.

www.alislam.org

# സ്വർഗ്ഗത്തിന്റെ യാഥാർത്ഥ്യങ്ങൾ

സ്വർഗ്ഗം രണ്ട് വിധത്തിലുണ്ട്. മരണാനന്തര സ്വർഗ്ഗവും ഭൂമിയിലെ സ്വർഗ്ഗവും വിശുദ്ധ ഖുർആൻ ഈ രണ്ട് സ്വർഗ്ഗങ്ങളെ പറ്റിയും വിവരിക്കുന്നു.

ഡോ. നാസിം റഹ്മത്തുല്ലാഹ്

സാധാരണയായി സ്വർഗ്ഗം അല്ലെങ്കിൽ പറുദീസ എന്നീ പദങ്ങൾ വിവർത്തനം ചെയ്യാറുണ്ട്. ഈ പദങ്ങളുടെ വിവർത്തനങ്ങളൊന്നും തന്നെ വിശുദ്ധ ഖുർആന്റെ ***ജന്നത്ത്*** നെ കുറിച്ചുള്ള സങ്കൽപ്പം വേണ്ടത് പോലെ വിനിമയം ചെയ്യപ്പെടുന്നില്ല. വിശുദ്ധ ഖുർആൻ പ്രതീകാത്മകമായി സ്വർഗ്ഗത്തെ വിവരിക്കാൻ പൊതുവേ ഉപയോഗിക്കുന്ന പദം **ജന്നത്ത്** എന്നാണ്. അതിന്റെ ലളിതമായ അർത്ഥം ആരാമം എന്നാണ്. മുന്തിരിയുടെയും ഈത്തപഴത്തിന്റെയും തോട്ടത്തെ ***ജന്നത്ത്*** എന്നാണ് പറയുക. മറ്റു പഴവർഗ്ഗങ്ങൾ ഉള്ള തോട്ടത്തെ ***ഹദീഖ്*** എന്നാണ് പറയാറ്. ഇമാം റാഗിബ് (ആധികാരിക ഖുർആൻ ഭാഷ്യകാരൻ) പറയുന്നു. ഇടതൂർന്നു വളരുന്ന നിബിഢമായ സസ്യരാജികൾ കാരണം താഴത്തെ നിലം കാണാത്ത തോട്ടത്തെയാണ് ജന്നത്ത് എന്ന് പറയുന്നത്.

പരലോക ജീവിതം പല തലങ്ങളിൽ പണ്ഡിതന്മാർ വിവരിച്ചിട്ടുണ്ട്. **ജന്നത്ത്** എന്ന പദം ഖുർആനിക ജീവിതത്തിന്റെ ഫലമായി ഉണ്ടാവുന്ന ഒരു സാമൂഹിക ക്രമം എന്ന അർത്ഥം ദ്യോതിപ്പിക്കാനാണ് ഖുർആൻ വ്യാപകമായി ഉപയോഗിച്ചത്. ജന്നത്ത് ഈ ലോകത്തും പരലോകത്തും സ്ഥാപിക്കപ്പെടുന്നു. അല്ലാഹു ഖുർആനിൽ പറയുന്നു. ***'വലിമൻ ഖാഫ മഖാമൻ റബ്ബിഹീ ജന്നത്താൻ'*** **അല്ലാഹുവിനെ ഭയപ്പെട്ടു കൊണ്ട് അവന്റെ മുന്നിൽ നിൽക്കുന്നവന് രണ്ട് സ്വർഗ്ഗമുണ്ട്** (55:47) ആദമിന്റെ കഥ പറയുമ്പോൾ ഖുർആൻ പറയുന്നു: നാം പറഞ്ഞു: **'ആദമേ, നീയും നിന്റെ പത്നിയും ഈ തോട്ടത്തിൽ വസിക്കുകയും അവിടെ നിങ്ങൾ ഇച്ഛിക്കുന്നിടത്ത് നിന്ന് സുഭിക്ഷമായി ഭക്ഷിക്കുകയും ചെയ്തു കൊള്ളുക എന്നാൽ ഈ വൃക്ഷത്തെ നിങ്ങൾ സമീപിക്കരുത്. സമീപിച്ചാൽ നിങ്ങൾ അധർമ്മികളാവും'(2:36)** മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ തോട്ടം അല്ലെങ്കിൽ ജന്നത്ത് എന്നാൽ ഖുർആനിക ആജ്ഞകൾക്കനുസൃതമായതും പ്രവാചകനെ അനുസരിച്ചുകൊണ്ടുമുള്ള ഒരു ജീവിതക്രമം എന്നാണ്. ദൈവത്തോടും മനുഷ്യനോടുമുള്ള കടമകൾ നിറവേറ്റിക്കൊണ്ടുള്ള ഒരു സാമൂഹിക ക്രമം പുരോഗമിക്കുമ്പോൾ അവിടെയാണ് നന്മ നിലനിൽക്കുക.

ഇവിടെ ആദമിന്റെ **ജന്നത്ത്** എന്നത് സ്വർഗ്ഗം അഥവാ പറുദീസ എന്നല്ല അർത്ഥമാക്കുന്നത്. ആദമിന് ജീവിക്കാൻ വേണ്ടി തോട്ടം പോലെ നിർമ്മിക്കപ്പെട്ട ആദ്യത്തെ സ്ഥലം എന്നാണ്. (2:37) അത് പരലോകത്തുള്ള സ്വർഗ്ഗം അഥവാ പറുദീസ അല്ല. കാരണം ഒന്നാമതായി അത് ഭൂമിയിൽ ആദമിന് വേണ്ടി ജീവിക്കാനായി നിർമ്മിച്ച സ്ഥലമാണ്. (2:37) രണ്ടാമതായി സ്വർഗ്ഗത്തെ പറ്റി അല്ലാഹു ഖുർആനിൽ പറയുന്നത് **'അവിടെ അവരെ ക്ഷീണം സ്പർശിക്കുകയില്ല അവർ അവിടെ നിന്നും പുറത്താക്കപ്പെടുന്നവരുമല്ല.' (15:49)** വാഗ്ദത്ത മസീഹ് 11:109 ഖുർആനിക വചനം പരാമർശിച്ചു കൊണ്ട് പറഞ്ഞു: ***'അതാഅൻ ഗെയ്റ മജ്ദൂദ:'*** **'ആ സമ്മാനം നിലച്ചു പോകുകയില്ല'** എന്ന് പരാമർശത്തിൽ നിന്നും ഇതൊരു സ്ഥായിയായ അവസ്ഥയാണെന്ന് മനസ്സിലാക്കാം. അതിന്നർത്ഥം ഒരിക്കൽ സർഗ്ഗസ്ഥനായ ഒരാൾ സ്വർഗ്ഗത്തിൽ നിന്നും ബഹിഷ്കൃതനാകുകയില്ല. ഇത് കാണിക്കുന്നത് ആദം ആദ്യം നിവസിച്ച ജന്നത്ത് അഥവാ തോട്ടം എന്നത് ഭൂമിയിൽ തന്നെയുള്ള ഒരു സ്ഥലമായിരുന്നു. അത് അങ്ങനെ വിളിക്കപ്പെടാൻ കാരണം ആ ഭൂമി വളരെ ഫലഭൂയിഷ്ഠവും അതിനാൽ സസ്യലതാതികളാൽ ഹരിതാഭവും നിബിഢമായതു കൊണ്ടായിരുന്നു. ജന്നത്ത് എന്നത് ഒരു സ്ഥലമോ ഒരു പ്രദേശമോ അല്ല. അത് ഒരു മാനസികാവസ്ഥയോ ഹൃദയത്തിന്റെ സംതൃപ്തമായ ഒരവസ്ഥയോ ആണെന്നും അർത്ഥം പറയാവുന്നതാണ്. (13:29)

ഇഹലോക ജീവിതത്തിൽ മനുഷ്യൻ ആത്മീയ പക്വതയും സ്ഥൈര്യവും ആർജ്ജിച്ച് ഒരു ഘട്ടമെത്തിയാൽ അവൻ അല്ലെങ്കിൽ അവൾ സൽക്കർമ്മങ്ങൾ ചെയ്യാനുള്ള പ്രവണതയിലും ആരാധനയിലും ദൈവസ്മരണയിലും മുഴുകിയവരായിരിക്കും. അത് ഭൂമിയിലെ സ്വർഗ്ഗമാണ്. അത്തരം ആളുകൾക്ക് രണ്ട് സ്വർഗ്ഗമുണ്ട്. ഒന്ന് ഈ ലോകത്തും മറ്റൊന്ന് പരലോകത്തും. അല്ലാഹു വിശുദ്ധ ഖുർആനിൽ പറഞ്ഞത് പോലെ **'വലിമൻ ഹാഫൻ മക്കാമ റബ്ബിഹീ ജന്നത്താൻ'(55:47)**

പരലോകത്തെ സംബന്ധിച്ച് പറയുമ്പോൾ വിശുദ്ധ ഖുർആൻ

പറയുന്നത്. **'അതിനാൽ തങ്ങൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതിന്റെ ഫലമായി കൺകുളിർപ്പിക്കുന്ന എന്തെല്ലാം അനുഗ്രഹങ്ങളാണ് അവർക്ക് വേണ്ടി മറച്ചു വെക്കപ്പെട്ടതെന്ന് അവർ അറിയുന്നില്ല.'**(32:18) എന്തായിരുന്നാലും ജന്നത്തിലെ ചില കാര്യങ്ങൾ പ്രതീകാത്മകമായാണ് വർണ്ണിച്ചിരിക്കുന്നത്. (18:109,35:36,47:16,50:36). മനുഷ്യരായ നമുക്ക് ഇത്തരം സ്വർഗ്ഗത്തിലെ കാര്യങ്ങൾ സംവേദിച്ചറിയാൻ സാദ്ധ്യമല്ല. അല്ലാഹു പറയുന്നു: **'സൂക്ഷ്മത പാലിക്കുന്നവർക്ക് വാഗ്ദാനം ചെയ്ത ഉദ്യാനത്തിന്റെ ഉപമ (ഇങ്ങനെയാണ്). അതിന്റെ താഴ്ഭാഗത്ത് കൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്നു. അതിലെ കനികൾ നിത്യമായവയാകുന്നു. അതിലെ തണലും (അപ്രകാരം തന്നെ) സൂക്ഷ്മത പാലിക്കുന്നവരുടെ പര്യവസാനമാണത്. അവിശ്വാസികളുടെ പര്യവസാനം അഗ്നിയുമത്രെ'**(13:36)

ഭൗതികാർത്ഥത്തിൽ എടുക്കുകയാണെങ്കിൽ ഈ വചനങ്ങൾ അർത്ഥമാക്കുന്നത് ഇഹലോക ജീവിതം സുഖകരവും സന്തോഷപ്രദവും ഉപകാര പ്രദവുമാക്കുന്നതിന് ധാരാളം വിഭവങ്ങൾ ഉണ്ട്. അത് പ്രതീകാത്മകമായി എടുക്കുകയാണെങ്കിൽ ആത്മീയാർത്ഥത്തിൽ വിശ്വാസികൾക്ക് ആത്മീയ ജ്ഞാനത്താൽ നിർഭരമായ ഒരു പൂർണ്ണ ജീവിതം ലഭിക്കുന്നതിന്നാവശ്യമായ വിഭവങ്ങൾ ലഭിക്കുമെന്നാണ് പരലോകത്തെ സ്വർഗ്ഗം കൊണ്ടു വിവക്ഷിക്കപ്പെടുന്നത്. അവിടെ അവർ ദൈവാനുരാഗമാകുന്ന മദ്യം പാനം ചെയ്യുകയും ദൈവ സ്നേഹം കരഗതമാവുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യും.

മരണാനന്തരം ജന്നത്തിന്റെ അവസ്ഥ ആർജ്ജിക്കണമെങ്കിൽ ജീവനും ആത്മാവും ഈ ലോകത്തും അതിനനുസൃതമായി ഒരുക്കിയെടുക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ ഒരു പുതിയ ശരീരവുമായി ജന്നത്തിന്റെ അവസ്ഥയിലേക്ക് അയാൾ എത്തുകയുള്ളൂ. മനുഷ്യജീവന്റെയും ആത്മാവിന്റെയും വളർച്ചയുടെ അവസാനത്തെ അവസ്ഥയല്ല **അൽ ജന്നത്ത്** എന്നത്. ***'റബ്ബനാ അത്മിംലനാ നൂറനാ വ അഫിർ ലനാ ഇന്നക്ക അലാ കുല്ലിം ശയ്യിം ഖദീർ.'( 66:9)*** **ഞങ്ങളുടെ നാഥാ ഞങ്ങളുടെ പ്രകാശം ഞങ്ങൾക്ക് പൂർത്തീകരിച്ചുതരേണമേ. ഞങ്ങൾക്ക് പൊറുത്തുതരേണമേ. തീർച്ചയായും നീ എല്ലാ കാര്യത്തിനും കഴിവുള്ളവനാണ്.**(66:9). സ്വർഗ്ഗത്തിലുള്ള മനുഷ്യ ജീവിതം നിശ്ചിതമല്ല. ഇസ്തിഗ്ഫാറിലൂടെ കൂടുതൽ കൂടുതലായി ആത്മീയ പുരോഗതിക്ക് വേണ്ടിയുള്ള പരിശ്രമം തുടരേണ്ടതാണ്. ഒരിക്കൽ സ്വർഗ്ഗത്തിൽ പ്രവേശിച്ചു കഴിഞ്ഞാൽ അവിടെ നിന്ന് ബഹിഷ്ക്കരണമോ ആ ആത്മീയാവസ്ഥക്ക് ശോഷണമോ ഉണ്ടാവില്ല. അല്ലാഹുവിന്റെ സാന്നിദ്ധ്യം കരസ്ഥമാക്കാനുള്ള ശ്രമങ്ങൾ മാത്രമായിരിക്കും ഉണ്ടാവുക.

അവർ അർഹിക്കുന്നതിനെക്കാൾ അല്ലെങ്കിൽ ആഗ്രഹിക്കുന്നതിനെക്കാൾ അവർക്ക് നൽകപ്പെടുന്നു. **'അവർക്കവിടെ തങ്ങളാഗ്രഹിക്കുന്നതെന്തും ഉണ്ട്. നമ്മുടെ അടുക്കൽ കൂടുതലും ഉണ്ട്.'**(50:36)

തങ്ങളുടെ ആത്മാവിനെയും ജീവനെയും നിശ്ചിത വിതാനത്തിൽ വികസിപ്പിക്കുന്നതിൽ പരാജയപ്പെട്ടവൻ ഒരു നിർദ്ദിഷ്ടകാലം അതിനെ പുനരധിവസിപ്പിക്കേണ്ടതുണ്ട്. ഞങ്ങളുടെ വിശ്വാസപ്രകാരം അതാണ് നരകം അഥവാ **ജഹന്നം.** നഫ്സിന്റെ ചികിത്സയും പുനരധിവാസത്തിനുമുള്ള സ്ഥലമാണ് നരകം. ദൈവത്തിന്റെ കരുണാർദ്രമായ ഗുണം ശാശ്വതമായ ശിക്ഷക്ക് ചേർന്നതല്ല. മുസ്ലിംകളും അമുസ്ലിംകളുമടക്കം നരകവാസികളായ ആളുകളെ മുഴുവനും അവരുടെ പാപത്തിനനുസരിച്ചുള്ള ഒരു സമയ പരിധി കഴിഞ്ഞാൽ മോചിതരാക്കും. അവരുടെ പുനരധിവാസത്തിന് ശേഷം ആത്മീയ പുരോഗതിക്കായി സ്വർഗ്ഗത്തിൽ പ്രവേശിക്കും. നരകക്കുണ്ട് സ്വയം തന്നെ നാമാവശേഷമാകും.

ഈ ലോകത്ത് നിന്നും നാം അടുത്ത ഘട്ടത്തിലുള്ള ആത്മീയ പരിവർത്തനത്തിനുള്ള ശ്രമമായിരിക്കണം തുടരേണ്ടത്. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

**'അല്ലയോ ശാന്തി പ്രാപിച്ച ആത്മാവേ നീ നിന്റെ നാഥനിലേക്ക് മടങ്ങുക. സംപ്രീതനും പ്രീതിപ്പെട്ടവനുമായിക്കൊണ്ട്. എന്നിട്ട് എന്റെ ഉത്തമദാസരിൽ ചേർന്നു കൊള്ളുക. എന്റെ സ്വർഗ്ഗത്തിൽ പ്രവേശിച്ചുകൊള്ളുക.'**(89:28–30)

ഈ ലോകത്തെ അന്തിമമായ ജന്നത്ത് എന്നത് പ്രവാചകന്റെ ആഗമനമാണ്. പരിശുദ്ധ പ്രവാചകന്റെ ആഗമനം പ്രതീകാത്മകമായി അല്ലാഹുവിന്റെ വരവായി വിശേഷിപ്പിക്കപ്പെടാറുണ്ട്. മുഹമ്മദ് നബി(സ)യെ അൽ അബ്ദ് എന്നാണ് വിശുദ്ധ ഖുർആൻ (72:20) വിശേഷിപ്പിച്ചിട്ടുള്ളത്.

അവസാന കാലത്ത് അല്ലാഹു അവന്റെ കാരുണ്യത്താൽ തന്റെ ഉത്തമ ദാസന്റെ ദാസനായി ഗുലാം അഹ്മദ് (അ) നെ നമ്മിലേക്കയച്ചു. അതാണ് ഹദ്റത്ത് അഹ്മദ് (അ) ഉണ്ടായ വെളിപാട് **'ഇന്നീ അൻസൽത്തു മഅക്ക അലൽ ജന്ന:'** (സ്വർഗ്ഗം ഞാൻ നിന്നോടൊപ്പം അയക്കുന്നു)

ഭൂമിയിൽ അല്ലാഹുവിന്റെ പ്രവാചകന്റെ സാന്നിദ്ധ്യം സ്വർഗ്ഗമാണ്. വാഗ്ദത്തം മസീഹിനുണ്ടായ വെളിപാട് സൂചിപ്പിക്കുന്നത് പോലെ ഭാവിതലമുറക്കായി വാഗ്ദത്ത മസീഹിലൂടെ ദൈവത്തിലേക്കും സ്വർഗ്ഗത്തിലേക്കും നയിക്കുന്ന ഒരു സജീവ സ്ഥാപനത്തെ അല്ലാഹു സ്ഥാപിച്ചിരിക്കുന്നു. അതാണ് ഖിലാഫത്ത് വ്യവസ്ഥ. ഇന്ന് ഖിലാഫത്ത് ഭൂമിയിലെ സ്വർഗ്ഗമാണ്. ഖിലാഫത്തും അതിനോടുള്ള അനുസരണവുമായും നാം ബന്ധപ്പെടുമ്പോൾ അത് സ്വർഗ്ഗീയമായ അവസ്ഥയിൽ നമ്മെ എത്തിക്കുന്നു.

ഭാഗം - 32

# ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി

## (ഖലീഫത്തുൽ മസീഹ് അവ്വൽ (റ))

വാഗ്ദത്ത മഹ്ദി(അ)യുടെ പ്രഥമ ശിഷ്യനും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രഥമ ഖലീഫയും മഹാ പണ്ഡിതനുമായ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ) യുടെ ജീവചരിത്ര പരമ്പര.

ഇബ്നു വഫാ ബേപ്പൂർ

### ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ പ്രഥമ പ്രസംഗം

ഹദ്റത്ത് മുഫ്ത്തി മുഹമ്മദ് സാദിഖ് സാഹിബ് സമർപ്പിച്ച നിവേദനം കേട്ട ശേഷം ഹദ്റത്ത് മൗലാനാ മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് എഴുന്നേറ്റു നിന്നു. പിന്നീട് ഇങ്ങനെ തന്റെ പ്രസംഗം ആരംഭിച്ചു.

أَشْهَدُ أَنْ لَا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَه
وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ-
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطَانِ الرَّجِيم
بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ
وَلْتَكُنْ مِنْكُمْ أُمَّةٌ يَدْعُونَ إِلَى الْخَيْرِ
وَيَأْمُرُونَ بِالْمَعْرُوفِ وَيَنْهَوْنَ
عَنِ الْمُنْكَرِ وَأُولٰئِكَ هُمُ الْمُفْلِحُونَ

ഖുർആൻ പറയുന്നു നന്മയിലേയ്ക്കു ക്ഷണിക്കുകയും നല്ല കാര്യങ്ങൾ ഉപദേശിക്കുകയും നിഷിദ്ധ കാര്യങ്ങളെ വിലക്കുകയും ചെയ്യുന്ന ഒരു സംഘം നിങ്ങളിലുണ്ടാവേണ്ടതാണ്. അവർ തന്നേയാണു വിജയം പ്രാപിക്കുന്നവർ. (3:105)

അതിനു ശേഷം മൗലവി സാഹിബ് പറഞ്ഞു. ആദ്യാന്തരഹിതനും മഹത്വമുടയവനുമായ നമ്മുടെ അല്ലാഹുവിനെ ഞാൻ ആദ്യം സ്തുതിക്കുന്നു. ലോകത്തു ആഗതരാവുന്ന എല്ലാ നബിമാർക്കും ഒരു ഉദ്ദേശ്യ ലക്ഷ്യമുണ്ട്. അവരത് നിർവഹിക്കുന്നു. അതു പൂർത്തിയായാൽ അവരെ അല്ലാഹു തിരിച്ചു വിളിക്കുന്നു. ശാമിലേയ്ക്കു പുറപ്പെട്ട ഹദ്റത്ത് മൂസ്സാ (അ) അവിടെ എത്തുന്നതിനു മുമ്പു വഴിയിൽ വച്ചു മരണമടഞ്ഞതു എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. കൈസറിന്റേയും കിസ്റയുടേയും താക്കോലുകൾ തനിക്കു നൽകപ്പെട്ടതായി ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) അരുൾ ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ ആ പുണ്യാത്മാവ് ആ താക്കോലുകൾ കാണുന്നതിനു മുമ്പ് തന്നെ ഇഹ ലോകവാസം വെടിഞ്ഞു. ഇത്തരം കാര്യങ്ങളിൽ അല്ലാഹു ചില രഹസ്യങ്ങൾ വച്ചിട്ടുണ്ട്.

ഇവിടേയും ധാരാളം പേർ ആശ്ചര്യത്തോടെ പറയും ഹദ്റത്ത് മസീഹ് മൗഊദിന്റെ എണ്ണമറ്റ പ്രവചനങ്ങളുണ്ട്. അതൊന്നും തന്നെ പൂർത്തിയായിട്ടില്ല. എന്റെ അഭിപ്രായത്തിൽ ഇതു അല്ലാഹുവിന്റെ ഒരു പ്രത്യേക നടപടിക്രമമാണു. അവൻ തന്റെ പ്രവചനങ്ങൾ ഘട്ടംഘട്ടമായാണു പൂർത്തിയാക്കുന്നത്. മാത്രവുമല്ല ചിലയവസരത്തിൽ അല്ലാഹു ആരെയാണോ സംബോധന ചെയ്യുന്നത് അതിലൂടെ യഥാർഥത്തിൽ അദ്ദേഹത്തിന്റെ പ്രതിനിധിയെയായിരിക്കാം അല്ലാഹു ഉദ്ദേശിക്കുന്നത്. പിന്നീട് ഹുസൂർ അരുൾ ചെയ്തു.

നിങ്ങൾ എന്റെ മുൻ കാല ജീവിതം പരിശോധിച്ചോളൂ. ഞാൻ ഒരിക്കലും ഇമാം ആകാൻ ആഗ്രഹിച്ചിരുന്ന വ്യക്തിയല്ല. മർഹൂം മൗലവി അബ്ദുൽ കരീം സാഹിബ് ഇമാമുസ്സ്വലാത്തായി നിയമിക്കപ്പെട്ടപ്പോൾ വലിയൊരു ഉത്തരവാദിത്വത്തിൽ നിന്നും രക്ഷപ്പെട്ടുവല്ലോ എന്നു സമാധാനിച്ചവനാണു ഞാൻ. എന്റെ സ്ഥിതിഗതികൾ ഞാൻ നന്നായി മനസ്സിലാക്കുന്നവനാണ്. എന്റെ രക്ഷിതാവ് അതിലും കൂടുതലായി എന്നെ അറിയുന്നവനാണ്. ഞാൻ ഈ ലോകത്തു ഒരിക്കലും അറിയപ്പെടാനോ പ്രശസ്തിയോ ആഗ്രഹിച്ചിട്ടില്ല. വല്ലതും ആഗ്രഹിച്ചിട്ടുണ്ടെങ്കിൽ

എന്റെ റബ്ബ് എന്നോട് തൃപ്തി പ്പെടണമേ എന്നു മാത്രമാണ്. ആ ആഗ്രഹപൂർത്തിക്കായി ഞാൻ എന്നും ദുആ ചെയ്തു കൊണ്ടിരി ക്കുകയാണ്. അതിനു വേണ്ടിയാ ണു ഞാൻ ഖാദിയാനിൽ തങ്ങിയത്. തങ്ങുന്നത്. മേലിലും ഇവിടെ തന്നെ താമസിക്കുകയും ചെയ്യും. ഹദ്റത്ത് സാഹിബിനു ശേഷം നമ്മുടെ സ്ഥിതി എന്താകുമെന്ന ആലോചന യിൽ ഞാൻ എത്രയോ ദിന രാത്രങ്ങൾ കഴിച്ചുകൂട്ടിയിട്ടുണ്ട്. ആ ഒരുചിന്ത കാരണം മിയാ മഹ്മൂദി ന്റെ പഠന നിലവാരം ഉയർത്താൻ ഞാൻ കഴിവിന്റെ പരമാവധി പ്രയത്നിച്ചിട്ടുണ്ട്.

ഹദ്റത്ത് സാഹിബിന്റെ അടു ത്ത ബന്ധുക്കളായ മൂന്നു പേർ ഇവിടെയുണ്ട്. ഒന്നു എന്റെ സഹോദ രനും ഹദ്റത്ത് സാഹിബിന്റെ മകനുമായ സാഹിബ് സാദാ മിയാ മിർസാ മഹ്മൂദ് അഹ്മദ്. എനിക്കു അവനുമായി ഒരു പ്രത്യേക ബന്ധമുണ്ട്. മറ്റൊരാൾ വളരെയധി കം ബഹുമാന്യനായ ഹദ്റത്ത് സാഹിബിന്റെ ഭാര്യാ പിതാവായ മീർ നാസ്സിർ നവാബ് സാഹിബ്. മൂന്നാമത്തെയാൾ ഹദ്റത്ത് സാഹി ബിന്റെ മകളുടെ ഭർത്താവായ നവാബ് മുഹമ്മദ് അലി ഖാൻ സാഹിബ് ആണ്. ദീനിന്റെ അർപ ണം ചെയ്ത സേവകരായ സയ്യിദ് മുഹമ്മദ് അഹ്സൻ സാഹിബ് ഇവിടെയുണ്ട്. അസാമാന്യ കഴിവു ള്ള അദ്ദേഹം പരിശുദ്ധ നബിയുടെ പിന്തുടർച്ചക്കാരനാണ്. അദ്ദേഹം ദീനിനു വളരെ പ്രശംസാവഹമായ സേവനങ്ങൾ ചെയ്തിട്ടുള്ള മഹൽ വ്യക്തിയാണ്. അദ്ദേഹത്തിന്റെ സേവനങ്ങൾ എന്നെ പോലെയുള്ള വരെ ലജ്ജിപ്പിക്കുന്നതാണ്. അദ്ദേ ഹം തന്റെ വാർദ്ധക്യകാലത്തു ശാരീരിക ബലഹീനതകൾ മറന്നു ഹദ്റത്ത് സാഹിബിനെ പിന്തുണച്ചു കൊണ്ട് നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. എനിക്കു സങ്കൽപി ക്കാൻ കൂടി സാധിക്കാത്ത സേവന മാണു അദ്ദേഹം ചെയ്തത്. ഇവരെ ല്ലാവരും ഇപ്പോൾ ഖാദിയാനിലുണ്ട്. പുറത്തു നിന്നുള്ളവരിൽ സയ്യിദ് ഹാമിദ് ശാഹ് സാഹിബും മൗലവി ഗുലാം ഹസ്സൻ ഖാൻ സാഹിബ് തുടങ്ങി പലരും ഇവിടെയുണ്ട്.

ഏതായാലും ഈയവസരത്തി ൽ നമ്മൾ പുരുഷന്മാരും കുട്ടിക ളും സ്ത്രീകളും ഐക്യത്തോടെ ഒരുമിച്ചിരിക്കേണ്ടതു ഒഴിച്ചുകൂടാനാ വാത്തതാണ്. ആ ഐക്യം നിലനിർ ത്തുന്നതിനായി ഞാൻ പറഞ്ഞ ഈ മഹാന്മാരിൽ ആരുടേയെങ്കിലും കൈയിൽ ബൈഅത്തു ചെയ്തോ ളൂ. ഞാൻ നിങ്ങളോടൊപ്പമുണ്ട്. ഞാൻ വളരെ ബലഹീനനാണു രോഗിയുമാണ്. എന്റെ സ്വഭാവ പ്രകൃതിയും ആരോഗ്യസ്ഥിതിയും ഈ സ്ഥാനം ഏറ്റെടുക്കാൻ യോജി ച്ചതല്ല. ഈ ഭാരിച്ച ഉത്തരവാദിത്വം ഏറ്റെടുക്കുക ഒരിക്കലും എളുപ്പ മല്ല. ഹദ്റത്ത് സാഹിബ് നിർവഹിച്ച നാലു പ്രധാന കാര്യങ്ങളാണുള്ളത്. ഒന്നു ഒരു ദൈവദാസൻ എന്ന നിലയിലുള്ള തന്റെ വ്യക്തിപരമായ ബാദ്ധ്യതകൾ (2) കുടുംബ പരിപാ ലനം (3) അതിഥ്യ മര്യാദ (4) ഇസ്ലാമിന്റെ പ്രചാരണം. ഈ നാലു പ്രവർത്തനങ്ങളിൽ ഒന്നു നമുക്കു ഒഴിവാക്കാം. അതു ഒന്നാമ തായി പറഞ്ഞ അദ്ദേഹത്തിന്റെ ഉബൂദിയ്യത്താണു അതു അദ്ദേഹ വുമായി ബന്ധപ്പെട്ട വ്യക്തിപര മായ കാര്യമാണു. ആ പുണ്യാത്മാ വ് ഈ ലോകത്തു ചെയ്ത സേവന ങ്ങൾ മരണ ശേഷവും തുടരും. ബാക്കി മൂന്നു പ്രവർത്തികളാണു ള്ളത്. അതിൽ ഇസ്ലാമിക പ്രചാര ണം വളരെ പ്രധാനപ്പെട്ടതും അങ്ങേയറ്റം ക്ലേശകരവുമാണ്. ഇപ്പോൾ നിരീശരവാദത്തിനു പുറ മെ ആന്തരികമായ അഭിപ്രായ ഭിന്നതകളുമുണ്ട്. അല്ലാഹു ഭിന്നത കളെ ഇല്ലായ്മ ചെയ്യുവാൻ വേണ്ടിയാണു നമ്മുടെ ജമാഅത്തി നെ തെരഞ്ഞെടുത്തിരിക്കുന്നത്. ഖിലാഫത്തിന്റെ ചുമതല വളരെ എളുപ്പമാണെന്നു നിങ്ങൾ കരുതു ന്നുണ്ടാവാം. എന്നാൽ ഈ ഭാരം ചുമക്കുന്നയാൾക്കു ഇതു വളരെ കഠിനതരമാണ്. അതിനാൽ ഞാൻ അല്ലാഹുവിന്റെ പേരിൽ ആണയിട്ടു കൊണ്ട് പറയുകയാണ് ഞാൻ പേരു പറഞ്ഞവരിൽ ആരെയെങ്കി ലും നിങ്ങൾ തെരഞ്ഞെടുത്തോളൂ ഞാനും നിങ്ങളോടൊപ്പം അദ്ദേഹ ത്തിന്റെ കയ്യിൽ ബൈഅത്തു ചെയ്യാൻ ഒരുക്കമാണ്.

എന്നാൽ നിങ്ങളെല്ലാം എന്റെ കയ്യിൽ ബൈഅത്തു ചെയ്യുവാനാ ണു ആഗ്രഹിക്കുന്നതെങ്കിൽ കേട്ടു കൊള്ളുക. ബൈഅത്തു എന്നാൽ വിൽക്കപ്പെടുക എന്നാണർഥം. ഒരിക്കൽ ഹദ്റത്ത് സാഹിബ് എന്നോടു പറഞ്ഞു സ്വദേശത്തെ കുറിച്ചുള്ള ചിന്ത ഉപേക്ഷിച്ചേക്കൂ. മനസ്സിൽ പോലും പാടില്ല. അതിനു ശേഷം ഞാൻ സ്വദേശത്തെ എന്റെ ചിന്തയിൽ പോലും കൊണ്ടുവന്നി ല്ല. അതിനാൽ ബൈഅത്തു ചെയ്യു ക എന്നത് വളരെ പ്രയാസമുള്ള കാര്യമാണ്. മറ്റൊരാൾക്കു വേണ്ടി തന്റെ സകല സ്വാതന്ത്ര്യങ്ങളും എല്ലാ ഉയർന്ന ചിന്താഗതികളും ഒരാൾക്കു ഉപേക്ഷിക്കേണ്ടി വരു ന്നു. അതു കൊണ്ടാണു അല്ലാഹു തന്റെ അടിയാറുകളുടെ പേര് 'അബ്ദ്' എന്നു വച്ചിരിക്കുന്നത്. ആ ഉബൂദിയ്യത്തിന്റെ ഭാരം തനിക്കു വേണ്ടി പോലും ഒരാൾ വളരെ ബുദ്ധിമുട്ടിയാണ് ചുമക്കുന്നത്. ആ നിലയ്ക്കു മറ്റൊരാൾക്കു വേണ്ടി എങ്ങനെയാണു ഈ ഭാരം ചുമക്കു ക. പലരും പല സ്വഭാവക്കാരാണു അതിൽ ഒരു ഏക സ്വഭാവമുണ്ടാ ക്കുക എന്നത് ചെറിയ കാര്യമൊന്നു മല്ല.

ഇസ്ലാമിക ചരിത്രത്തിലുണ്ടാ യ മഹത്തായ ഒരു സംഭവത്തിലേ യ്ക്കു ഞാൻ നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുന്നു. റസൂൽ തിരുമേനി യുടെ വഫാത്തിനു ശേഷം ഹദ്റ ത്ത് അബൂബക്കറി (റ) ന്റെ കാല ത്തു മക്കയും മദീനയും ഒന്നോ രണ്ടോ മറ്റു സ്ഥലങ്ങളും ഒഴികെ ബാക്കിയുള്ള മറ്റിടങ്ങളിൽ വലിയ കോലാഹലങ്ങളും ഒച്ചപ്പാടും ഉണ്ടായിട്ടുണ്ട്. പിന്നീട് മക്കക്കാരും എതിരിടാൻ തുടങ്ങി. അപ്പോൾ അങ്ങേയറ്റം പരിശുദ്ധനും സാത്വി

കനുമായ ഹദ്റത്ത് അബൂബക്കർ (റ) അവരോടു പറഞ്ഞു ഇസ്‌ലാം സ്വീകരിക്കുന്നതിൽ വളരെ പുറകിലായിരുന്ന നിങ്ങൾ എന്തിനാണു ഇപ്പോൾ മുർത്തദ്ദ് (മതത്യാഗി) ആകാൻ ധൃതി കാണിക്കുന്നത്. ഹദ്റത്ത് ആയിശ സിദ്ധീഖ(റ) പറയുകയാണു എന്റെ പിതാവിനു മേൽ പതിച്ച(ഖിലാഫത്തെന്ന) പർവതം മറ്റാരുടെയെങ്കിലും മേൽ വീണിരുന്നുവെങ്കിൽ അവർ തകർന്നു തരിപ്പണമാകുമായിരുന്നു. ഇരുപതിനായിരം പേരടങ്ങുന്ന ഒരു സൈന്യത്തിന്നെതിരിൽ ഇസ്‌ലാമിക സൈന്യത്തെ അയക്കണമെന്നത് തിരുമേനി, വഫാത്തിനു മുമ്പ് ചെയ്ത കൽപനയായിരുന്നു. മറ്റുള്ളവരുടെ അഭിപ്രായത്തിനു വിരുദ്ധമായി ഹദ്റത്ത് അബൂബക്കർ (റ) ആ സൈന്യത്തെ അയക്കുക തന്നെ ചെയ്തു. അപകടകരമായ അവസ്ഥയിൽ സർവ ശക്തനായ അല്ലാഹു അവന്റെ ശക്തി പ്രകടിപ്പിച്ചു. അവന്റെ വാഗ്ദാനം പൂർത്തീകരിച്ചു കാണിച്ചു.

وَلَيُمَكِّنَنَّ لَهُمْ دِينَهُمُ الَّذِي ارْتَضَى لَهُمْ وَلَيُبَدِّلَنَّهُم مِّن بَعْدِ خَوْفِهِمْ أَمْنًا

(النور 56) അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്കു പ്രബലപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയത്തിനു ശേഷം രക്ഷയും സമാധാനവും അവർക്കു പകരം നൽകുകയും ചെയ്യുന്നതാണെന്നു അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അതനുസരിച്ചു അല്ലാഹു തന്റെ കരങ്ങളിലൂടെ ഖിലാഫത്തിന്റെ ദിവ്യ ശക്തി പ്രകടമാക്കി. അതേ പോലെയുള്ള ഒരു അവസ്ഥയാണ് നമുക്കിപ്പോൾ വന്നിരിക്കുന്നത്. വാഗ്ദത്ത മസീഹിന്റെ മൃതശരീരം ഖബറടക്കുന്നതിനു മുമ്പ് നമ്മിൽ ഒരു ഐക്യവും ഒത്തൊരുമയും ഉണ്ടായിരിക്കണം എന്നാണു ഞാൻ ആഗ്രഹിക്കുന്നത്.

وَلْتَكُن مِّنكُمْ أُمَّةٌ يَدْعُونَ إِلَى الْخَيْرِ

നന്മയിൽ വിളിക്കുന്ന ഒരു വിഭാഗം നിങ്ങളിൽ ഉണ്ടായിരിക്കണമെന്നു അവൻ ഖുർആനിൽ (3:105) പറഞ്ഞിട്ടുണ്ട് അതുകൊണ്ട് ഓർത്തുകൊള്ളുക സകല നന്മകളും ഐക്യത്തിലാണു നിലകൊള്ളുന്നത്. ആർക്കു നേതാവില്ലയോ അവർ മരിച്ചതിനു തുല്യരാകുന്നു.

മരിക്കുന്നതിനു മുമ്പ് നിങ്ങളുടെ കലിമയെല്ലാം തന്നെ ഒന്നായിരിക്കണമെന്നാണു ഞാൻ ആഗ്രഹിക്കുന്നത്. നബി കരീ(സ) മിന്നു ശേഷം ഹദ്റത്ത് അബൂബക്കറിന്റെ കാലത്തു സഹാബാക്കൾക്കു പല കഠിന പ്രയത്നങ്ങളും ചെയ്യേണ്ടി വന്നിട്ടുണ്ട്. അവർ ചെയ്ത ഏറ്റവും മഹനീയവും മഹത്തായതുമായ പുണ്യകർമം ഖുർആന്റെ ക്രോഡീകരണമായിരുന്നു. എന്നാൽ ഈ കാലത്തു ഖുർആന്റെ ക്രോഡീകരണം എന്നു പറഞ്ഞാൽ ഖുർആന്റെ മാർഗ നിർദേശമനുസരിച്ചു പ്രവർത്തിക്കുന്നതിൽ ശ്രദ്ധാലുക്കളാവുക എന്നാണ്.

ഹദ്റത്ത് അബൂബക്കർ (റ) ചെയ്ത മറ്റൊരു പ്രധാന കർത്തവ്യം സക്കാത്ത് പിരിപ്പിക്കലുമായി ബന്ധപ്പെട്ട ഏർപ്പാടുകളാണ്. അതു വളരെ പ്രധാനപ്പെട്ട ഒരു ജോലിയായിരുന്നു. സക്കാത്തുമായി ബന്ധപ്പെട്ട ഏർപ്പാടുകൾക്കു മറ്റുള്ളവരിൽ നിന്നും വളരെ ആത്മാർഥവും ഉന്നതവുമായ അനുസരണം അത്യാവശ്യമാണ്. വേറൊന്നു കുടുംബ പരിപാലനമാണ്. അതിനു ശേഷം ഹുദൂർ പറഞ്ഞു നിങ്ങളുടെ ഇഷ്ടാനിഷ്ടങ്ങൾ എന്തു തന്നെയായാലും ശരി നിങ്ങൾക്കു എന്റെ കൽപനകൾ അനുസരിക്കേണ്ടി വരും. ഇതു നിങ്ങൾക്കു സ്വീകാര്യമാണെങ്കിൽ നിർബന്ധിതമായ ഈ സാഹചര്യത്തിൽ ഞാനീ ഭാരം ഏറ്റെടുക്കുന്നു. ബൈഅത്തിന്റെ പത്തു നിബന്ധനകൾ അതേപോലെ തന്നെ നിലനിൽക്കുകയും തുടരുകയും ചെയ്യും. അതോടൊപ്പം ഖുർആൻ പഠിക്കുന്നതും സക്കാത്ത് പിരിച്ചെടുക്കലും തബ്ലീഗിന്നാവശ്യമായ പ്രചാരകരെ ഒരുക്കുന്നതും സമയാസമയങ്ങളിൽ അല്ലാഹു എന്റെ ഹൃദയത്തിലിടുന്ന മറ്റു കാര്യങ്ങളും ഞാൻ ഇതിനോട് ചേർക്കുന്നു. ദീനിയാത്തു പഠനവും മതപഠനത്തിനുള്ള മദ്റസകളുടേയും കാര്യത്തിൽ എന്റെ ഹിതവും ഇഷ്ടവുമനുസരിച്ച് ചെയ്യേണ്ടി വരും. ഞാൻ ഈ ഭാരം അല്ലാഹുവിനു വേണ്ടി മാത്രമാണു ഏറ്റെടുക്കുന്നത്.

ഹുദൂറിന്റെ വേദന നിറഞ്ഞ ഈ പ്രസംഗത്തിനു ശേഷം ദു:ഖാർത്തരായ സഹാബാക്കൾ എല്ലാവരും ഏക സ്വരത്തിൽ പറയുവാൻ തുടങ്ങി. ഞങ്ങൾ എല്ലാവരും അങ്ങയുടെ എല്ലാ കൽപനകളും ശിരസാ വഹിക്കുന്നതാണ് അങ്ങ് ഞങ്ങളുടെ ഇമാമും മസീഹിന്റെ പ്രതിനിധിയുമാണ്. അങ്ങ് ഞങ്ങളുടെ ബൈഅത്തു സ്വീകരിച്ചാലും. അങ്ങനെ അടുത്തു നിന്നും ദൂരെ നിന്നും എത്തിയിട്ടുള്ളവരും ഖാദിയാൻ നിവാസികളുമായ 1200ഓളം പേർ ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബിനെ ഖലീഫത്തുൽ മസീഹ് അവ്വലായി സ്വീകരിച്ചു കൊണ്ട് ആ പുണ്യാത്മാവിന്റെ തിരുകരങ്ങളിൽ ബൈഅത്തു ചെയ്തു. പുരുഷന്മാരുടെ ബൈഅത്തിനു ശേഷം സ്ത്രീകളും ബൈഅത്തു ചെയ്തു. സ്ത്രീകളിൽ ആദ്യം സയ്യിദത്തുന്നിസാ ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ അമ്മാജാൻ(റ) ആയിരുന്നു ബൈഅത്തു ചെയ്തത്.

### മുഴുവൻ ജമാഅത്തുകൾക്കുമുള്ള അറിയിപ്പ്

പിറ്റേദിവസം 1908 മെയ് 28-ാം തീയതി അൽ ഹക്കം പത്രത്തിന്റെ വിശേഷാൽ പതിപ്പിലൂടെ സദർ അഞ്ചുമൻ അഹ്മദിയ്യായുടെ സെക്രട്ടറിയായിരുന്ന ഖ്വാജാ കമാലുദ്ദീൻ സാഹിബ് ഇന്ത്യയിലെ മുഴുവൻ ജമാഅത്തുകളുടെ അറിവിലേയ്ക്കായി താഴെ പറയുന്ന ഒരു പ്രസ്താവന പ്രസിദ്ധീകരിക്കു

കയുണ്ടായി. അത് ഇപ്രകാരമായിരുന്നു. ഖാദിയാനിൽ ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ ജനാസ നമസ്ക്കരിക്കുന്നതിനു മുമ്പ് ഹുസൂർ അൽ വസിയത്തിൽ നിർദേശിച്ചതനുസരിച്ചും സദർ അഞ്ചുമൻ അഹ്മദിയായിലെ അംഗങ്ങളുടെ കൂടിയലോചന പ്രകാരവും വാഗ്ദത്ത മസീഹിന്റെ ഉറ്റവരുടേയും ഹദ്റത്ത് ഉമ്മുൽ മുഅ്മിനീന്റേയും ഖാദിയാനിൽ ഒരുമിച്ചു കൂടിയിട്ടുണ്ടായിരുന്ന ആയിരത്തി ഇരുനൂറോളം പേരുടെയും ഏകാഭിപ്രായ പ്രകാരവും ഹദ്റത്ത് ഹാജിയുൽ ഹറമൈൻ ശരീഫൈൻ അൽഹാജ് ഹക്കീം മൗലാനാ നൂറുദ്ദീൻ സാഹിബിനെ വാഗ്ദത്ത മസീഹിന്റെ ഖലീഫയായി തെരഞ്ഞെടുത്തതായി അറിയിച്ചു കൊള്ളുന്നു. ആ അവസരത്തിൽ സദർ അഞ്ചുമൻ അഹ്മദിയായുടെ താഴെ പറയുന്ന സെക്രട്ടറിമാർ സന്നിഹിതരായിരുന്നു. മൗലാനാ സയ്യിദ് മുഹമ്മദ് അഹ്സൻ സാഹിബ് അംറോഹി, മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ്, നവാബ് മുഹമ്മദ് അലി ഖാൻ സാഹിബ്, ശേഖ് റഹ്മത്തുല്ലാഹ് സാഹിബ്, മൗലവി മുഹമ്മദ് അലി സാഹിബ് എം എ, ഡോക്ടർ മിർസാ യഅ്കൂബ് ബേഗ് സാഹിബ്, ഡോക്ടർ സയ്യിദ് മുഹമ്മദ് ഹുസൈൻ ശാഹ് സാഹിബ്, ഖലീഫാ റശീദുദ്ദീസാഹിബ്, കൂടാതെ ഈയുള്ളവനും.

വാഗ്ദത്ത മസീഹിന്റെ വിയോഗം വളരെ പെട്ടെന്നായിരുന്നു. സഹോദരന്മാരെ എല്ലാവരേയും യഥാസമയം വിവരമറിയിക്കാൻ വളരെ കുറഞ്ഞ സമയം മാത്രമേ ലഭിച്ചുള്ളൂ. എന്നിരുന്നാലും അമ്പാല, ജലന്ധർ, അമൃതസർ, ലാഹോർ, ഗുജ്റാൻ വാല, വസീറാബാദ്, ജമ്മു, ഗുജ്റാത്ത്, ബട്ടാല, ഗൂദാസ്പൂർ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും ബഹുമാന്യരായ ധാരാളം പേർ എത്തിയിട്ടുണ്ടായിരുന്നു. ഹുസൂർ അലൈഹിസ്സലാത്തു വസ്സലാമിന്റെ ജനാസ നമസ്ക്കാരം ലാഹോറിലും ഖാദിയാനിലും വച്ചു വലിയൊരു ജനാവലിയുടെ സാന്നിദ്ധ്യത്തിൽ നിർവഹിച്ചിട്ടുണ്ടായിരുന്നു. ഈ കത്ത് ജമാഅത്തിലെ മുഴുവൻ അംഗങ്ങളുടെയും അറിവിലേയ്ക്കുള്ളതാണ്. അതിനാൽ ഈ അറിയിപ്പ് ലഭിച്ചയുടൻ എല്ലാവരും തന്നെ നേരിട്ടു വന്നോ കത്തു മുഖേനയോ ഹദ്റത്ത് ഖലീഫത്തുൽ മസീഹിനു ബൈഅത്തു ചെയ്യേണ്ടതാണ്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ വിവരം ലഭിക്കേണ്ടതാമസം മുഴുവൻ ജമാഅത്തും നേരിട്ടോ കത്തു മുഖേനയോ ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്നു ബൈഅത്തു ചെയ്യുകയുണ്ടായി. ഇത്തരത്തിൽ വളരെ ചെറിയ കാലയളവിൽ മുഴുവൻ ജമാഅത്തും ഒരു കൊടിക്കീഴിൽ അണിനിരന്നു. ഈ ജമാഅത്തു ഹദ്റത്ത് മസീഹ് മൗഊദിന്റെ ജീവിതം കാലം വരെ മാത്രമേ ഉണ്ടാവുകയുള്ളുവെന്നും ഹദ്റത്ത് മിർസാ സാഹിബിന്റെ കാലശേഷം ഈ ജമാഅത്ത് നഊദുബില്ലാഹ് നശിച്ചു നാമാവശേഷമാകുമെന്നും ജമാഅത്തിനെ നയിക്കാൻ ആരും ഉണ്ടാവുകയില്ലെന്നും കരുതുകയും ആഗ്രഹിക്കുകയും ചെയ്തിരുന്ന ശത്രുക്കൾ ജമാഅത്ത് വീണ്ടും ഒരു കൈയിൽ ഒരുമിച്ചതു കണ്ട് വളരെയധികം നിരാശരായി.

ഈ അറിയിപ്പിനോടൊപ്പം ബൈഅത്തിന്റെ വാചകങ്ങളും പ്രസ്തുത പ്രസ്താവനയ്ക്കൊപ്പം പ്രസിദ്ധീകരിച്ചിട്ടു ണ്ടായിരുന്നു.

### ബൈഅത്തിന്റെ വാചകങ്ങൾ

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ ചൊല്ലിക്കൊടുത്ത ബൈഅത്തിന്റെ വാചകങ്ങൾ ഇങ്ങനെയായിരുന്നു.

أَشْهَدُ أَنْ لَا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ
لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ

(മൂന്നു പ്രാവശ്യം)

ഇന്നു ഞാൻ നൂറുദ്ദീന്റെ കൈയിൽ വാഗ്ദത്ത മസീഹ് (അ) നിർദേശിച്ച എല്ലാ നിബന്ധനകളോടും കൂടി ബൈഅത്തു ചെയ്യുന്നു. വിശുദ്ധ ഖുർആനും സുന്നത്തും ഹദീസും കേൾക്കാനും പഠിക്കാനും അതനുസരിച്ചു പ്രവർത്തിക്കാനും കഠിനാദ്ധ്വാനം ചെയ്യുമെന്നും എന്റെ കഴിവും സാഹചര്യവുമനുസരിച്ചു ഇസ്‌ലാം മത പ്രചാരണത്തിനായി എന്റെ ജീവനും സ്വത്തുക്കളും അർപണം ചെയ്യുന്നതാണെന്നും സക്കാത്തു നൽകാനുള്ള ഏർപ്പാട് വളരെ ശ്രദ്ധാപൂർവം ചെയ്യുമെന്നും ജമാഅത്തിൽ പരസ്പര സാഹോദര്യവും സ്നേഹവും ഊട്ടിയുറപ്പിക്കുന്നതിനു സാധിക്കുന്നതെല്ലാം ചെയ്യുമെന്നും ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

أَسْتَغْفِرُ اللّٰهَ رَبِّي مِنْ كُلِّ ذَنْبٍ وَأَتُوبُ إِلَيْهِ
رَبِّ إِنِّي ظَلَمْتُ نَفْسِي وَاعْتَرَفْتُ بِذَنْبِي
فَاغْفِرْ لِي ذُنُوبِي فَإِنَّهُ لَا يَغْفِرُ الذُّنُوبَ إِلَّا أَنْتَ

(മൂന്നു പ്രാവശ്യം)

ഞാൻ ചെയ്തു പോയ എല്ലാ പാപങ്ങളിൽ നിന്നും അല്ലാഹുവിനോടു പാപപ്പൊറുതി ചെയ്യുകയും അവനിലേയ്ക്കു പശ്ചാത്തപിച്ചു മടങ്ങുകയു ചെയ്യുന്നു. എന്റെ നാഥാ ഞാൻ എന്റെ ആത്മാവിനോടു അന്യായം പ്രവർത്തിച്ചു പോയി. എന്റെ കുറ്റം ഞാൻ മനസ്സിലാക്കുകയും ചെയ്യുന്നു. അതിനാൽ എന്റെ പാപങ്ങൾ നീ എനിക്കു പൊറുത്തു തരേണമേ. നീയല്ലാതെ മറ്റാരും പൊറുക്കുകയില്ലെന്നത് തീർച്ചയാണ്.

എല്ലാവരുടേയും ബൈഅത്തു പൂർത്തിയായ ശേഷം ഹുസൂർ അൽപ നേരം അവിടെ ഇരുന്നു. പിന്നീട് ഹദ്റത്ത് മിർസാ സുൽത്താൻ അഹ്മദ് സാഹിബിന്റെ ഉടമസ്ഥതയിലുള്ള തോട്ടത്തിൽ കിണറിന്നരികിൽ വച്ച് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ നേതൃത്വത്തിൽ ജനാസാ നമസ്ക്കാരം നിർവഹിക്കപ്പെട്ടു. നമസ്ക്കാരത്തിൽ എല്ലാവരും തന്നെ ഏങ്ങലടിച്ചു കരയുന്നുണ്ടായിരുന്നു. ജനാസാ നമസ്ക്കാര ശേഷം അസർ നമസ്ക്കരിച്ചു. പിന്നീട് എല്ലാവരും അവസാനമായി

നിറകണ്ണുകളോടെ ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ പ്രകാശ പൂരിതമായ ആ മുഖം വരിവരിയായി നീങ്ങികൊണ്ട് അവസാനമായി ദർശിച്ചു. ശേഷം വാഗ്ദത്ത മസീഹിന്റെ ഭൗതിക ശരീരം നിറകണ്ണുകളുടേയും തപ്ത ഹൃദയങ്ങളുടേയും സാന്നിദ്ധ്യത്തിൽ ബഹിശ്ത്തി മഖ്ബറയിൽ കൊണ്ടുവന്നു സംസ്ക്കരിച്ചു.

ഡോക്ടർ അത്തറുദ്ദീൻ സാഹിബ് ദർവേശ് ആ സമയത്തുള്ള ഒരു സംഭവം വിവരിച്ചു കൊണ്ട് പറയുകയാണ്. ഖബറടക്കത്തിനു ശേഷം ഞാൻ ചൗധരി ഫത്തഹ് മുഹമ്മദ് സാഹിബ് സിയാൽ, ശേഖ് മുഹമ്മദ് തൈമൂർ സാഹിബ് എന്നിവരോടൊപ്പം ബഹിശ്ത്തി മഖ്ബറയിൽ നിന്നും തിരിച്ചു വരികയായിരുന്നു. കുറച്ചു മുന്നോട്ടെത്തിയപ്പോൾ പുറകിൽ നിന്നും ആരോ എന്റെ ചുമലിൽ കൈ വച്ചു. ഞാൻ തിരിഞ്ഞു നോക്കിയപ്പോൾ ഞെട്ടിപ്പോയി. അതു ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ആയിരുന്നു. ഹുസൂർ എന്നോടു ചോദിച്ചു. മിയാ അത്തറുദ്ദീൻ, മുഹമ്മദ് അലി സാഹിബ് എനിക്കു ബൈഅത്തു ചെയ്തിരുന്നോ? ഞാൻ പറഞ്ഞു ജീ, ഹുസൂർ അദ്ദേഹം ബൈഅത്തു ചെയ്തിരുന്നു. ഇത്തരത്തിൽ ഹുസൂർ മൗലവി മുഹമ്മദ് അലി സാഹിബിനെ സംബന്ധിച്ചു അന്വേഷിച്ച കാര്യം ഞാൻ അന്നു തന്നെ എന്റെ ചില സുഹൃത്തുക്കളെ സംസാര മദ്ധ്യേ അറിയിക്കുകയുണ്ടായി.

## ഭിന്നിപ്പിന്റെ മുഴക്കങ്ങളും അപസ്വരങ്ങളും

ഖലീഫ തെരഞ്ഞെടുപ്പിലൂടേയും ബൈഅത്തിലൂടെയും അല്ലാഹുവിൽ നിന്നുള്ള രണ്ടാം ശക്തി പ്രഭാവം വെളിപ്പെടുകയും പത്തൊമ്പതു വർഷം മുമ്പ് രൂപപ്പെട്ട അഹ്മദിയ്യത്താകുന്ന കപ്പൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ അവസരോചിതവും ധീരവുമായ കർമ്മ പദ്ധതിയിലൂടെ പെട്ടെന്നു തന്നെ കോളിളക്കത്തിൽ നിന്നും കൊടുംകാറ്റിൽ നിന്നും രക്ഷപ്പെങ്കിലും മുറുമുറുപ്പിന്റേയും ഭിന്നിപ്പിന്റേയും അപശബ്ദങ്ങൾ ചില ഭാഗങ്ങളിൽ നിന്നും കേട്ടു തുടങ്ങിയിരുന്നു.

ബൈഅത്തു നടന്നു കേവലം ആറു ദിവസങ്ങൾ കഴിഞ്ഞതേയുള്ളു, ഖലീഫയുടെ ഉപദേശങ്ങളും നിർദേശങ്ങളും കൽപനകളും ആജ്ഞകളും വാഗ്ദത്ത മസീഹിന്റെ ആജ്ഞകളും നിർദേശങ്ങളും പോലെ തനിക്കും ബാധകമാണെന്നു പറഞ്ഞ ഖ്വാജാ കമാലുദ്ദീൻ സാഹിബ്, സാഹിബ് സാദാ മിയാ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബിനെ കണ്ടപ്പോൾ പറഞ്ഞു മിയാ, ഖലീഫയുടെ അധികാരത്തെ സംബന്ധിച്ചു തിരുത്താൻ പറ്റുന്ന ഒരു തെറ്റു നമുക്കു പറ്റിയിരിക്കുന്നു. അദ്ദേഹം പുതിയ അംഗങ്ങളിൽ നിന്നും ബൈഅത്തു വാങ്ങുകയും നമസ്ക്കാരത്തിനു നേതൃത്വം നൽകുകയും നിക്കാഹ് ചെയ്തു കൊടുക്കുകയും ജനാസ നമസ്ക്കരിപ്പിക്കുകയും ചെയ്താൽ മാത്രം മതി. അതിൽ കൂടുതലായി അദ്ദേഹം ഒന്നും ചെയ്യേണ്ടതില്ല. അതിനു മറുപടിയായി മിയാ മഹ്മൂദ് അഹ്മദ് സാഹിബ് പറഞ്ഞു ഇത്തരം ഒരഭിപ്രായം താങ്കൾ വളരെ വൈകിയാണു ഉന്നയിക്കുന്നത്. താങ്കൾ ബൈഅത്തു ചെയ്യുന്നതിനു മുമ്പ് ഇത് ചിന്തിക്കണമായിരുന്നു. ബൈഅത്തെന്നാൽ പരിപൂർണ അനുസരണമാണെന്നു ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നേരത്തെ തന്നെ യാതൊരു സംശയത്തിനും ഇടം നൽകാത്തവിധം വ്യക്തമാക്കിയിട്ടുണ്ടായിരുന്നു. ഈ ധാരണയിലാണു നാം ബൈഅത്തു ചെയ്തതു. ഇപ്പോൾ ഖലീഫയുമായുള്ള നമ്മുടെ ബന്ധം യജമാനനും ദാസനും തമ്മിലുള്ള ബന്ധം പോലെയാണ്. അതായത് നമുക്കു നമ്മുടെ യജമാനന്റെ അധികാരം നിർവചിക്കാനോ നിർണയിക്കാനോ ഉള്ളഒരവകാശവുമില്ല. ഹദ്റത്ത് മിയാ മിർസാ ബശീറുദ്ദീൻ മഹ്മൂദ് സാഹിബിന്റെ മറുപടി കേട്ടപ്പോൾ തന്റെ വാദഗതികൾ ഇവിടെ വില പോവില്ലെന്നു ഖ്വാജാ സാഹിബിനു മനസ്സിലായി. പിന്നീട് അദ്ദേഹം ഒന്നും പറഞ്ഞില്ല. എന്നാൽ അത് അദ്ദേഹത്തിന്റേയും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന സമാന ചിന്താഗതിക്കാരുടെയും അസഹിഷ്ണുതയുടെ തുടക്കവും മുഴക്കവും മാത്രമായിരുവെന്നു പിന്നീടുള്ള കാലം തെളിയിച്ചു.

## ഖുദ്റത്തെ സാനിയ അഥവാ രണ്ടാം ശക്തി പ്രഭാവം

മുകളിൽ വിവരിച്ച സംഭവത്തിനു പുറമെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ കൈയിൽ ബൈഅത്തു ചെയ്തതിനു ഏതാനും ദിവസങ്ങൾക്കു ശേഷം തന്നെ ഖിലാഫത്തിന്റെ മഹനീയ സ്ഥാനത്തിനു വിരുദ്ധമായി ചിന്തിക്കുകയും സംസാരിക്കുകയും ചെയ്തു കൊണ്ടിരുന്ന സംഘത്തിലെ തല മുതിർന്ന നേതാക്കളായ മൗലവി മുഹമ്മദ് അലി സാഹിബും ഖ്വാജാകമാലുദ്ദീൻ സാഹിബും ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ അൽവസീയത്ത് എന്ന ലഘു കൃതിയിലെ ചില വരികളെടുത്തു തെറ്റായി വ്യാഖ്യാനിച്ചു കൊണ്ട്, ഹദ്റത്ത് സാഹിബിന്റെ വസീയത്തു കൊണ്ട് ഖലീഫ ഒരു വ്യക്തിയായിരിക്കണമെന്നു നിർബന്ധമില്ലെന്നും മസീഹ് മൗഊദ് (അ) അഞ്ചുമനെയാണു ഖലീഫയായി നിയമിച്ചതെന്നും, ഖലീഫയായി ഒരു ജമാഅത്തിനോ സംഘടനയ്ക്കോ പ്രവർത്തിക്കാമെന്നും വാദിച്ചിരുന്നു. അതിനാൽ അദ്ദേഹത്തിന്റെ ആ വാദങ്ങളും നിഗമനങ്ങളും ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്കു തികച്ചും കടക വിരുദ്ധമാണെന്നു കാണിക്കുവാനായി അൽവസീയത്തിലെ ചെറിയൊരു ഭാഗം വിനീതൻ അൽപം വിശദീകരിക്കാൻ ഉദ്ദേശിക്കുകയാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) അൽവസിയത്തിൽ അരുൾ ചെയ്യുകയാണ്. അല്ലാഹു രണ്ടു തരത്തിലുള്ള ദിവ്യശക്തി പ്രഭാവങ്ങളാണു വെളിപ്പെടുത്തുന്നത്. ഒന്നാമതായി അല്ലാഹു പ്രവാചകന്മാരുടെ കരങ്ങളിലൂടെ തന്റെ ശക്തി പ്രഭാവം വെളിപ്പെടുത്തുന്നു. രണ്ടാമതായി പ്രവാചകന്റെ വഫാത്തിനു ശേഷം പ്രയാസങ്ങളെ അഭിമുഖീകരിക്കേണ്ടി വരികയും ശത്രുക്കൾ ശക്തിയാർജ്ജിക്കുകയും പ്രവർത്തനങ്ങളെല്ലാം തന്നെ ചിന്നഭിന്നമായെന്നു കരുതപ്പെടുകയും ചെയ്യുമ്പോൾ അല്ലാഹു തന്റെ അതിമഹത്തായ ദിവ്യ ശക്തി ഒരിക്കൽ കൂടി വെളിപ്പെടുത്തിക്കൊണ്ട് വീണുകൊണ്ടിരിക്കുന്ന ജമാഅത്തിനെ സംരക്ഷിക്കുന്നു. ഹദ്റത്ത് അബൂബക്കർ സിദ്ധീഖി(റ)ന്റെ കാലത്തു അതാണു സംഭവിച്ചത്. ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയുടെ വേർപാട് അകാലത്തുണ്ടായ വേർപാടാണെന്നു കരുതുകയും ദു:ഖഭാരത്താൽ സഹാബാക്കൾ ഭ്രാന്തരെ പോലെയാവുകയും വളരെയേറെ ഗ്രാമീണർ ഇസ്ലാം മതം ഉപേക്ഷിക്കുകയും ചെയ്തപ്പോൾ അല്ലാഹു അബൂബക്കർ സിദ്ധീഖിനെ എഴുന്നേൽപിച്ചുകൊണ്ട് ഇസ്‌ലാമിനെ താങ്ങി നിർത്തി. ഈ വരികളിൽ നിന്നും ഖുദ്റത്തെ സാനിയ (രണ്ടാം ശക്തി പ്രഭാവം) എന്നതു കൊണ്ടുള്ള വിവക്ഷ ഖിലാഫത്താണെന്നും ആ ഖിലാഫത്ത് കേവലം ഒരു വ്യക്തി പ്രതിനിധാനം ചെയ്യുന്ന ഖിലാഫത്താണെന്നും അതൊരു സംഘടനയല്ലെന്നും നമുക്കു മനസ്സിലാക്കാം.

ഖുദ്റത്തെ സാനിയ കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഉദ്ദേശിച്ചതു ഖിലാഫത്തു തന്നെയാണെന്നതിന്റെ രണ്ടാമത്തെ തെളിവ് മസീഹ് മൗഊദ്(അ) സമർപ്പിച്ച ഖുർആനിക വചനങ്ങളാണ്. ഹുസൂർ തന്റെ അൽവസിയ്യത്ത് എന്ന കൃതിയിൽ പറയുക

وَعَدَ اللّٰهُ الَّذِيْنَ اٰمَنُوْا مِنْكُمْ وَعَمِلُوا
الصّٰلِحٰتِ لَيَسْتَخْلِفَنَّهُمْ فِي الْاَرْضِ
كَمَا اسْتَخْلَفَ الَّذِيْنَ مِنْ قَبْلِهِمْ
وَلَيُمَكِّنَنَّ لَهُمْ دِيْنَهُمُ الَّذِي ارْتَضٰى لَهُمْ
وَلَيُبَدِّلَنَّهُمْ مِّنْ بَعْدِ خَوْفِهِمْ اَمْنًا يَعْبُدُوْنَنِيْ
لَا يُشْرِكُوْنَ بِيْ شَيْـًٔا وَمَنْ كَفَرَ بَعْدَ
ذٰلِكَ فَاُولٰٓئِكَ هُمُ الْفٰسِقُوْنَ

(النور 56)

നിങ്ങളിൽ നിന്നു വിശ്വസിക്കുകയും സൽകർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോടു, അവർക്കു മുമ്പുള്ളവരെ ഖലീഫമാരാക്കിയതു പോലെ തീർച്ചയായും അവരേയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്കു പ്രബലപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയത്തിനു ശേഷം രക്ഷയും സമാധാനവും അവർക്കു പകരം നൽകുകയും ചെയ്യുന്നതാണെന്നു അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ എന്നെ മാത്രം ആരാധിക്കുന്നതാണ്. എന്നോടു മറ്റൊന്നിനേയും അവർ പങ്ക് ചേർക്കുകയില്ല. അതിനു ശേഷം ആരെങ്കിലും നിഷേധിക്കുകയാണെങ്കിൽ അവർ തന്നേയാണു ധിക്കാരികൾ

ഈ ആയത്ത് ഉദ്ധരിച്ചു കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുകയാണു ഹദ്റത്ത് അബൂബക്കർ സിദ്ധീഖി (റ) നെ എഴുന്നേൽപിച്ചു കൊണ്ട് അല്ലാഹു കാണിച്ച ശക്തിപ്രഭാവം ഈ ആയത്തിലൂടെയുള്ള വാഗ്ദാനമാണ്. മുൻ സമുദായങ്ങളിൽ വ്യക്തികളായിരുന്നു പ്രാവാചകന്മാരുടെ ഖലീഫമാരായത്. മൂസാ(അ)ക്കും ഈസാ (അ)ക്കും ഖലീഫമാരുണ്ടായതു പോലെ. 'മുമ്പുണ്ടായവർക്കു ഖലീഫമാർ ഉണ്ടായതു പോലെ' എന്ന വാക്ക് ഈ കാര്യം വ്യക്തമാക്കുന്നു. അതു തന്നെയാണു ഹദ്റത്ത് മസീഹ് മൗഊദ്(അ) ഉദ്ദേശിച്ചതും.

മൂന്നാമത്തെ തെളിവ്. വാഗ്ദത്ത മസീഹ് (അ) അരുൾ ചെയ്യുകയാണ്. ആ രണ്ടാം ശക്തി പ്രഭാവം നിങ്ങൾക്കു ലഭിക്കണമെങ്കിൽ ഞാൻ ഇവിടെ നിന്നും പോകണം. അതിനു ശേഷം മാത്രമേ അല്ലാഹു നിങ്ങൾക്കു വേണ്ടി ആ ശക്തിയെ അയക്കുകയുള്ളു. മാത്രവുമല്ല പിന്നീട് അത് എന്നെന്നും നിങ്ങളോടൊപ്പം നില നിൽക്കുകയും ചെയ്യും. ഇതിൽ നിന്നും ആ ഖുദ്റത്തെ സാനിയ കൊണ്ട് ഉദ്ദേശിക്കുന്നത് ഖിലാഫത്തു തന്നെയാണെന്നു മനസ്സിലാക്കം. കാരണം ഹുസൂർ പറയുകയാണ് അതു നിങ്ങൾക്കു ലഭിക്കണമെങ്കിൽ ഞാൻ ഇവിടെ നിന്നു പോകണം. പിന്നീടുണ്ടായ സംഭവങ്ങളും നമുക്ക് അതു തന്നേയാണ് പറഞ്ഞു തരുന്നത്. ഹുദൂറിന്റെ വിയോഗത്തിനു ശേഷം ഉടൻ തന്നെ ജമാഅത്തിൽ ഖിലാഫത്ത് നിലവിൽ വന്നു. ഇതിൽ നിന്നെല്ലാം തന്നെ ഖുദ്റത്തെ സാനിയ കൊണ്ട് ഖിലാഫത്തു തന്നെയാണു ഉദ്ദേശിക്കുന്നതെന്നു മനസ്സിലാക്കാം.



കുറിപ്പുകൾ

# ഉക്രെയ്ൻ – റഷ്യ സംഘർഷം വഴിത്തിരിവിൽ

**മുസാഫിർ**

2022 ഫെബ്രവരി 24 നാണ് റഷ്യ രണ്ടാമതും ഉക്രയ്ൻ അധിനിവേശം നടത്തിയത്. 2014 ഫെബ്രുവരി 20ന് ക്രീമിയയാണ് ആദ്യം ആക്രമിച്ച് കൂട്ടിചേർത്തത്. അതിന് ശേഷമാണ് രണ്ടാമത്തെ ഉക്രയ്ൻ ആക്രമണം. അത് കഴിഞ്ഞ് 7 മാസം പിന്നിടുകയാണ്. ഇതിനകം റഷ്യ കരുതിയത് പോലെയുള്ള ലക്ഷ്യങ്ങൾ നേടാൻ സാധിച്ചിട്ടില്ല എന്നാണ് പൊതുവേ വിലയിരുത്തപ്പെടുന്നത്. വൻ ശക്തിയായ റഷ്യക്ക് തിരിച്ചടി നേരിടുകയും യുദ്ധം ദീർഘമായി നിണ്ടുപോകുകയും ചെയ്യുന്നത് അവർക്ക് കൂടുതൽ അസ്വസ്ഥത യുണ്ടാക്കുകയും സ്വന്തം രാജ്യത്ത് നിന്ന് തന്നെ എതിർപ്പ് വരുകയും ചെയ്യുന്നു. ഇപ്പോൾ ആക്രമിച്ചു കീഴടക്കിയ പ്രവിശ്യകളിൽ റഷ്യ ഹിത പരിശോധന നടത്തി തങ്ങളുടെതാണെന്ന് പ്രഖ്യാപനവും വന്നിരിക്കുന്നു.




സെപ്തംബർ 21-ാം തീയതി റഷ്യൻ പ്രസിഡന്റ് വ്ളാദമീർ പുടിൻ നടത്തിയ ആവർത്തിച്ചു കൊണ്ടുള്ളതും അസാധാരണവുമായ ന്യൂക്ലിയർ യുദ്ധ ഭീഷണി ലോകത്തെയാകമാനം ആശങ്കപ്പെടുത്തുന്നതാണ്. അമേരിക്കയും നാറ്റോ സഖ്യരാജ്യങ്ങളും റഷ്യക്കെതിരെ ന്യൂക്ലിയർ ആയുധങ്ങൾ ഉപയോഗിക്കാനുള്ള സാധ്യതയെ ചൂണ്ടിക്കാട്ടിയാണ് പുട്ടിന്റെ ഭീഷണി. റഷ്യയുടെ അതിർത്തിയെയും രാജ്യത്തെയും ജനതയെയും സംരക്ഷിക്കാൻ തങ്ങളുടെ എല്ലാ ആയുധങ്ങളും പ്രയോഗിക്കാൻ സന്നദ്ധമാണെന്നാണ് പുട്ടിൻ പറഞ്ഞത്. അത് ഒരു പാഴ്വാക്ക് ആയിരിക്കില്ലെന്നും പുട്ടിൻ പറഞ്ഞു. ഡോൺബാസ് മേഖല പിടിച്ചെടുത്ത് റഷ്യയെ സംരക്ഷിക്കാൻ ഏത് ആയുധങ്ങളും പ്രയോഗിക്കാൻ മടിക്കില്ല എന്ന് വളരെ വികാരഭരിതനായി പുടിൻ പ്രഖ്യാപനം നടത്തുമ്പോൾ ചുമമൂലം അദ്ദേഹത്തിന് അസ്വസ്ഥതയുണ്ടാവുകയും നെഞ്ചുവേദന അനുഭപ്പെടുകയും പല തവണ റിക്കാർഡിംങ്ങ്

തടസ്സപ്പെടുകയും ചെയ്തു എന്നാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്. പിന്നീട് 13 മണിക്കൂർ വൈകിയാണ് ആ പ്രസ്താവന പൂർത്തിയാക്കിയത്.

പാശ്ചാത്യ രാജ്യങ്ങൾ ആണവായുധം കാട്ടി റഷ്യയെ ഭീഷണിപ്പെടുത്തുകയാണെന്ന് (Nuclear blackmail) പുടിൻ ആരോപിക്കുന്നത്. ഉക്രയ്ൻ മുഖേന റഷ്യയെ തകർക്കാൻ ശ്രമിക്കുന്ന പാശ്ചാത്യ ശക്തികൾക്കെതിരെ യുദ്ധമുഖത്ത് വൻ സൈനിക തിരിച്ചടി ഉണ്ടാകുമെന്നാണ് റഷ്യ താക്കീത് ചെയ്തിരിക്കുന്നത്. റഷ്യയെ രക്ഷിക്കാൻ തങ്ങളുടെ കൈയ്യിലുള്ള ഏത് ആയുധങ്ങളും പ്രയോഗിക്കാനും മടിക്കില്ല എന്നാണ് റഷ്യൻ പ്രസിഡണ്ട് വ്‌ളാഡിമിൻ പുട്ടിന്റെ ഭീഷണി. അത് ന്യൂക്ലിയർ ആയുധങ്ങളായിരിക്കുമെന്നാണ് വിലയിരുത്തൽ. ഉക്രയ്നിൽ പോരാട്ടം കടുപ്പിക്കുന്നതിനായി 3 ലക്ഷം റിസർവ്വ് സൈനികരോട് ഉടൻ സേവനത്തിനെത്താൻ റഷ്യ ഉത്തരവിട്ടുണ്ട്. 18 നും 65 നും ഇടയിലിലുള്ളവർ രാജ്യം വിടുന്നത് വിലക്കിയിട്ടുണ്ട്. രാജ്യം വിടാൻ ഒട്ടേറെപ്പേർ വിമാന ടിക്കറ്റിന് തിരക്ക് കൂട്ടിയപ്പോൾ പ്രതിരോധ മന്ത്രാലയത്തിന്റെ അനുമതിയില്ലാതെ ടിക്കറ്റ് നൽകരുതെന്ന് റഷ്യൻ എയർലൈൻസ് നിർദ്ദേശിക്കുകയുണ്ടായി. രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം ഏറ്റവും വലിയ സൈനിക നീക്കത്തിനാണ് റഷ്യ ഇപ്പോൾ തയ്യാറെടുക്കുന്നത്. റഷ്യയുടെ ഏറ്റവും വലിയ ആണവവാഹിനി സബ്മറയ്ൻ ബെൽഗറോഡ് യുദ്ധത്തിന് തയ്യാറെടുക്കുകയാണ് എന്നാണ് റിപ്പോർട്ട്. റഷ്യ ന്യൂക്ലിയർ ഭീഷണി മുഴക്കുന്നത് പരാജയപ്പെടുന്നതിന്റെ അടയാളമാണെന്നാണ് ഉക്രയ്ൻ പ്രസിഡണ്ട് സെലൻസ്കിയുടെ പ്രതികരണം.

ന്യൂയോർക്കിൽ നടന്ന യു എൻ പൊതുസഭയിൽ റഷ്യ ഉക്രെയ്നിൽ നടത്തുന്ന ഹിതപരിശോധനയെ കുറിച്ച് സൂചന നൽകിയിരുന്നു. 7 മാസം മുമ്പ് നടത്തിയ അധിനിവേശത്തിൽ ഉക്രെയ്ന്റെ ഏകദേശം 15 മുതൽ 20 ശതമാനത്തോളം വരുന്ന ലുഹാൻസ്ക്, ഡോണെറ്റ്സ്ക്, ഖെർസൺ, സാപൊറീഷ്യ എന്നീ 4 പ്രവിശ്യകൾ അടങ്ങുന്ന റഷ്യൻ അധീനതയിലുള്ള ഡോൺബാസ് മേഖല ഹിതപരിശോധന നടത്തി റഷ്യയോട് കൂട്ടിചേർത്തതായി റഷ്യ പ്രഖ്യാപിച്ചിരിക്കയാണ്. ഈ മേഖല ഇപ്പോൾ റഷ്യൻ സൈന്യത്തിന്റെ അധീനതയിലാണ്. സെപ്തംബർ 23 മുതൽ 27 വരെ ആയിരുന്നു ഹിതപരിശോധന. റഷ്യൻ പട്ടാളത്തിന്റെ സമ്മർദ്ദത്തിലാണ് ഹിതപരിശോധന നടത്തിയതെന്നാണ് സെലൻസ്കിയുടെയും പാശ്ചാത്യ രാജ്യങ്ങളുടെയും ആരോപണം. റഷ്യൻ പട്ടാളം വീടുകളിൽ കയറി നിർബന്ധപൂർവ്വം റഷ്യക്ക് അനുകൂലമായി വോട്ടുചെയ്യിക്കുകയായിരുന്നു എന്നാണ് ആരോപണം. അതേസമയം 2014 ൽ റഷ്യ പിടിച്ചടക്കിയ ക്രൈമിയ ഉൾപ്പെടെയുള്ള പ്രദേശങ്ങൾ തിരിച്ചു നൽകണമെന്നാണ് ഉക്രയ്ന്റെ നിലപാട്.

അതിനിടെ റഷ്യൻ അധിനിവേശ പ്രദേശത്ത് നിന്നും 6000 സ്ക്വകി. മീ സെപ്തംബർ ആദ്യത്തിൽ ഉക്രയ്ൻ തിരിച്ചു പിടിച്ചുവെന്ന് അവകാശപ്പെട്ടിട്ടുണ്ട്. റഷ്യയിൽ നിന്നും തിരിച്ചു പിടിച്ച പ്രദേശങ്ങൾ നിലനിർത്താൻ കൂടുതൽ ഫണ്ടും ആയുധങ്ങളും നൽകാൻ ഉക്രയ്ൻ പാശ്ചാത്യ രാജ്യങ്ങളോട് ആവശ്യപ്പെട്ടുക്കൊണ്ടിരിക്കുകയാണ്. അവരുടെ ആയുധങ്ങളടങ്ങിയ ഷിപ്പ്മെന്റുകൾ ഉക്രയ്നിൽ വന്നുകൊണ്ടിരിക്കുന്നുണ്ട്. റഷ്യയുടെ ഭാഗമായിരുന്നപ്പോഴുള്ള വാഴ്സാസഖ്യത്തിലെ ആയുധങ്ങളായിരുന്നു ആദ്യം ഉക്രയ്ൻ ഉപയോഗിച്ചതെങ്കിലും ഇപ്പോൾ നാറ്റോയുടെ സ്റ്റാന്റേർഡ് ആയുധങ്ങളാണ് അവർക്ക് ലഭിച്ചു കൊണ്ടിരിക്കുന്നതെന്നാണ് റിപ്പോർട്ട്. അതിനിടെ ഉക്രയ്നെതിരായ റഷ്യയുടെ മിസ്സൈൽ ആക്രമണം തടയാൻ, ഗസ്സയിൽ നിന്നുള്ള റോക്കറ്റ് ആക്രമണം തടയുന്ന ഇരുമ്പ് കവചിത ഡോം സിസ്റ്റം ഇസ്റയേലിനോട് ഉക്രെയ്ൻ പ്രസിഡന്റും യഹൂദനുമായ സെലെൻസ്കി ആവശ്യപ്പെട്ടെങ്കിലും ഇസ്റയേൽ അത് നൽകിയിട്ടില്ല.

ഏതായാലും കൊറോണക്ക് ശേഷം ഉക്രയ്ൻ റഷ്യൻ യുദ്ധം മൂലം ലോകത്ത് സാമ്പത്തികവും രാഷ്ട്രീയവുമായ പ്രതിസന്ധികൾ അധികരിച്ചുവരികയാണ്. ഇപ്പോൾ ആണവായുധങ്ങൾ പ്രയോഗിക്കുമെന്ന ഭീഷണി കൂടിയാവുമ്പോൾ ഈ സംഘർഷം എവിടെ ചെന്നവസാനിക്കും എന്ന് ലോകം ആശങ്കപ്പെടുകയാണ്. ഈ അപകടാവസ്ഥ അതിവേഗം പരിഹൃതമാവട്ടെ എന്ന് നമുക്ക് ദൈവത്തോട് പ്രാർത്ഥിക്കാം.

വല്ലവരും അല്ലാഹുവിനേയും ഈ ദൈവദൂതരേയും അനുസരിക്കുന്നതായാൽ അവർ അല്ലാഹു അനുഗ്രഹിച്ചിട്ടുള്ള പ്രവാചകന്മാർ, സത്യാത്മാക്കൾ, രക്തസാക്ഷികൾ, സദ് വൃത്തന്മാർ എന്നിവരുടെ കൂട്ടത്തിൽ ഉൾപ്പെടുന്നതാണ്. ഏറ്റവും നല്ല കൂട്ടുകാരത്രെ അവർ. (വിശുദ്ധ ഖുർആൻ 7:70)

# ഹസ്സൻ കോയാ സാഹിബ്



ജനാബ് ഹസ്സൻ കോയാ സാഹിബ് മസ്തിഷ്ക്കാഘാതത്തെ തുടർന്ന് ഇക്കഴിഞ്ഞ ആഗസ്ത് 15 ന് ഞാറാഴ്ച്ച കണ്ണൂരിൽവെച്ച് നിര്യാതനായി. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി..........

അറിയുന്നവരുടെയെല്ലാം മനസ്സിൽ എന്നും നല്ല ചിത്രങ്ങൾ മാത്രം അവശേഷിപ്പിച്ച് യാത്രയാവുക എന്നത് മഹത്തായ ഒരു ദൈവാനുഗ്രഹമാണ്. അസ്സൂക്ക എന്ന് അടുത്തവരും അറിയുന്നവരുമെല്ലാം സ്നേഹപൂർവ്വം വിളിക്കുന്ന ഹസ്സൻ കോയാ സാഹിബ് അത്തരത്തിലൊരാളായിരുന്നു. ഗൾഫിൽ നിന്നും ദീർഘകാലത്തെ പ്രവാസത്തിന് ശേഷം നാട്ടിൽ സ്ഥിര താമസമാക്കിയതായിരുന്നു. പരേതൻ ജമാഅത്തിന്റെ ഊർജ്ജ്വസ്വലനായ സേവകനും മികച്ച സംഘാടകനുമായിരുന്നു. ഗൾഫിലെ പ്രവാസത്തിന് മുമ്പ് പഴയങ്ങാടി ജമാഅത്തിലെ ഖാഇദായിരുന്നു. ജമാഅത്തിനെയും ഖിലാഫത്തെ അഹ്മദിയായെയും ആത്മാർത്ഥമായി സ്നേഹിച്ചിരുന്ന അദ്ദേഹം ജമാഅത്ത് നിഷ്ക്കർഷിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് ജീവിക്കാൻ ശ്രമിച്ച വ്യക്തിയായിരുന്നു. ഇസ്ലാമിനോടും അഹ്മദിയ്യത്തിനോടും പ്രതികൂല സാഹചര്യത്തിൽ പോലും വിശ്വസ്തതയും കൂറും നിലനിർത്തുകയുണ്ടായി.

വർഷങ്ങളോളം ഗൾഫിലെ ജമാഅത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും സജീവ സാന്നിദ്ധ്യമായിരുന്നു ഹസ്സൻ കോയാ സാഹിബ്. ജമാഅത്തിന്റെ വിവിധ വകുപ്പുകളിൽ സെക്രട്ടറിയായിരുന്ന അദ്ദേഹം ആറ് വർഷക്കാലം ദുബായ് മജ്ലിസ് അൻസാറുല്ലായുടെ പ്രസിഡന്റായിരുന്നു. ദീർഘകാലം യു എ ഇ യിലെ ജുമൈറ ഹൽക്കയുടെ പ്രവർത്തന കേന്ദ്രവും സംഗമസ്ഥലവും അദ്ദേഹത്തിന്റെ വസതിയായിരുന്നു. നമസ്ക്കാര സൗകര്യാർത്ഥം അദ്ദേഹം തന്റെ താമസസ്ഥലത്തിനടുത്ത് മറ്റൊരു വസതി കൂടി വാടകക്കെടുത്ത് വീട് വികസിപ്പിക്കുകയുണ്ടായി. പുതിയ ജുമൈറ സെന്ററിനു ചുറ്റുമുള്ള പൂന്തോട്ടം അദ്ദേഹത്തിന്റെ പരിശ്രമഫലമായിരുന്നു. ജാതി മതഭേദമില്ലാതെ നിരവധി പേരെ അദ്ദേഹം തൊഴിൽപരമായും സാമ്പത്തികമായും സഹായിച്ചിട്ടുണ്ട്. ദുബായ് എം ടി എ സ്റ്റുഡിയോക്കു വേണ്ടി തന്റെ താമസ സ്ഥലത്തിന്റെ ഒരു ഭാഗം അദ്ദേഹം നീക്കിവെച്ചിരുന്നു.

ഖാദിയാനിൽ ദുബൈ ഹൗസ് സ്ഥാപിക്കുന്നതിൽ മർഹൂം നാസിമുദ്ദീൻ സാഹിബിനോടൊപ്പം അദ്ദേഹവും സജീവമായ പങ്കുവഹിച്ചു. അവർ രണ്ടു പേരുമാണ് ജപ്പാൻ വാർഷിക ജൽസയിലും പങ്കെടുത്തത്. ഖാദിയാനിലെ വാർഷിക ജൽസകളിലും ലണ്ടനിലെ യു കെ ജൽസകളിലും അദ്ദേഹം പങ്കുകൊണ്ടിരുന്നു. എല്ലാവിധത്തിലും ഹസ്സൻ കോയാ സാഹിബ് ജമാഅത്തിന്റെ ആത്മാർത്ഥമായ ഒരു ക്ഷേമകാംഷിയും പരോപകാരിയുമായിരുന്നു. അല്ലാഹു അദ്ദേഹത്തിന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ.

**പിതാവ്**: തലശ്ശേരി ടി അബ്ദുറഹ്മാൻ സാഹിബ്. **മാതാവ്**: മൈലാഞ്ചിക്കൽ റാബിയ. **ഭാര്യ**: ശുഹയ്ബ **മക്കൾ**: ഇമാൻ ഹസ്സൻ, ഇമാദ് ഹസ്സൻ, അസ്സാഹ് ഹസ്സൻ **സഹോദരീസഹോദരന്മാർ**: അബ്ദുല്ലാ സുബൈർ, അഹ്മദ്, ആയിശാബി, കുഞ്ഞാമിന, ആബിദ

*എൻ ഇ. ഹഖ്.*

# ആര്യാടന് ആദരാഞ്ജലികൾ



കേരളത്തിലെ കോൺഗ്രസ്സ് പാർട്ടിയുടെ അനിഷേധ്യനായ നേതാവും മതേതര – ജനാധിപത്യ നിലപാടുകളിൽ ഉറച്ച് നിന്ന നേതാവുമായിരുന്ന ജനാബ് ആര്യാടൻ മുഹമ്മദ് 2022 സെപ്തംമ്പർ 25 ന് വിടവാങ്ങി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി...... നിലമ്പൂർ തേക്ക് പോലെ നിലപാടുകളിൽ വേരുറപ്പോടെ നിന്ന നേതാവായിരുന്നു ജനാബ് ആര്യാടൻ. ഭൂരിപക്ഷ ന്യൂനപക്ഷ വർഗ്ഗീയതകളോട് വിട്ടുവീഴ്ച്ചയില്ലാതെ പോരാടിയ മനുഷ്യസ്നേഹിയായിരുന്നു അദ്ദേഹം. ഇസ്ലാമിക മതരാഷ്ട്ര വാദത്തിന്റെ കടുത്ത വിമർശകനായിരുന്നു. മതേതര പുരോഗമനവാദികളെന്ന് അവകാശപ്പെടുന്ന രാഷ്ട്രീയ പാർട്ടിയിലെ മുസ്ലിം നാമധാരികളായ ചില നേതാക്കന്മാർ ഭൂരിപക്ഷ മുസ്ലിം സമൂഹത്തിന്റെ എതിർപ്പ് ഭയന്ന് അഹ്മദിയ്യാ ജമാഅത്തിന്റെ പൊതുപരിപാടികളിൽ പങ്കെടുക്കാൻ ക്ഷണിച്ചാൽ ഒഴിഞ്ഞുമാറലാണ് പതിവ്. എന്നാൽ ധീരനും കാപട്യങ്ങളില്ലാത്ത നേതാവുമായ ആര്യാടൻ മുഹമ്മദ് സാഹിബ് ഏത് സമയവും ജമാഅത്തിന്റെ പരിപാടികളിൽ സംബന്ധിക്കുകയും സ്നേഹാദരങ്ങൾ പ്രകടിപ്പിക്കുകയും ചെയ്ത രാഷ്ട്രീയ നേതാവായിരുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തിൽ മലപ്പുറം ജില്ലാ അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് അമീർ അമീറലി സാഹിബ് അഗാധ ദുഖം രേഖപ്പെടുത്തുകയും ചെയ്തു.

# അസ്മാബി സാഹിബ

കണ്ണൂർ സിറ്റി ജമാഅത്തംഗമായിരുന്ന എൻ. അസ്മാബി സാഹിബ (80) 2022 സെപ്തംബർ 1 ന് വഫാത്തായി. (ഇന്നാലില്ലാഹി)

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ആദ്യമായി കേരളത്തിൽ രൂപം കൊള്ളുമ്പോൾ അതിനു പ്രധാന വേദിയായിരുന്ന കണ്ണൂർ സിറ്റിയിലെ പ്രശസ്തമായ നടുവിലകത്ത് തറവാട്ടിലാണ് ഇടപ്പകത്ത് ഹംസാ സാഹിബിന്റേയും നടുവിലകത്ത് നഫീസാ സാഹിബയുടെയും പുത്രിയായി 1942 ലാണ് അവർ ജനിച്ചത്. സത്യദൂതൻ പത്രാധിപന്മാരായിരുന്ന യശ്ശശരീരനായ മർഹൂം എൻ ഹാമിദ് സാഹിബ് അവരുടെ അമ്മാവനും എൻ അബ്ദുർററഹീം സാഹിബ് സഹോദരനുമാണ്. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ഖിലാഫത്ത് വ്യവസ്ഥയോട് അങ്ങേയറ്റം കൂറും ആദരവുമുണ്ടായിരുന്ന പരേത ദീനിനെ ദുനിയാവിനെക്കാൾ മുൻഗണന നൽകിയ അതീവ ഭക്തയായിരുന്നു. 25 വർഷത്തോളം കണ്ണൂർ സിറ്റി ലജ്നാ ഇമാഇല്ലായുടെ സദറായി സേവനമനുഷ്ഠിച്ചു കൊണ്ട് അവർ ജമാഅത്തിനെ സേവിക്കുകയും സ്നേഹിക്കുകയും ചെയ്തു. 1992 ൽ ലജ്നാ ഇമായില്ലായുടെ പ്രവർത്തന മികവിന് ഖാദിയാനിൽ നിന്നും ബഹുമതിയും അവർക്ക് ലഭിച്ചിട്ടുണ്ട്. 1977 ൽ പരിശുദ്ധ വസിയത്ത് വ്യവസ്ഥയിൽ അംഗമായിരുന്ന അവർ സ്ത്രീകൾ പർദ്ദ ആചരിക്കേണ്ടതിന്റെ പ്രാധാന്യത്തെപറ്റി യുവതലമുറയോട് നിരന്തരം ഊന്നിപ്പറയുകയും പ്രേരിപ്പിക്കുകയും ചെയ്തു.

വിശുദ്ധ ഖുർആനുമായി അവർക്ക് അഗാധമായ ബന്ധമുണ്ടായിരുന്നു. ഒരു മാസം തന്നെ ഒന്നിലേറെ തവണ അർത്ഥ സഹിതം ഓതി പൂർത്തിയാക്കുകയും ചെയ്യുമായിരുന്നു. അതുപോലെ ജമാഅത്തിന്റെ സാഹിത്യങ്ങളും മാസികകളും അതീവ ശ്രദ്ധയോടെ അവർ പരായണം ചെയ്യുകയും ചെയ്യുമായിരുന്നു.

**മക്കൾ**: എൻ ഇജാസുൽ ഹഖ് (ദുബൈ), എൻ. സാലിഹ നസ്രീൻ (കണ്ണൂർ സിറ്റി), എൻ. ശാസിയ പർവീൻ (കോഴിക്കോട്) **മരുമക്കൾ**: മുർശിദ (കണ്ണൂർ സിറ്റി), മുഹമ്മദ് അക്ബർ (അബൂദാബി), സാജിദ് അഹ്മദ് (കോഴിക്കോട്).

**സഹോദരങ്ങൾ**: മർഹൂം എൻ അബ്ദുൾ കരീം (പഴയങ്ങാടി), മർഹൂം എൻ. അബ്ദുർ റഹീം (കണ്ണൂർ സിറ്റി), മർഹൂം എൻ അബ്ദുർറശീദ് (മാത്തോട്ടം). പരേതക്ക് അല്ലാഹും ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ.


***ജുവൈരിയ ഗൌഹർ ശംസ്***

# ആരിഫാ ബി ഖാൻ സാഹിബ

മാത്ര അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് അംഗമായ എസ് ബാവാഖാൻ സാഹിബിന്റെ ഭാര്യ ആരിഫാ ബി ഖാൻ സാഹിബ (69) 10.8.22 ന് വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ.......

മാത്ര ലജ്നാ ഇമാഇല്ലായുടെ പ്രഥമ പ്രസിഡന്റായിരുന്നു. തുടർന്നും നിരവധി തവണ പ്രസിഡന്റായും തിരുവനന്തപുരം ജില്ലാ ലജ്നാ സെക്രട്ടറിയായും സേവനമനുഷ്ഠിച്ചു. കൊല്ലം, പത്തനംതിട്ട ജില്ലകളിലെ വിവിധ സ്കൂളുകളിൽ അദ്ധ്യാപികയായി സേവനം ചെയ്ത ആരിഫാ ബി സാഹിബ മികച്ച സംഘാടകയും വിദ്യാർത്ഥികളുടെ വൈജ്ഞാനികവും ധാർമികവുമായ ശിക്ഷണത്തിൽ ശ്രദ്ധ ചെലുത്തിയ സേവികയുമായിരുന്നു. 1989 ൽ ഭർത്താവിനെ തുടർന്ന് ജമാഅത്തിൽ പ്രവേശിച്ച അവർക്ക് തന്റെ യാഥാസ്ഥിതിക സുന്നി ജമാഅത്തിൽ നിന്ന് കടുത്ത എതിർപ്പികളെ നേരിടേണ്ടി വന്നു. അതെല്ലാം അവർ വിജയകരമായി തരണം ചെയ്തു. അല്ലാഹു പരേതക്ക് ജന്നത്തും മഅ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ. **മക്കൾ**: ജാസ്മിൻ ബി ഖാൻ, (പി ഡബ്ളിയു ഡി), ജാഫർ ഖാൻ (ദുബായ്) **മരുമക്കൾ**: അനീസ് സാഹിബ് ആദിനാട്, നസ്റീൻ സാഹിബ

# എ. പി. ശംസുദ്ദീൻ സാഹിബ് പഴയങ്ങാടി



കണ്ണൂർ, പഴയങ്ങാടി ജമാഅത്തിലെ എ. പി. ശംസുദ്ദീൻ സാഹിബ് 11-2-2022 വെള്ളിയാഴ്ച വൈകുന്നേരം നാലുമണിയോടടുത്ത് വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. 74 വയസ്സായിരുന്നു. പിതാവ് കുണ്ടപ്പൻ-പോലീസ് അബ്ദുർറഹീം സാഹിബ്. മാതാവ് എ.പി.ഫാത്വിമ സാഹിബ. ജന്മനാ അഹ്മദിയായിരുന്നു. പാരമ്പര്യ അഹ്മദിയ്യ കുടുംബത്തിൽപ്പെട്ടവരായിരുന്നു അദ്ദേഹത്തിന്റെ മാതാപിതാക്കൾ. ദീർഘകാലം ഷാർജയിൽ ഡിഫൻസിൽ ജോലി ചെയ്തിരുന്നു.

പി.പി.ത്വാഹിറ സാഹിബയാണ് സഹധർമിണി. പരേതരായ എ.പി. അബ്ദുൽ ഹമീദ്സാഹിബ്, എ.പി. നൂറുദ്ദീൻസാഹിബ്, എ.പി.സൈനുദ്ദീൻ സാഹിബ് എന്നിവരും എ.പി. മുബാറക് അഹ്മദ് സാഹിബുമാണ് സഹോദരങ്ങൾ. മക്കൾ: പി.പി. അബ്ദുർറഹീം, പി.പി.രിഹാന, പി.പി. ശിഹാന. മരുമക്കൾ: റഫീഖ് അഹ്മദ് കണ്ണൂർ ടൗൺ, കെ. മുഹമ്മദു ശരീഫ് കണ്ണൂർ സിറ്റി, മുനവ്വറ സുൽത്വാന പഴയങ്ങാടി.

(മൗലവി മുഹമ്മദു ഇസ്മായീൽ)

# മജ്‌ലിസ് അൻസാറുല്ലാഹ്, കേരള: സംസ്ഥാന ഇജ്തിമ വിജയകരമായി സമാപിച്ചു

ടി എ സുബൈർ സാഹിബ്, ആലപ്പുഴ
(ജനറൽ കൺവീനർ, ഇജ്തിമാ കമ്മിറ്റി)




മജ്‌ലിസ് അൻസാറുല്ലാഹ് 2022 സെപ്തംബർ 10, 12 തിയ്യതികളിൽ കരുനാഗപ്പള്ളിയിൽ നടന്ന ദ്വിദിന സംസ്ഥാന സമ്മേളനം പ്രൗഢ ഗംഭീരമായി സമാപിച്ചു. നാഷണൽ ഹൈവേയുടെ ഓരത്ത് പ്രത്യേകം സജ്ജമാക്കിയ ശിതീകരിച്ച ഇജ്തിമാ ഗാഹിൽ കൊറോണാ നിരോധനങ്ങൾക്ക് ശേഷം ഏറെക്കാലത്തെ ഇടവേള കഴിഞ്ഞ് നടന്ന ഇജ്തിമ അഭൂതപൂർവ്വമായ അൻസാർ സഹോദരന്മാരുടെ സാന്നിദ്ധ്യം കൊണ്ട് ശ്രദ്ധേയമായി. ഏറിയ നാളുകൾ കഴിഞ്ഞുള്ള ഈ സമാഗമത്തിന്റെ സന്തോഷവും ആഹ്ലാദവും എല്ലാവരിലും പ്രകടമായിരുന്നു. ജീവിതത്തിന്റെ മറുപാതിയിലെത്തിയവരുടെ ഈ സംഗമത്തിൽ പഴയ ഇജ്തിമാ ഗാഹുകളിൽ നിറസാന്നിധ്യമായിരുന്ന മൺമറഞ്ഞുപോയ പലരുടെയും അഭാവം ഒരു നൊമ്പരമായി അനുഭവപ്പെട്ടു.

തക്ബീർ ധ്വനിയുടെ അകമ്പടിയോടെ അൻസാറുല്ലാഹ് ഭാരത സദർ മൗലാനാ അതാഉൽ മുജീബ് സാഹിബ് ലോൺ പതാക ഉയർത്തിയതോടെ സമ്മേളനം ആരംഭിക്കുകയുണ്ടായി. ഇജ്തിമ സംഘാടനത്തിന് ഊർജ്ജസ്വലമായ നേതൃത്വം നൽകി ഈ സമ്മേളനം കേരളത്തിലെ അഹ്മദിയ്യാ ചരിത്രത്തിൽ ഒരു അവിസ്മരണീയ സംഭവമാക്കി മറ്റിയതിൽ പ്രധാന പങ്കുവഹിച്ച മജ്‌ലിസ് അൻസാറുല്ലാഹ് സൗത്ത് ഇന്ത്യാ നാഇബ് സദർ എം താജുദ്ദീൻ സാഹിബ് സമ്മേളനത്തിന് സ്വാഗതമാശംസിച്ച് സംസാരിച്ചു. തുടർന്ന് ഭാരത് സദർ സാഹിബ് നടത്തിയ അദ്ധ്യക്ഷ പ്രസംഗത്തിൽ ആത്മീയ നേതൃത്വങ്ങളാണ് മനുഷ്യസമൂഹത്തെ നേർവഴിയിലേക്ക് നയിക്കുന്നത് എന്ന് പറഞ്ഞു. വരും തലമുറക്ക് ശിക്ഷണം നൽകാൻ നാം സ്വയം മാതൃകകളാകണമെന്നും നമ്മുടെ ജീവിതം അപ്രകാരം പരിവർത്തിപ്പിക്കണമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. ഖിലാഫത്ത് വ്യ്‌വസ്ഥിതയുമായി അടുത്ത ബന്ധം സ്ഥാപിക്കണമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. അഹ്മദിയ്യാ



ജമാഅത്തിന്റെ മുഖപത്രമായ സത്യദൂതൻ മാസികയുടെ എഡിറ്റർ എ. എം മുഹമ്മദ് സലീം മുഹമ്മദ് നബിയെക്കുറിച്ചുള്ള ആക്ഷേപങ്ങ ൾക്കുള്ള മറുപടി അഹ്മദിയ്യാ വീക്ഷണത്തിൽ എന്ന വിഷയ ത്തെ കുറിച്ച് സംസാരിച്ചു. തുടർന്ന് 'വർത്തമാന കാല സമസ്യകളും ഖിലാഫത്തിന്റെ അനിവാര്യതയും': മൗലവി മുബഷിർ സാഹിബ്, 'സുഭദ്രമായ കുടുംബ ജീവിതവും യുവതലമുറയുടെ തർബിയ്യത്തും': മൗലവി അബ്ദുസ്സലാം സാഹിബ്, 'സാമ്പത്തിക ത്യഗത്തിന്റെ പ്രാധാന്യവും അനുഗ്രഹങ്ങളും' മൗലവി അമീറുദ്ദീൻ സാഹിബ്, 'ദഅവത്തെ ഇലല്ലാഹ് അൻസാറു കളുടെ കടമ': മൗലവി സൈനുൽ ആബ്ദീൻ, 'വിശുദ്ധ ഖുർആൻ എന്റെ പേരിൽ വന്ന ദൈവത്തിന്റെ കത്ത്': മൗലവി കെ വൈ ശംസുദ്ദീ ൻ സാഹിബ് എന്നിവർ വിഷയ ക്രമത്തിൽ ക്ലാസ്സെടുത്തു. വിവിധ സെഷനുകളിൽ വിവിധ ജില്ലാ അമീർമാർ അധ്യക്ഷത വഹിച്ചു. സമ്മേളനത്തോടനുബന്ധിച്ച് ഇബ്നു വഫാ സാഹിബ് ബേപ്പൂർ രചിച്ച 'ബിലാൽ പറഞ്ഞ കഥ' എന്ന പുസ്തകം പ്രകാശനം ചെയ്തു. ആരോഗ്യ പരിപാടിയിൽ ഡോ. ശരീഫ് അഹ്മദ് ചോദ്യങ്ങൾ ക്ക് മറുപടി പറഞ്ഞു.

വിവിധ വൈജ്ഞാനിക കായിക മത്സരങ്ങൾ നടക്കുകയുണ്ടായി. ഭാരത് സദർ അത്താഉൽ മുജീബ് സാഹിബ് ലോൺ അദ്ധ്യക്ഷത വഹിക്കുകയും മത്സര വിജയികൾ ക്ക് സമ്മാനം വിതരണം ചെയ്യുക യും ചെയ്തു. സമാപന സമ്മേളന ത്തിൽ നാഇബ് സദർ അൻസാറുല്ലാ താജുദ്ദീൻ സാഹിബ് കൊല്ലം ജില്ലാ അമീർ അബ്ദുല്ലാ സാഹിബ് എന്നിവർ പ്രസംഗിച്ചു. ജനറൽ കൺവീനർ ടി. കെ സുബൈർ സാഹിബ് നന്ദിയും പറഞ്ഞു. 911 അൻസാർ പ്രതിനിധികൾ സമ്മേള നത്തിൽ പങ്കെടുത്തു. അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ നിന്നും 30 പ്രതിനിധികളും പങ്കെടു ത്തു.

# മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ – അത്ഫാലുൽ അഹ്മദിയ്യാ സംസ്ഥാന ഇജ്തിമ

മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ-അത്ഫാലുൽ അഹ്മദിയ്യാ സംസ്ഥാന ഇജ്തിമ സെപ്തംബർ 24, 25 തീയതികളിൽ കോഴിക്കോട് ബൈത്തുൽ ഖുദ്ധൂസിൽ വെച്ച് നടന്നു. മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് സദർ കെ.താരീക് അഹ്മദ് സാഹിബ് ഉദ്ഘാടനം നിർവഹിച്ചു. കുട്ടികളുടെയും യുവാക്കളുടെയും കായിക മത്സരങ്ങളും വൈജ്ഞാനിക മത്സരങ്ങളും നടത്തുകയുണ്ടായി.





മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സംസ്ഥാന ഇജ്തിമയോടനുബന്ധിച്ച് നടന്ന "Answering Atheism" എന്ന ചോദ്യോത്തരവേദിയിൽ ഒ. താഹിർ അഹ്മദ് സാഹിബ് നിയന്ത്രിക്കുകയും മൗലവി സി.പി. സുൽത്താൻ നസീർ സാഹിബ്, മൗലവി ടി. അമീറുദ്ദീൻ സാഹിബ്, സത്യദൂതൻ പത്രാധിപർ എ.എം. മുഹമ്മദ് സലീം സാഹിബ്, ഇ.എച്ച്. നജീബ് സാഹിബ് തുടങ്ങിയവർ ചോദ്യങ്ങൾക്ക് മറുപടി പറയുകയും ചെയ്തു.

Published on 07.10.2022 Pages 44 Vol: 94 Issue. 10
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2021-23
Licence No. KL/CR/EKM/WPP-5/2021-23. Licensed to post Without Prepayment
The Sathyadoothan Monthly



# സത്യദൂതൻ
## 97 –ാം വർഷത്തിലേക്ക്

# സത്യദൂതൻ: വരിസംഖ്യ അയക്കാൻ പുതിയ സംവിധാനം

ബഹുമാന്യരെ, 1925 ൽ ആരംഭിച്ച സത്യദൂതൻ ഒരു നൂറ്റാണ്ട് പൂർത്തിയാക്കാൻ ഇനി മൂന്ന് വർഷം മാത്രമാണ് അവശേഷിക്കുന്നത്. മലയാള പൊതുസാഹിത്യ മണ്ഡലത്തിൽ തന്നെ സത്യദൂതനോളം പഴക്കമുള്ള മാസിക അപൂർവ്വമാണ്. സത്യദൂതന് മാത്രം സ്വന്തമായ ചരിത്രപൈതൃകം!! അൽഹംദുലില്ലാഹ്

സത്യദൂതന്റെ പുതുവർഷത്തേക്കുള്ള വരിസംഖ്യയും, കുടിശ്ശികയും വായനക്കാർക്ക് നേരിട്ട് നൽകാൻ ഇപ്പോൾ സാദ്ധ്യമാവും. **QR code** വഴി **G Pay, Phone Pe, Paytm** എന്നീ ആപ്പുകൾ ഉപയോഗിക്കാം. മെസ്സേജിൽ വരിക്കാരുടെ നമ്പറും (Subscription No.) ഫോൺ നമ്പറും എഴുതണം. പണം അയച്ചു കഴിഞ്ഞാൽ അതിന്റെ സ്ക്രീൻ ഷോർട്ട് താഴെ കൊടുത്ത അതേ നമ്പറിൽ തന്നെ വാട്സ് ആപ് ചെയ്യാൻ മറക്കരുത്. ലൈബ്രറികളിലേക്കും വായനാശാലകളിലേക്കും അയക്കാൻ താൽപര്യമുള്ളവർ ഒന്നോ, രണ്ടോ അതിലധികമോ കോപ്പികൾ സ്പോൺസർചെയ്യാനും അഭ്യർത്ഥിക്കുന്നു. രശീതി ഉടൻതന്നെ അയച്ചു തരുന്നതാണ്. പ്രാർത്ഥനയോടെ പൂർണ്ണ സഹകരണം പ്രതീക്ഷിക്കുന്നു.

**Phone No: 9447086862 (G. Pay)**

വാർഷിക വരിസംഖ്യ 300 രൂപ.

ISLAM INTERNATIONAL PUBLICATIONS
Scan and pay with any BHIM UPI app
G Pay PhonePe Paytm

മാനേജർ, സത്യദൂതൻ
മസ്ജിദ് ഉമർ, സെന്റ് ബെനഡിക്ട് റോഡ്
എറണാകുളം.

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim